

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

.....ഒന്നാമത്.... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.1 (നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

.....ഇരുപത്തൊന്നാമത്..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.1 (നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1
അനുബന്ധം I പ്രധാനപ്പെട്ട നിഗമനങ്ങളും /ശിപാർശകളും	:	71
അനുബന്ധം II ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി	:	74

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2026-28) യുടെ ...അഞ്ചാമത്... റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.1 (നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

ഓഡിറ്റ് ഖണ്ഡിക

നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം

മുഖ്യസാരം

സംസ്ഥാനത്ത് ഖരമാലിന്യ പരിപാലന സേവനങ്ങൾ നൽകുന്നതിനുള്ള പ്രാഥമിക ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന സേവനങ്ങളെ സംബന്ധിച്ച വകുപ്പുകൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വിശദമാക്കിയിട്ടുണ്ട്. 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ (എംഎസ്ഡബ്ള്യൂ) പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിലെ ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, സംഭരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയുടെ ചുമതല മുനിസിപ്പൽ അധികാരികളെ ഏൽപ്പിച്ചിരിക്കുന്നു. നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യുഎൽബി) ഖരമാലിന്യ പരിപാലനത്തെക്കുറിച്ച് നടത്തിയ ഒരു അവലോകനത്തിൽ, പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും മാലിന്യങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങളെ സംബന്ധിച്ച് എംഎസ്ഡബ്ള്യൂ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ചുമതലകൾ നിറവേറ്റുന്നതിൽ യുഎൽബികൾക്കും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും ഉണ്ടായ പരാജയം, മതിയായ സംരക്ഷണമില്ലാതെ തൊഴിലാളികൾ മാലിന്യം കൈകാര്യം ചെയ്യുന്നത്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിക്കാത്തത്, കാര്യക്ഷമമായ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ഉപകരിക്കത്തക്കവിധം ഉത്ഭവ സ്ഥാനത്തുതന്നെ മാലിന്യങ്ങൾ വേർതിരിക്കാതിരുന്നത്, അശാസ്ത്രീയവും

അനാരോഗ്യപരവുമായ രീതിയിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത്, നിക്ഷേപ കേന്ദ്രങ്ങളിൽ മാലിന്യം കൂന്നുകൂടുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം എന്നിവ വെളിപ്പെട്ടു. ഖരമാലിന്യ പരിപാലനത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ വ്യാപ്തി നിർണ്ണയിക്കുന്നതിനായി ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ ഘടനയും അളവും സംബന്ധിച്ച യാതൊരു രേഖകളും ലാക്ഷണിക പരിശോധന നടത്തിയ മുനിസിപ്പാലിറ്റികൾ സൂക്ഷിച്ചിരുന്നില്ല. ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളിൽ ശേഖരിച്ച മാലിന്യം ഉത്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ 18-നും 85 ശതമാനത്തിനും ഇടയിലായിരുന്നു. എംഎസ്ഡബ്ല്യൂ ചട്ടങ്ങൾ അനുശാസിക്കുന്ന പോലെ കുഴിച്ചുമൂടൽ നടത്തിയ പ്രദേശങ്ങളിലും ചുറ്റുപാടുമുള്ള ഭൂഗർഭജലം, ഉപരിതല ജലം, അന്തരീക്ഷവായു എന്നിവയുടെ ഗുണനിലവാരവും, കമ്പോസ്റ്റിംഗ്, മാലിന്യത്തിൽ നിന്നും ഒഴുകിവരുന്ന ജലം (ലീച്ചെറ്റ്), ഇൻസിനറേഷൻ എന്നിവയുടെ നിലവാരവും ഉറപ്പാക്കുന്നതിന് ഒരു സംവിധാനവും യുഎൽബി കളിൽ ഇല്ലായിരുന്നു. പെരുമ്പാവൂർ, ചേർത്തല, ചാവക്കാട് എന്നീ മുനിസിപ്പാലിറ്റികൾ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാതെ കുഴിച്ചു മൂടൽ പ്രക്രിയ അവലംബിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിന് യുഎൽബികളിൽ ഏർപ്പാടാക്കിയിരിക്കുന്ന സൗകര്യങ്ങൾ എംഎസ്ഡബ്ല്യൂ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന നിലവാരത്തിന് അനുയോജ്യമായവയാണെന്നും, മാലിന്യ നിർമ്മാർജ്ജനം നടത്തുന്നത് പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും മതിയായ ജാഗ്രതയോടെയാണെന്നും ജില്ലാ കളക്ടർമാർ ഉറപ്പാക്കിയിരുന്നില്ല. യുഎൽബി കൾക്ക് നൽകിയ ഫണ്ടുകൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതല ശുചിത്വ മിഷനെ ഏൽപ്പിച്ചിരുന്നെങ്കിലും പദ്ധതികളുടെ നിർവ്വഹണത്തിന്റെ യഥാർത്ഥ നിലയെ കുറിച്ചുള്ള വിവരങ്ങൾ അവരുടെ കൈവശം ലഭ്യമായിരുന്നില്ല.

3.1.1 ആമുഖം

ശരിയായ വിധം കൈകാര്യം ചെയ്യാതിരിക്കുകയോ നിർമ്മാർജ്ജനം നടത്താതിരിക്കുകയോ ചെയ്താൽ മാലിന്യം പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിനും ഭീഷണിയാകുന്നു. മാലിന്യം ജലസ്രോതസ്സുകളിൽ എത്തുമ്പോൾ ഉപരിതല ജലവും ഭൂഗർഭജലവും മലിനമാകുന്നു. മാലിന്യങ്ങളിൽ നിന്നുള്ള അവശിഷ്ടം ജലത്തിന്റെ രാസഘടനയെ മാറ്റുകയും എല്ലാ തലത്തിലുമുള്ള ജീവജാലങ്ങളെയും ബാധിക്കുകയും ചെയ്യുന്നു. മാലിന്യം ഉണ്ടാക്കുന്ന ഒരു പ്രത്യേക പാരിസ്ഥിതിക അപകടം ആണ് 'ലീച്ചെറ്റ്" അതായത്, മലിന കൂമ്പാരങ്ങളിൽ കൂടി ജലം ഒലിച്ചിറങ്ങുമ്പോൾ രാസപദാർത്ഥത്തോടുകൂടി ഊർന്നിറങ്ങി ഉണ്ടാകുന്ന ദ്രാവകം. മാലിന്യം കുഴിച്ചു മൂടൽ നടത്തിയ പ്രദേശത്തു നിന്നും, മാലിന്യ സംസ്കരണ പ്ലാന്റുകളിൽ നിന്നും, മാലിന്യ നിർമ്മാർജ്ജന സ്ഥലങ്ങളിൽ നിന്നുമുള്ള ലീച്ചെറ്റിന്റെ ഒഴുക്ക് ഹാനികരമായ പദാർത്ഥങ്ങൾ ഉപരിതല ജലത്തിലും, ഭൂഗർഭജലത്തിലും, മണ്ണിലും കടക്കുന്നതിൽ കലാശിക്കും. ഇൻസിനറേറ്റർ, മാലിന്യം കത്തിക്കുന്ന മറ്റ് ഉപകരണങ്ങൾ, കുഴിച്ചുമൂടൽ നടത്തിയ പ്രദേശം എന്നിവയിൽ നിന്നുള്ള വമിക്കൽ വായു മലിനീകരണം ഉണ്ടാക്കുന്നു. ഗ്രീൻ ഹൗസ് വാതകങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ഒരു വലിയ ഉറവിടമാണ് കുഴിച്ചു മൂടൽ നടത്തപ്പെട്ട പ്രദേശങ്ങൾ (ലാൻഡ് ഫില്ലുകൾ). ലാൻഡ് ഫില്ലുകളിൽ ജൈവമാലിന്യങ്ങൾ ജീർണ്ണിക്കുമ്പോൾ ഇവ പുറപ്പെടുവിക്കപ്പെടുന്നു. അങ്ങനെ മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതിരുന്നാൽ പരിസ്ഥിതിയ്ക്കും അതു പോലെ പൊതുജനാരോഗ്യത്തിനും പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

സംസ്ഥാനത്തെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 819 ആളുകളാണ്. അഖിലേന്ത്യാ ശരാശരി 363 ആണ്. നഗരപ്രദേശങ്ങളിലെ ശരാശരി ജനസാന്ദ്രത


ചതുരശ്ര കിലോമീറ്ററിന് 2996 ആളുകളാണ്. അതിവേഗത്തിലുള്ള നഗരവൽക്കരണവും ഉയർന്ന ജനസാന്ദ്രതയും മൂലം മുനിസിപ്പൽ ഖരമാലിന്യ പരിപാലന മേഖലയിൽ സംസ്ഥാനം കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. ഇത് സംസ്ഥാനത്തിന്റെയും അതിന്റെ ഏജൻസികളുടെയും ധനവിഭവങ്ങളെ ഗുരുതരമായ സമ്മർദ്ദത്തിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലേയും നഗരപ്രദേശങ്ങളിലേയും ഖരമാലിന്യ പരിപാലനത്തിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യുഎൽബികൾ) ഖരമാലിന്യ പരിപാലനത്തെ സംബന്ധിക്കുന്ന വകുപ്പുകൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വിവരിച്ചിട്ടുണ്ട്. മുനിസിപ്പൽ ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, സംഭരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നീ ചുമതലകൾ മുനിസിപ്പാലിറ്റിയുടെ അധികാരികളെ ഏൽപ്പിച്ചുകൊണ്ടുള്ള 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ (എംഎസ്ഡബ്ല്യൂ ചട്ടങ്ങൾ) ഭാരത സർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട് (2000 സെപ്റ്റംബർ). ഈ നിയമവും ചട്ടങ്ങളും അനുസരിച്ച് യുഎൽബികൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് (എസ്പിസിബി), ജില്ലാ കളക്ടർമാർ എന്നിവരെ പ്രത്യേക ചുമതലകളും, പങ്കും ഉത്തരവാദിത്വങ്ങളും ഏൽപ്പിച്ചിട്ടുണ്ട്.

3.1.2 ഘടനാ നില

ഖരമാലിന്യ പരിപാലന സൗകര്യങ്ങളും സേവനങ്ങളും ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമുള്ള സമൂഹത്തിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും

ചുമതലയും പരിപാലന ശേഷിയും ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ക്ളീൻ കേരള മിഷന് രൂപം നൽകി (2003 ഫെബ്രുവരി). 2008 ജനുവരിയിൽ സർക്കാർ ക്ളീൻ കേരള മിഷനെ കേരള സംപൂർണ്ണ ശുചിത്വ ആരോഗ്യ മിഷനുമായി സംയോജിപ്പിക്കുകയും ശുചിത്വ മിഷൻ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. ഇതിന്റെ തലപ്പത്ത് ഒരു എക്സിക്യൂട്ടീവ് ഡയറക്ടറും അദ്ദേഹത്തെ സഹായിക്കാൻ നാല് ഡയറക്ടർമാരുമുണ്ട്. ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിന് യുഎൽബികൾക്ക് സാങ്കേതികവിദ്യ പരിപോഷിപ്പിക്കുന്നതിനുള്ള സഹായം നൽകുന്നതിനുള്ള ചുമതല ഖരമാലിന്യ പരിപാലന ഡയറക്ടറെ ഏൽപ്പിച്ചിരിക്കുന്നു. ശുചിത്വ മിഷന്റെ ഭരണവും നിയന്ത്രണവും ഒരു ഗവേണിംഗ് ബോഡിയെ ഏൽപ്പിച്ചിരിക്കുന്നു. യുഎൽബികൾ വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും അവ സാങ്കേതിക അനുമതിയ്ക്കായി ശുചിത്വ മിഷന് സമർപ്പിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ പ്രായോഗികക്ഷമത സൂക്ഷ്മപരിശോധന നടത്തിയ ശേഷം ശുചിത്വ മിഷൻ അവ സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിക്കുകയും അവിടെനിന്ന് പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്യുന്നു. യുഎൽബികൾ സർക്കാർ അംഗീകൃത സേവനദാതാക്കൾ/ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കുന്നു. എംഎസ്ഡബ്ല്യു ചട്ടങ്ങളുമായുള്ള അനുവർത്തനം എസ്പിസിബി മേൽനിരീക്ഷണം നടത്തുന്നു. എംഎസ്ഡബ്ല്യു ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള മൊത്തത്തിലുള്ള ചുമതല ജില്ലാ കളക്ടർമാർക്കാണ്.



3.1.3 ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവ പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ :

- സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കൃത്യമായി നിർണ്ണയിച്ചിട്ടുണ്ടോ എന്നും മാലിന്യം പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും ഉണ്ടാക്കുന്ന അപകടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;
- ഈ പ്രക്രിയയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഏജൻസികളെ കണ്ടെത്തുകയും മാലിന്യ പരിപാലനത്തിന് വ്യക്തമായ ചുമതലയും ഉത്തരവാദിത്വവും അവയ്ക്ക് നൽകുകയും വിവിധ ഉത്തരവാദിത്വ കേന്ദ്രങ്ങൾ തമ്മിൽ പൊരുത്തക്കേടോ / വിടവുകളോ / ഇരട്ടിപ്പോ ഉണ്ടായിരുന്നോ ;

- മുനിസിപ്പൽ ഖരമാലിന്യം സംബന്ധിച്ച ചട്ടങ്ങളുടെ അനുവർത്തനം നടക്കുന്നുണ്ടോ എന്നും അനുവർത്തനമില്ലായ്മ പരിശോധിക്കുന്നതിനുള്ള മേൽനിരീക്ഷണ സംവിധാനം ഫലപ്രദമായിരുന്നോ ;
- ചട്ടങ്ങൾ നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും ധനലഭ്യതയും പര്യാപ്തമായിരുന്നോ എന്നും ധനം/അടിസ്ഥാന സൗകര്യം ഇവ മിതവ്യയത്തോടെയും ഫലപ്രദമായും കാര്യക്ഷമമായും ഉപയോഗിച്ചിരുന്നോ.

3.1.4 ഓഡിറ്റിന്റെ മാനദണ്ഡം

താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് ഓഡിറ്റ് സ്വീകരിച്ചത് :

- 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പുകൾ
- 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ എന്നിവ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, മാർഗ്ഗരേഖകൾ
- ഖരമാലിന്യ പരിപാലനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ, നിർദ്ദേശങ്ങൾ, നയപരിപാടികൾ
- മുനിസിപ്പൽ ഖരമാലിന്യ പരിപാലന മാന്വൽ

3.1.5 ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും

സംസ്ഥാനത്തെ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകൾ എടുത്തിട്ടുള്ള ഖരമാലിന്യ പരിപാലന നടപടികൾ എത്രമാത്രം ഫലപ്രദമായിരുന്നു എന്നതിനെക്കുറിച്ചുള്ള ഒരു അവലോകനം 2004-ൽ നടത്തുകയും അതിലെ കണ്ടെത്തലുകൾ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ (തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ) ഖണ്ഡിക 3.2 ആയി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഖണ്ഡിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2009 നവംബറിൽ ചർച്ചചെയ്തു. അവരുടെ ശുപാർശകൾ വന്നിട്ടില്ല.

മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അധികാര പരിധിയിൽ വരുന്ന പ്രദേശത്തെ ഖരമാലിന്യ ശേഖരണം, വേർതിരിക്കൽ, സംഭരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്ന "നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം" എന്ന ഇപ്പോഴത്തെ പ്രവർത്തനക്ഷമതാ ഓഡിറ്റ് 2010 ഏപ്രിലിനും 2010 ജൂലൈയ്ക്കും ഇടയിൽ നടത്തി. തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിലെ രേഖകളുടെ ലാക്ഷണിക പരിശോധനയും തദ്ദേശ സ്വയംഭരണ വകുപ്പ്, ഒൻപത് ജില്ലാ കളക്ടറേറ്റുകൾ[1], ശുചിത്വ മിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിൽ നിന്നുള്ള വിവര ശേഖരണം എന്നിവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി. യുഎൽബികളിലെ ഉദ്യോഗസ്ഥരുമായുള്ള ചർച്ചകളും സ്ഥല പരിശോധനയും ഇതിൽ ഉൾപ്പെട്ടിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2010 ജൂണിൽ ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തി. ഓഡിറ്റിന്റെ രീതി, വ്യാപ്തി, ഓഡിറ്റിന്റെ മറ്റ് അവശ്യകാര്യങ്ങൾ എന്നിവ യോഗത്തിൽ വിശദീകരിച്ചു തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2011 ഫെബ്രുവരിയിൽ ഒരു അന്തിമ കൂടിക്കാഴ്ച നടത്തി. ഓഡിറ്റിന്റെ നിഗമനങ്ങളും ശുപാർശകളും പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തു.

1 തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർകോട്

3.1.6 സാമ്പിൾ തെരഞ്ഞെടുക്കൽ

58 യുഎൽബികളിൽ 15 എണ്ണം[2] സ്റ്റാറ്റിസ്റ്റിക്കൽ സാംപ്ലിംഗ് (പ്രോബബിലിറ്റി പ്രൊപ്പോർഷണൽ ടു സൈസ് വിത്ത് ഔട്ട് റീപ്ലെയ്സ്മെന്റ്) മുഖാന്തരം തെരഞ്ഞെടുത്തു. ഇതിനു പുറമെ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചതനുസരിച്ച് ചേർത്തല മുനിസിപ്പാലിറ്റിയെയും പഠനത്തിന് ഉൾപ്പെടുത്തിയിരുന്നു.

ഓഡിറ്റിന്റെ കണ്ടെത്തലുകൾ

3.1.7 മാലിന്യ ഉത്പ്പാദനത്തിന്റെ നിർണ്ണയം

ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിനെയും ഘടനയെയും കുറിച്ചുള്ള വിവരം ഖരമാലിന്യ പരിപാലനത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ വ്യാപ്തിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. എംഎസ്ഡബ്ല്യു ചട്ടങ്ങൾ പ്രകാരം ഉത്പ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ ഘടനയും അളവും സംബന്ധിച്ച വിവരങ്ങൾ എല്ലാ യുഎൽബികളും വർഷം തോറും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ അറിയിക്കേണ്ടതാണ്. ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ഘടനയും അളവും സംബന്ധിക്കുന്ന യാതൊരു രേഖയും സൂക്ഷിച്ചിരുന്നില്ല. എന്നാൽ 2005-06 മുതൽ 2009-10 വരെ ഉത്പ്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ ഒരു ഉദ്ദേശകണക്ക് യുഎൽബികൾ ഓഡിറ്റിന് നൽകുകയുണ്ടായി. യുഎൽബികളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിനെ സംബന്ധിച്ച വിശ്വസനീയമായ വിവരങ്ങളുടെ അഭാവത്തിൽ ഡബ്ല്യുഎസ്പി[3]യിൻ കീഴിൽ ഖരമാലിന്യ പരിപാലനത്തെ സംബന്ധിച്ച സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്ഇയുഎഫ്) നടത്തിയ പഠന റിപ്പോർട്ട് (2006) ആണ് ഓഡിറ്റ് സ്വീകരിച്ചത്. ആ റിപ്പോർട്ട് പ്രകാരം, പ്രതിദിന ആളോഹരി മാലിന്യ ഉത്പ്പാദനം മുനിസിപ്പാലിറ്റികളിൽ 300 ഗ്രാമും

2 അടൂർ, ആലപ്പുഴ, അങ്കമാലി, ആറ്റിങ്ങൽ, ചാവക്കാട്, കാസർകോട്, കാഞ്ഞങ്ങാട്, കോഴിക്കോട്, മലപ്പുറം, പയ്യന്നൂർ, പെരിന്തൽമണ്ണ, പെരുമ്പാവൂർ, തളിപ്പറമ്പ, തിരൂർ, തൃശ്ശൂർ

3 ലോകബാങ്കിന്റെ ജലവും ശുചീകരണവും പദ്ധതി

കോർപ്പറേഷനുകളിൽ 400 ഗ്രാമുമായിരുന്നു. യുഎൽബികൾ നൽകിയ കണക്കും എസ്ഇയുഎഫ്-ന്റെ പഠന റിപ്പോർട്ട് പ്രകാരം ഉണ്ടാക്കിയ കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് പട്ടിക 3.1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1 : ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളിൽ ഉൽപ്പാദിപ്പിക്കപ്പെട്ട മാലിന്യം

യുഎൽബിയുടെ പേര്	ജനസംഖ്യ (2001)	എസ്ഇയുഎഫ് റിപ്പോർട്ട് പ്രകാരം ഉത്പ്പാദിപ്പിക്കപ്പെട്ട മാലിന്യം (മെട്രിക് ടണ്ണിൽ)	യുഎൽബികൾ റിപ്പോർട്ട് ചെയ്ത മാലിന്യത്തിന്റെ അളവ് (മെട്രിക് ടണ്ണിൽ)				
			2005-06	2006-07	2007-08	2008-09	2009-10
അടൂർ	28952	8.68	6.66	6.68	6.70	6.71	6.73
ആലപ്പുഴ	177029	53.11	45-50	45-55	50.00	55.00	60.00
അങ്കമാലി	33409	10.02	8.00	8.00	8.00	8.50	9.00
ആറ്റിങ്ങൽ	33831	10.15	16.50	16.50	18.00	18.00	19.00
ചാവക്കാട്	38138	11.44	8.00	8.25	8.50	8.60	9.00
ചേർത്തല	45102	13.53	9.00	9.50	10.00	10.50	11.00
കാഞ്ഞങ്ങാട്	65503	19.65	20.00	20.00	20.00	20.00	20.00
കാസർകോട്	52683	15.80	12.00	13.00	13.00	15.00	15.00
കോഴിക്കോട്	440000	176.00	300.00	300.00	300.00	300.00	300.00
മലപ്പുറം	58491	17.55	10.00	10.00	15.00	15.00	15.00
പയ്യന്നൂർ	68711	20.61	4.50	4.70	5.00	5.50	6.00
പെരിന്തൽമണ്ണ	44612	13.38	15.00	15.00	17.00	17.00	17.00
പെരുമ്പാവൂർ	26547	7.96	7.00	8.00	8.50	9.00	9.50
തളിപ്പറമ്പ	67507	20.25	8.00	8.00	8.00	8.00	8.00
തിരൂർ	53654	16.10	10.00	10.00	12.00	15.00	15.00
തൃശ്ശൂർ	317526	127.01	45.00	50.00	50-55	50-55	45-50

ആറ്റിങ്ങൽ, കോഴിക്കോട്, പെരിന്തൽമണ്ണ എന്നീ യുഎൽബികൾ നൽകിയ കണക്കുകൾ ശരാശരി ആളോഹരി മാനദണ്ഡങ്ങളേക്കാൾ വളരെ കൂടുതലും (27 മുതൽ

87 ശതമാനം) പയ്യന്നൂർ, തളിപ്പറമ്പ, തൃശ്ശൂർ എന്നിവ നൽകിയ കണക്കുകൾ 60 മുതൽ 71 ശതമാനം വരെ കുറവുമായിരുന്നു. മുനിസിപ്പൽ ഖരമാലിന്യത്തിന്റെ ഭൗതിക ഘടനയെ സംബന്ധിച്ച് ഒരു യുഎൽബിയും വിവരം നൽകിയില്ല. എംഎസ്ഡബ്ല്യു ചട്ടങ്ങളിലെ നടപ്പാക്കൽ ഷെഡ്യൂൾ II-ഉം III-ഉം നിഷ്കർഷിക്കുന്നത് ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യം മുഴുവൻ പരിസ്ഥിതി സുരക്ഷ മാർഗ്ഗത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നുവെന്ന് യുഎൽബികൾ ഉറപ്പാക്കണമെന്നാണ്. ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തെക്കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങൾ, മാലിന്യത്തിന്റെ ഘടന, മാലിന്യം കൈകാര്യം ചെയ്യാൻ നിലവിലുള്ള ശേഷി എന്നിവയുടെ അഭാവത്തിൽ മാലിന്യ പരിപാലനത്തിനുള്ള ഏതൊരു പരിപാടിയും നിഷ്ഫലമായിരിക്കും. ഉത്പ്പാദിപ്പിക്കപ്പെടുകയും, ശേഖരിക്കുകയും, സംസ്കരിക്കുകയും ചെയ്യുന്ന മാലിന്യത്തിന് ലോഗ് ബുക്ക് സൂക്ഷിക്കുമെന്ന് സർക്കാർ അറിയിച്ചു (2011 ഫെബ്രുവരി).

3.1.8 മാലിന്യ ശേഖരണം

എംഎസ്ഡബ്ല്യു ചട്ടങ്ങൾ അനുശാസിക്കുന്നത് ഉത്പ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ മുനിസിപ്പൽ ഖരമാലിന്യവും ശേഖരിക്കണമെന്നും പരിസ്ഥിതിയ്ക്കും പൊതുജനാരോഗ്യത്തിനും അപകടം സൃഷ്ടിക്കത്തക്ക വിധത്തിൽ ഒരു മാലിന്യവും ശേഖരിക്കപ്പെടാതിരിക്കരുത് എന്നുമാണ്. എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഒഴികെ ഒരു യുഎൽബിയും ശേഖരിക്കുന്ന മാലിന്യത്തിന്റെ കണക്ക് സൂക്ഷിച്ചിരുന്നില്ല. യുഎൽബികൾ റിപ്പോർട്ട് ചെയ്ത പ്രകാരം ശേഖരിക്കപ്പെട്ട മാലിന്യത്തിന്റെ അളവും (ഏകദേശ കണക്കനുസരിച്ച്) ശരാശരി ആളോഹരി മാനദണ്ഡമനുസരിച്ചുള്ള അളവും തമ്മിലുള്ള ഒരു താരത്മ്യം പട്ടിക 3.2-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.2: ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികൾ ശേഖരിക്കുകയും പരിവഹനം ചെയ്യുകയും ചെയ്ത മാലിന്യം

യുഎൽബിയുടെ പേര്	ആകെ വാർഡുകളുടെ എണ്ണം	എസ്.ഇ.യു.എഫ്. റിപ്പോർട്ട് പ്രകാരം ഉൽപ്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് (മെട്രിക് ടണ്ണിൽ)	പ്രതിദിനം ശേഖരിക്കുകയും പരിവഹനം ചെയ്യുകയും ചെയ്ത മാലിന്യത്തിന്റെ അളവ് (മെട്രിക് ടണ്ണിൽ)	ശേഖരിച്ച മാലിന്യത്തിന്റെ ശതമാനം
അടൂർ	25	8.68	3.3	38
ആലപ്പുഴ	50	53.11	45.0	85
അങ്കമാലി	27	10.02	8.0	80
ആറ്റിങ്ങൽ	28	10.15	14.0	138
ചാവക്കാട്	29	11.44	6.5	57
ചേർത്തല	32	13.53	8.5	63
കാഞ്ഞങ്ങാട്	40	19.65	7.0	36
കാസർകോട്	35	15.65	8.0	51
കോഴിക്കോട്	55	176.00	50.0	28
മലപ്പുറം	37	17.55	10.0	57
പയ്യന്നൂർ	41	20.61	4.5	22
പെരിന്തൽമണ്ണ	31	13.38	15.0	112
പെരുമ്പാവൂർ	24	7.96	5.0	63
തളിപ്പറമ്പ	41	20.25	3.6	18
തിരൂർ	35	16.10	13.0	81
തൃശ്ശൂർ	52	127.01	42.5	33

ആറ്റിങ്ങൽ, പെരിന്തൽമണ്ണ എന്നീ മുനിസിപ്പാലിറ്റികൾ ശേഖരിച്ചതായി റിപ്പോർട്ട് ചെയ്ത മാലിന്യത്തിന്റെ അളവ് ഉത്പ്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവിനേക്കാൾ 38 ശതമാനവും 12 ശതമാനവും കൂടുതലായിരുന്നു. ബാക്കിയുള്ള യുഎൽബികളിൽ മാലിന്യ ശേഖരണം 18 ശതമാനത്തിനും 85 ശതമാനത്തിനും

ഇടയിലായിരുന്നു. ഇതിൽ ആറ് യുഎൽബികളിൽ ശേഖരണത്തിന്റെ ശതമാനം അമ്പത് ശതമാനത്തിലും താഴെയായിരുന്നു. ശേഖരിക്കപ്പെടാത്ത മാലിന്യം പൊതുജനാരോഗ്യത്തിനും പരിസ്ഥിതിയ്ക്കും അപകടം ഉണ്ടാക്കുന്നു.

3.1.9 മാലിന്യത്തിന്റെ വേർതിരിക്കലും സംഭരണവും

ഓരോ യുഎൽബിയും മുനിസിപ്പൽ ഖരമാലിന്യം വീടുവീടാന്തരം ശേഖരിക്കുന്നതിനായി പൊതുവായ ചവർ വീപ്പയിൽ (കേന്ദ്രവീപ്പ) കൂടെയുള്ള ശേഖരണം, വീടു വീടാന്തരമുള്ള ശേഖരണം, നേരത്തേ അറിയിച്ച് കൃത്യസമയങ്ങളിൽ മണിമുഴക്കത്തിലൂടെ ക്രമീകരിച്ചുള്ള ശേഖരണം ഇവയിൽ ഏതെങ്കിലും മാർഗ്ഗം അവലംബിക്കേണ്ടതാണെന്ന് നടപ്പാക്കൽ ഷെഡ്യൂൾ (ഷെഡ്യൂൾ II) വ്യവസ്ഥ ചെയ്യുന്നു. മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും സൗകര്യപ്രദമായി ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും യുഎൽബികൾ പ്രത്യേകം ശേഖരിക്കേണ്ടതാണ്. യുഎൽബികൾ മൂടിയുള്ളതും വിവിധ നിറങ്ങളിലുമുള്ള ചവർവീപ്പകൾ (ജൈവമാലിന്യങ്ങൾക്ക് പച്ചയും, അജൈവമാലിന്യങ്ങൾക്ക് വെള്ളയും, മറ്റ് മാലിന്യങ്ങൾക്ക് കറുപ്പും) ലഭ്യമാക്കേണ്ടതാണ്. ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയും വിവിധ നിറത്തിലുള്ള വീപ്പകൾ ഉപയോഗിച്ചുള്ള മാലിന്യശേഖരണ രീതി സ്വീകരിച്ചിട്ടില്ല.

ഒൻപത് യുഎൽബികൾ വീടുവീടാന്തരമുള്ള മാലിന്യ ശേഖരണ സമ്പ്രദായം കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. ഭാരത സർക്കാരിന്റെ നഗരവികസന മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്ന സേവനതല ബെഞ്ച്മാർക്ക് യുഎൽബികൾ ഖരമാലിന്യ പരിപാലന സേവനങ്ങൾ 100 ശതമാനവും പൂർത്തീകരിക്കണമെന്നാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട യുഎൽബികളിൽ വീടുകളിൽ നിന്നുള്ള മാലിന്യശേഖരണത്തിന്റെ ശതമാനം, കൊച്ചിയിലെ 100 ശതമാനം ഒഴികെ, പൂജ്യം മുതൽ 34 വരെയായിരുന്നു. അഞ്ചു യുഎൽബികളിൽ കടകളിൽ നിന്നുള്ള മാലിന്യ ശേഖരണം പൂജ്യം ശതമാനമായിരുന്നു. വിശദ വിവരങ്ങൾ പട്ടിക 3.3-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.3: കുടുംബശ്രീ യൂണിറ്റുകൾ മാലിന്യശേഖരണം നടത്തിയ വീടുകളുടെയും കടകളുടെയും എണ്ണം

യുഎൽബിയുടെ പേര്	വീടുകളുടെ ആകെ എണ്ണം	മാലിന്യം ശേഖരിച്ച വീടുകളുടെ എണ്ണം	ശേഖരണത്തിന്റെ ശതമാനം	കടകളുടെ ആകെ എണ്ണം	മാലിന്യം ശേഖരിച്ച കടകളുടെ എണ്ണം	ശേഖരണത്തിന്റെ ശതമാനം	വേർതിരിച്ചിരുന്നോ ഇല്ലയോ
ആലപ്പുഴ	52897	12000 മുതൽ 15000 വരെ	23 മുതൽ 28 വരെ	5909	ഇല്ല	ഇല്ല	വേർതിരിച്ചില്ല
ആറ്റിങ്ങൽ	11188	3800	34	1660	1655	100	വേർതിരിച്ചു
ചാവക്കാട്	7233	750	10	1250	ഇല്ല	ഇല്ല	വേർതിരിച്ചില്ല
കോഴിക്കോട്	76030	76030	100	16855	16855	100	വേർതിരിച്ചു
മലപ്പുറം	16000	2000	13	2106	ഇല്ല	ഇല്ല	വേർതിരിച്ചില്ല
പയ്യന്നൂർ	17393	200	1	2507	ഇല്ല	ഇല്ല	വേർതിരിച്ചു
പെരിന്തൽമണ്ണ	16880	ഇല്ല	ഇല്ല	2068	2068	100	വേർതിരിച്ചു
തൃശ്ശൂർ	93843	15165	16	11055	3373	31	വേർതിരിച്ചില്ല
തിരൂർ	10171	350	3	2982	ഇല്ല	ഇല്ല	വേർതിരിച്ചില്ല

എംഎസ്ഡബ്ല്യു ചട്ടങ്ങളിലെ ഷെഡ്യൂൾ II പ്രകാരം മുനിസിപ്പൽ അധികാരികൾ മാലിന്യം വേർതിരിക്കുന്നതിന് അവബോധ പരിപാടികൾ സംഘടിപ്പിക്കേണ്ടതും, വേർതിരിച്ച വസ്തുക്കൾ പുന:ചംക്രമണം ചെയ്യുന്നതിനോ വീണ്ടും ഉപയോഗിക്കുന്നതിനോ പ്രോത്സാഹനം നൽകേണ്ടതുമാണ്. ഏഴ്[4] യുഎൽബികൾ മാത്രമേ മാലിന്യങ്ങളുടെ വേർതിരിക്കൽ, കുറയ്ക്കൽ, പുനരുപയോഗം എന്നിവയിലൂടെ ഫലപ്രദമായി ഖരമാലിന്യ പരിപാലനം നടത്തുന്നതിനെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധ പരിപാടികൾ ഏർപ്പാടാക്കിയിരുന്നുള്ളൂ.

ഉറവിടത്തിൽ വേർതിരിക്കപ്പെട്ട മാലിന്യം ശേഖരിക്കുന്നതിന് വിവിധ നിറങ്ങളിലുള്ള ചവർ വീപ്പകൾ പെരിന്തൽമണ്ണ, കോഴിക്കോട്, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ മാത്രമേ നൽകിയിരുന്നുള്ളൂ എന്ന് കാണപ്പെട്ടു. ബാക്കിയുള്ള

4 കോഴിക്കോട്, പയ്യന്നൂർ, തളിപ്പറമ്പ, മലപ്പുറം, പെരിന്തൽമണ്ണ, കാഞ്ഞങ്ങാട്, ചേർത്തല

മുനിസിപ്പാലിറ്റികളിൽ പ്ളാസ്റ്റിക്ക്, പേപ്പർ, ലോഹം മുതലായ പുനഃചംക്രമണം ചെയ്യാവുന്ന മാലിന്യങ്ങൾ, ഉറവിടത്തിൽ വേർതിരിക്കാതെ ഗാർഹിക ഭക്ഷണാവശിഷ്ടങ്ങൾ, വ്യാപാര മാലിന്യങ്ങൾ മുതലായവയ്ക്കൊപ്പം തന്നെ ആളുകൾ നിർമ്മാർജ്ജനം ചെയ്തിരുന്നു. ഗാർഹിക തലത്തിൽ മാലിന്യം വേർതിരിക്കുന്നത് കാര്യക്ഷമമാക്കുമെന്നും മാലിന്യമുക്ത കേരളം പരിപാടിയിലൂടെ വേർതിരിക്കലിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുമെന്നും സർക്കാർ അറിയിച്ചു (2011 ഫെബ്രുവരി).

മാലിന്യനിക്ഷേപ സ്ഥലത്തേക്ക് കൊണ്ട് പോകുന്നതിന് മുമ്പായി പാതയോരത്ത് പല സ്ഥലങ്ങളിലായി മാലിന്യം കൂട്ടിയിടാൻ അനുവദിച്ചിരുന്നു. ഈ സ്ഥലങ്ങളിൽ മിക്കതും തുറസ്സായതായിരുന്നു. ചില സ്ഥാനങ്ങളിൽ വളരെ ചെറിയ ചവർ വീപ്പകൾ വച്ചിരുന്നത് മാലിന്യം കൊണ്ടു നിറഞ്ഞു കവിഞ്ഞിരുന്നു. തെരഞ്ഞെടുക്കപ്പെട്ട 16 യുഎൽബികളിലെ അധികാരികളുമായി നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ധാരാളം സ്ഥലങ്ങളിൽ മുനിസിപ്പൽ ഖരമാലിന്യം പാതയോരത്ത് തുറസ്സായസ്ഥലങ്ങളിൽ കൂട്ടിയിട്ടിരിക്കുകയും പരസ്യമായി കത്തിക്കുകയും ചെയ്യുന്നതായി കണ്ടു. തെരുവുകൾ മാലിന്യം സ്വീകരിക്കുന്നതിനുള്ള കേന്ദ്രങ്ങളായി എന്ന് വ്യക്തമായി.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340 (2) വകുപ്പ് അനുശാസിക്കുന്ന പ്രകാരം ഏതെങ്കിലും ഒരു വ്യക്തി ചപ്പുചവറോ മാലിന്യാവശിഷ്ടമോ കെട്ടിടങ്ങളുടെ നാശാവശിഷ്ടമോ അതിടാൻ ഉദ്ദേശിച്ചിട്ടില്ലാത്ത പൊതു സ്ഥലത്ത് ഇടുകയോ ഇടാൻ കാരണക്കാരനാവുകയോ ചെയ്താൽ സെക്രട്ടറി പിഴ ചുമത്തേണ്ടതാണ്. ചുമത്തിയ പിഴ ഒടുക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ബന്ധപ്പെട്ട വ്യക്തിയെ നിയമ നടപടിയിലേയ്ക്ക് നയിക്കും നാല് മുനിസിപ്പാലിറ്റികളിൽ (കാസർകോട്, കാഞ്ഞങ്ങാട്, തൃശ്ശൂർ, ആലപ്പുഴ) നിയമത്തിലെ വകുപ്പുകളുടെ ലംഘനത്തിന്റെ ഉദാഹരണങ്ങൾ ഓഡിറ്റ് സംഘം കണ്ടു എങ്കിലും ലംഘനം നടത്തിയവർക്കെതിരെ ശിക്ഷാ നടപടികൾ എടുത്തതായുള്ള യാതൊരു രേഖയും ലഭ്യമായിരുന്നില്ല.

3.1.10 മാലിന്യ പരിവഹനം

എംഎസ്ഡബ്ള്യു ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ ഖരമാലിന്യം പരിസരങ്ങളിലേക്ക് ചിതറുന്നതും പരിസ്ഥിതിയിലേക്ക് ഊറ്റം കിടക്കുന്നതും ഒഴിവാക്കുവാനായി അവ കൊണ്ടു പോകേണ്ടത് മൂടിയുള്ള വാഹനങ്ങളിൽ മാത്രമെ ആകാവൂ. അന്തിമ നിർമ്മാർജ്ജനത്തിനു മുമ്പായി നിരവധിപേർ കൈകാര്യം ചെയ്യുന്നത് ഒഴിവാക്കുന്ന തരത്തിൽ വാഹനം രൂപകല്പന ചെയ്യേണ്ടതാണ്. പതിനാറ് യുഎൽബികളിൽ ഉപയോഗിച്ചിരുന്ന 136 വാഹനങ്ങളിൽ മൂടിയുള്ളത് 39 എണ്ണം മാത്രവും നിരവധിപേർ കൈകാര്യം ചെയ്യുന്നത് ഒഴിവാക്കുന്ന തരത്തിൽ രൂപകല്പന ചെയ്തിരുന്നത് 28 എണ്ണം മാത്രവുമാണ്.

3.1.11 മാലിന്യ സംസ്കരണം

എംഎസ്ഡബ്ള്യു ചട്ടങ്ങളിലെ നടപ്പാക്കൽ ഷെഡ്യൂൾ (ഷെഡ്യൂൾ IV) അനുശാസിക്കുന്നത് കുഴിച്ചുമൂടൽ (ലാൻഡ്ഫിൽ) ക്ലേശം കുറയ്ക്കുന്നതിനായി ജൈവമാലിന്യങ്ങൾ സംസ്കരിക്കേണ്ടത് കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, വായുസാന്നിദ്ധ്യത്തിലുള്ള സംസ്കരണം അല്ലെങ്കിൽ മറ്റുള്ള അനുയോജ്യമായ ജൈവസംസ്കരണ മാർഗ്ഗത്തിലൂടെ ആയിരിക്കണം. വീണ്ടെടുക്കാവുന്ന വിഭവങ്ങളുള്ള മിശ്രിത മാലിന്യങ്ങൾ പുനഃചംക്രമണ മാർഗ്ഗം പിൻതുടരേണ്ടതും, സംസ്കരണത്തിലെ അന്തിമ ഉത്പന്നങ്ങൾക്ക് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന നിലവാരം പുലർത്തേണ്ടതുമാണ്. ലാക്ഷണിക പരിശോധന നടത്തിയ 16 യുഎൽബികളിൽ പയ്യന്നൂർ മുനിസിപ്പാലിറ്റി വളരെ പരിമിതമായ അളവിൽ ജൈവമാലിന്യങ്ങൾ സംസ്കരിക്കാനുള്ള ചെറിയൊരു വെർമി കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിച്ചിരുന്നു. കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകൾ സംസ്കരണ പ്ലാന്റുകൾ വളരെ വർഷങ്ങൾക്കുമുമ്പു സ്ഥാപിച്ചിരുന്നു. കാസർകോട്, അങ്കമാലി, പെരുമ്പാവൂർ, ചേർത്തല മുനിസിപ്പാലിറ്റികൾ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിരുന്നില്ല ബാക്കിയുള്ള ഒൻപതു യുഎൽബികളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം പട്ടിക 3.4-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.4: മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണ നില

യുഎൽബിയുടെ പേര്	സംസ്കരണ രീതി	കരാർ തീയതി/ പണി ഉടങ്ങിയ തീയതി	പദ്ധതി ചെലവ് (₹ ലക്ഷ-ത്തിൽ)	പൂർത്തി-യാക്കേണ്ട തീയതി	ചെലവായത് (₹ ലക്ഷ-ത്തിൽ)	സേവന ദാതാവി-ന്റെ പേര്	പൂർത്തിയാ-ക്കിയോ ഇല്ലയോ	പൂർത്തിയാക്കാ-ത്തതിനുള്ള കാരണം
കാഞ്ഞങ്ങാട്	വിൻഡ്രോ കമ്പോസ്റ്റിംഗ്	2006 സെപ്റ്റംബർ	52.55	2007 മാർച്ച്	39.82	കെ എസ് എസ് എസ്	പൂർത്തീകരിച്ചില്ല	സമ്മതിച്ച നിരക്കിൽ പണി നിർവ്വഹിക്കാൻ കരാറുകാരൻ തയ്യാറല്ല
മലപ്പുറം	വിൻഡ്രോ കമ്പോസ്റ്റിംഗ്	2005 മാർച്ച്	43.00	-	38.55	കെയ്കോ	2005 ആഗസ്റ്റിൽ പൂർത്തി-യാക്കി, സംസ്കരണം തുടങ്ങി	-
ആലപ്പുഴ	വിൻഡ്രോ കമ്പോസ്റ്റിംഗ്	2005 ആഗസ്റ്റ്	37.70	2007 ഫെബ്രുവരി	275.15	എഫിറ്റി ഡിസി	പൂർത്തീകരിച്ചില്ല	തൊഴിൽ തർക്കവും പൊതുജന പ്രതിഷേധവും
തളിപ്പറമ്പ	വിൻഡ്രോ കമ്പോസ്റ്റിംഗ്	2008 മാർച്ച്	66.25	2008 മാർച്ച്	24.88	കെയ്കോ	പൂർത്തീകരിച്ചില്ല	പ്രത്യേക കാരണം അറിയിച്ചിട്ടില്ല
ചാവക്കാട്	വിൻഡ്രോ കമ്പോസ്റ്റിംഗ്	2008 ഫെബ്രുവരി	61.66	2008 ഏപ്രിൽ	25.60	എസ്ഇയു എഫ്	പൂർത്തീകരിച്ചില്ല	പ്രത്യേക കാരണം അറിയിച്ചിട്ടില്ല
ആറ്റിങ്ങൽ	വിൻഡ്രോ കമ്പോസ്റ്റിംഗ്	2006 ഫെബ്രുവരി	45.56	-	53.71	കെഎസ് എസ് എസ്	2007 ജൂലൈയിൽ പൂർത്തി-യാക്കി, സംസ്കരണം തുടങ്ങി	-
പെരിന്തൽമണ്ണ	വിൻഡ്രോ കമ്പോസ്റ്റിംഗ്	ലഭ്യമല്ല	49.48	-	49.48	ടെക്നോ ഗ്രൂപ്പ്	2007 ഏപ്രിലിൽ പൂർത്തി-യാക്കി, സംസ്കരണം തുടങ്ങി	-
തിരൂർ	വിൻഡ്രോ കമ്പോസ്റ്റിംഗ്	2007 മാർച്ച്	46.11	-	37.53	ടെക്നോ ഗ്രൂപ്പ്	2008 ഏപ്രിലിൽ പൂർത്തി-യാക്കി, സംസ്കരണം തുടങ്ങി	-
അടൂർ	വെർമി കമ്പോസ്റ്റിംഗ്	2006 ഡിസംബർ	14.27	2007 മാർച്ച്	9.95	കെഎസ് എസ് എസ്	പൂർത്തീകരിച്ചില്ല	പ്രത്യേക കാരണം അറിയിച്ചിട്ടില്ല

താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു:

- തളിപ്പറമ്പ, ആലപ്പുഴ, ചാവക്കാട്, കാഞ്ഞങ്ങാട്, അടൂർ എന്നിവ 2005 നും 2008 നും ഇടയ്ക്ക് പണി തുടങ്ങിയെങ്കിലും, 2010 ഏപ്രിലിലും സംസ്കരണ പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കാത്തത് സൂചിപ്പിക്കുന്നത് യുഎൽബികൾക്ക് ധനസഹായം ലഭ്യമാക്കിയ ശുചിത്വ മിഷന്റെ അനുചിതമായ മേൽനിരീക്ഷണത്തെയാണ്.
- മാലിന്യ സംസ്കരണം തുടങ്ങിയ ആറ് യുഎൽബികളിൽ ആറ്റിങ്ങലും പെരിന്തൽമണ്ണയും സംസ്കരണ പ്ളാന്റിൽ ലഭിച്ച മാലിന്യം, സംസ്കരണം നടത്തിയ മാലിന്യം, ഉത്പാദിപ്പിക്കപ്പെട്ട വളം, വിൽപ്പന നടത്തിയത് എന്നിവയുടെ അളവിനെ സംബന്ധിച്ച യാതൊരു രേഖയും സൂക്ഷിച്ചിരുന്നില്ല. സ്ഥലത്ത് കൊണ്ടുവന്ന മാലിന്യത്തിന്റെയും ഉത്പാദിപ്പിക്കപ്പെട്ട വളത്തിന്റെയും അളവു മാത്രമാണ് മറ്റ് നാല് യുഎൽബികളിൽ ലഭ്യമായിരുന്ന വിവരം. ശുചിത്വ മിഷൻ അവലംബിച്ച മാനദണ്ഡം അനുസരിച്ച് സംസ്കരിച്ച മാലിന്യത്തിന്റെ തൂക്കത്തിന്റെ 25 ശതമാനം ജൈവവളം ലഭിക്കേണ്ടതാണ്. ഈ മാനദണ്ഡം അനുസരിച്ച് നാല് യുഎൽബികളിൽ സംസ്കരിച്ച മാലിന്യത്തിന്റെ (2 ശതമാനം മുതൽ 30 ശതമാനം വരെ) അളവ് കുറവായിരുന്നു. വിശദവിവരങ്ങൾ പട്ടിക 3.5-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.5: സംസ്കരണം നടത്തിയ മാലിന്യത്തിന്റെ അളവ്

യുഎൽബിയുടെ പേര്	സംസ്കരിച്ച കാലയളവ്	സ്ഥലത്തു കൊണ്ടുവന്ന മാലിന്യം	ഉത്പാദിപ്പിച്ച വളം (മെട്രിക് ടണ്ണിൽ)	മാനദണ്ഡമനുസരിച്ച് സംസ്കരിച്ചതിന്റെ അളവ്	സംസ്കരിച്ചതിന്റെ ശതമാനം	പ്രവർത്തിപ്പിക്കുന്നതിനും പരിപാലനത്തിനും സേവനദാതാവിന് നൽകിയ തുക (₹ ലക്ഷത്തിൽ)
തൃശ്ശൂർ	2008 ഏപ്രിൽ മുതൽ 2009 മാർച്ച് വരെ	15792	87.63	350.52	2	39.48
കോഴിക്കോട്	2006 നവംബർ മുതൽ 2008 ജൂൺ വരെ	39900	1736	6944	17	146.46

	2009 ജനുവരി മുതൽ 2009 ഡിസംബർ വരെ	14647.37	1088	4352	30	ഇല്ല*
തിരൂർ	2009 ഏപ്രിൽ മുതൽ 2010 മാർച്ച് വരെ	3978	30.96	123.84	3	2.20
മലപ്പുറം	2005 ആഗസ്റ്റ് മുതൽ 2010 മാർച്ച് വരെ	15960	756	3024	19	68.41

* കോർപ്പറേഷന് ₹4.80 ലക്ഷം വാർഷിക നിരക്കിൽ അവകാശധനം ലഭിച്ചു

മുനിസിപ്പാലിറ്റികൾ ശേഖരിച്ച മാലിന്യത്തിന്റെ 70 മുതൽ 98 ശതമാനം വരെ നിക്ഷേപ സ്ഥാനങ്ങളിൽ അസംസ്കൃത മാലിന്യമായി കൂന്നുകൂട്ടിയിട്ടിരുന്നു എന്ന് മുകളിൽ പറഞ്ഞ പട്ടികയിൽ നിന്ന് കാണാവുന്നതാണ്. ഇത് യുഎൽബികളുടെ കൈവശമുള്ള ദുർലഭമായ സ്ഥലവിഭവങ്ങളിൽ വീണ്ടും സമ്മർദം ഉണ്ടാക്കുകയും മറ്റു ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

3.1.12 മാലിന്യ നിർമ്മാർജ്ജനം

3.1.12.1 സ്ഥലത്തിന്റെ അപര്യാപ്തത

ഭൂഗർഭജലം, ഉപരിതലജലം എന്നിവയുടെ മലിനീകരണം, പൊടിപടലം, ദുർഗന്ധം, അഗ്നിയിൽനിന്നുള്ള അപകടം, പക്ഷിശല്യം, എലി പോലുള്ള ജന്തുക്കൾ, ഗ്രീൻ ഹൗസ് വാതക വികിരണം, ചരിവിന്റെ അസ്ഥിരത, മണ്ണൊലിപ്പ് എന്നിവയ്ക്ക് എതിരെ സംരക്ഷണ നടപടിയോടെ രൂപകല്പന ചെയ്ത സ്ഥലത്ത് അവശേഷിക്കുന്ന ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതാണ് കുഴിച്ചുമൂടൽ (ലാൻഡ് ഫില്ലിംഗ്). ജീർണ്ണിക്കാത്ത അജൈവവും നിർഗ്രണവുമായ മാലിന്യം, സംസ്കരണത്തിൽ തള്ളപ്പെടുന്നവ എന്നിവയുടെ നിർമ്മാർജ്ജനം നിർബന്ധമായും ലാൻഡ് ഫില്ലിംഗ് മുഖാന്തിരം ആയിരിക്കണം എന്ന് എംഎസ്ഡബ്ല്യു ചട്ടങ്ങൾ നിർദ്ദേശിക്കുന്നു. കുഴിച്ചു മൂടൽ നടത്തുന്ന സ്ഥലം 20-25 കൊല്ലത്തേയ്ക്ക് നിലനിൽക്കത്തക്കവിധം വിസ്തൃതമായിരിക്കുകയും മാലിന്യ സംസ്കരണസൗകര്യം അതിന്റെ അവിഭക്ത ഭാഗമായി ആസൂത്രണം ചെയ്യേണ്ടതുമാണ്. തൃശ്ശൂർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകൾ ലാൻഡ് ഫിൽ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മൻ ഉദ്ദേശജന-സംഖ്യയുടെയും ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെയും അടിസ്ഥാനത്തിൽ പഠനത്തിനു ശേഷം ഓരോ യുഎൽബിക്കും 20 കൊല്ലത്തേയ്ക്ക് ആവശ്യമായ ഭൂമിയുടെ അളവ് നിർദ്ദേശിച്ചിട്ടുണ്ട് (2008 ജൂലൈ). ഓംബുഡ്സ്മൻ എത്തിച്ചേർന്ന ഭൂമിയുടെ അളവും ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളുടെ കൈവശമുള്ള ഭൂമിയുടെ അളവും പട്ടിക 3.6-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.6: ആവശ്യമുള്ളതും കൈവശമുള്ളതുമായ ഭൂമി (ഏക്കറിൽ)

യുഎൽബിയുടെ പേര്	ആവശ്യമുള്ള ഭൂമി	കൈവശമുള്ള ഭൂമി
ആലപ്പുഴ	22.10	11.00
അങ്കമാലി	4.76	0.50
ആറ്റിങ്ങൽ	4.45	4.20
ചാവക്കാട്	4.17	0.50
കാഞ്ഞങ്ങാട്	8.17	2.00
കാസർകോട്	6.57	7.05
കോഴിക്കോട്	54.48	16.00
മലപ്പുറം	7.30	2.50
പയ്യന്നൂർ	8.58	3.50
പെരിന്തൽമണ്ണ	5.57	5.00
പെരുമ്പാവൂർ	3.31	1.56
തളിപ്പറമ്പ	8.42	2.02
തൃശ്ശൂർ	39.62	6.91
തിരൂർ	6.70	4.97
അടൂർ	3.61	1.05
ചേർത്തല	5.63	ഇല്ല

കാസർകോട് മുനിസിപ്പാലിറ്റിയുടെ കൈവശം ആവശ്യമുള്ള ഭൂമി ഉണ്ടെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് മൂലം അത് ഉപയോഗപ്രദമാക്കാൻ

കഴിഞ്ഞിട്ടില്ല. ബാക്കിയുള്ള യുഎൽബികൾക്കൊന്നിനും ആവശ്യമുള്ള അളവ് ഭൂമി കൈവശമില്ലായിരുന്നു. ആവശ്യമുള്ള അധിക ഭൂമി കൈവശപ്പെടുത്തുന്നതിന് യുഎൽബികൾ ഫലപ്രദമായ യാതൊരു നടപടിയും എടുത്തിരുന്നില്ല. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ഒഴിച്ച് വേറെ ഒരു യുഎൽബിയും ലാൻഡ് ഫിൽ സ്ഥലങ്ങൾക്ക് ചുറ്റും ബഫർ സോൺ ഉണ്ടാക്കിയിരുന്നില്ല. ഖരമാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ പ്രതിഷേധം ആരോഗ്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല സമീപ പ്രദേശങ്ങളിലെ ഭൂമിയുടെ വില ഇടിയുമോ എന്ന ഭയം മൂലവുമാണെന്ന് സർക്കാർ അറിയിച്ചു (2011 ഫെബ്രുവരി). സ്ഥിതിഗതിയെക്കുറിച്ച് പൂർണ്ണ ബോധ്യമുണ്ടെന്നും അനുയോജ്യമായ പരിഹാരം കാണുന്നതിനായി ഇക്കാര്യം പാർലമെന്റ് അംഗങ്ങളും നിയമസഭാംഗങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

3.1.12.2 സ്വകാര്യ ഭൂമി അനധികൃതമായി നികത്തി വികസിപ്പിക്കൽ

ലാൻഡ്ഫില്ലിനുള്ള സ്ഥലങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് എംഎസ്ഡബ്ല്യു ചട്ടങ്ങൾ അനുശാസിക്കുന്നു. ലാൻഡ്ഫിൽ സ്ഥാനങ്ങൾ, ആവാസ സങ്കേതങ്ങൾ, ജലാശയങ്ങൾ, ചതുപ്പുനിലങ്ങൾ, ദേശീയപാർക്കുകൾ എന്നിവയിൽ നിന്ന് അകന്നതായിരിക്കണം. ഇതിനു പുറമെ 2008-ലെ കേരള നെൽപ്പാടങ്ങളും ചതുപ്പു നിലങ്ങളും സംരക്ഷണ നിയമ പ്രകാരം നെൽപ്പാടങ്ങൾ പരിവർത്തനം ചെയ്യുന്നതും നികത്തുന്നതും ചതുപ്പുനിലങ്ങൾ ഏതെങ്കിലും തരത്തിൽ വീണ്ടെടുക്കുന്നതും നിരോധിച്ചിരിക്കുന്നു. നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കാതെ മൂന്നു മുനിസിപ്പാലിറ്റികൾ നടത്തിയ ലാൻഡ് ഫില്ലുകളുടെ ഉദാഹരണങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് താഴെ വിവരിക്കുന്നു.

1. **പെരുമ്പാവൂർ മുനിസിപ്പാലിറ്റി** രണ്ടു വ്യക്തികളുടെ ഉടമസ്ഥതയിലുള്ള താഴ്ന്ന വെള്ളക്കെട്ടുള്ള പ്രദേശത്ത് അവരുടെ സമ്മതത്തോടെ അസംസ്കൃതമാലിന്യം കൊണ്ടു വന്ന് കൂട്ടിയിട്ടിരുന്നു. ഒരെണ്ണത്തിൽ ഭൂമി സ്ഥിതി ചെയ്തിരുന്നത്

നഗരത്തിന്റെ മദ്ധ്യത്തിൽ ആ വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള ഒരു ഓഡിറ്റോറിയത്തിന്റെ (സീമ ഓഡിറ്റോറിയം) പുറകിലായിരുന്നു. അസംസ്കൃത മാലിന്യം കൂട്ടിയിടുന്നത് മൂലം പരിസ്ഥിതിയ്ക്കും ജലസ്രോതസ്സുകൾക്കും സമീപ പ്രദേശത്തെ കൃഷിക്കും മറ്റുമുള്ള ദോഷങ്ങളെക്കുറിച്ച് മുനിസിപ്പാലിറ്റി ഒരു വിലയിരുത്തൽ നടത്തിയിരുന്നില്ല. റവന്യൂ അധികാരികളുടെ അനുമതിയില്ലാതെ ചതുപ്പ് നിലം മുനിസിപ്പാലിറ്റിയുടെ ചെലവിൽ വികസിപ്പിച്ചത് നിയമവിരുദ്ധമാണ്.

2. **ചേർത്തല മുനിസിപ്പാലിറ്റി** ശേഖരിച്ച മുനിസിപ്പൽ ഖരമാലിന്യം 2009 വരെ സ്വകാര്യ വ്യക്തികളുടെ താഴ്ന്ന കൃഷി സ്ഥലങ്ങൾ, പഴയ കുളങ്ങൾ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൂട്ടിയിട്ടിരുന്നു. പരിസ്ഥിതിയ്ക്കും പൊതുജനാരോഗ്യത്തിനുമുള്ള ദോഷഫലങ്ങളെ മുനിസിപ്പാലിറ്റി അവഗണിച്ചിരുന്നു. മുനിസിപ്പാലിറ്റി നടത്തിയ ലാൻഡ് ഫില്ലിനെ സംബന്ധിക്കുന്ന വിവരങ്ങളുടെ ഒരു രേഖയും സൂക്ഷിച്ചിരുന്നില്ല.

3. **ചാവക്കാട് മുനിസിപ്പാലിറ്റിയിൽ** കഴിഞ്ഞ 20 വർഷമായി നിക്ഷേപസ്ഥലത്ത് കൂട്ടിയിട്ടിരുന്ന ഖരമാലിന്യം (ഏകദേശം 4000 മെട്രിക് ടൺ) കുഴിച്ചെടുത്ത് ഒരു സ്വകാര്യ ഭൂമിയിലേയ്ക്ക് മാറ്റി (2006 നവംബർ). മുനിസിപ്പാലിറ്റി ലാൻഡ് ഫില്ലിംഗ് നടത്തിയത് മതിയായ രീതിയിൽ മണ്ണുകൊണ്ട് മൂടാതെയും യാതൊരു മുൻകരുതൽ നടപടികളും എടുക്കാതെയും ആയതിനാൽ സ്ഥല ഉടമയും സമീപവാസികളും പരിഹാരത്തിനായി മുനിസിപ്പൽ അധികാരികളെ സമീപിച്ചു (2007 ഏപ്രിൽ). അവരുടെ പരാതിയ്ക്ക് പരിഹാരം കാണാൻ മുനിസിപ്പാലിറ്റി യാതൊരു നടപടിയും എടുത്തിട്ടില്ല. എംഎസ്ഡബ്ല്യു ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നത് പോലെ മുനിസിപ്പൽ ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും യാതൊരു അധികാര പത്രവും മുനിസിപ്പാലിറ്റി വാങ്ങിയിട്ടില്ല.

3.1.12.3 അശാസ്ത്രീയ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം

ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളിൽ മാലിന്യ നിർമ്മാർജ്ജനം നടത്തിയിരുന്നത് അശാസ്ത്രീയവും അനാരോഗ്യ രീതിയിലുമായിരുന്നു എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. ലാൻഡ്ഫിൽ സ്ഥാനങ്ങൾക്കു ചുറ്റും വികസനമൊന്നുമില്ലാത്ത ബഫർ സോൺ നിലനിർത്തേണ്ടതായിരുന്നെങ്കിലും, മാലിന്യം വാസസ്ഥലങ്ങൾക്ക് വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന തുറന്ന നിക്ഷേപസ്ഥാനങ്ങളിൽ കൂട്ടിയിട്ടിരുന്നു. മുനിസിപ്പൽ ഖരമാലിന്യം സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള ഭൂമി അപര്യാപ്തമായിരുന്നു.

ലാൻഡ് ഫിൽ/നിക്ഷേപസ്ഥാനങ്ങളിൽ നിന്നും മലിനീകരണം തടയുന്നതിനായി ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് നിക്ഷേപസ്ഥാനങ്ങൾക്കും സംസ്കരണ പ്ലാന്റുകളുടെ സ്ഥാനത്തും ഏർപ്പെടുത്തണമായിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയും ലീച്ചെറ്റ് സംസ്കരണപ്ലാന്റ് നിക്ഷേപസ്ഥാനങ്ങളിലും സംസ്കരണ പ്ലാന്റുകളിലും ഏർപ്പെടുത്തിയിരുന്നില്ല. ഈ യുഎൽബികളുടെ നിക്ഷേപ സ്ഥാനങ്ങളിൽ മാലിന്യം തുറസ്സായി കൂനകൂട്ടിയിട്ടിരുന്നത് ആശങ്കയുളവാക്കുന്ന ശുചിത്വമില്ലായ്മയുടെ അവസ്ഥയും വായു, ഭൂമി, ജലം എന്നിവയുടെ മലീനീകരണ പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ ലാലൂർ നിക്ഷേപസ്ഥാനത്ത് ഏകദേശം 18000 മെട്രിക് ടൺ മാലിന്യം സ്ഥലത്തെ കിടങ്ങിൽ കൂട്ടിയിട്ടിരുന്നു. 2009 ജൂലൈയിലെ കനത്ത മഴയിൽ മലിനജലവും മാലിന്യത്തിൽ നിന്ന് ഊർന്നിറങ്ങിയ ദ്രാവകവും ചുറ്റുമതിലിൽ കൂടി ഒലിച്ച് ഇറങ്ങുകയും പൊതു റോഡിൽ കൂടി ഒഴുകി സമീപത്തെ വീടുകളുടെ പരിസരത്ത് എത്തുകയും കിണറുകളെ വരെ മലിനമാക്കുകയും ചെയ്തു. ദുർഗന്ധവും പുഴുക്കളുമുള്ള മലിനജലത്താൽ കെട്ടി നിൽക്കുന്ന കുളം രൂപപ്പെട്ടു. തൽഫലമായി, തദ്ദേശവാസികൾ പ്രക്ഷോഭമാരംഭിക്കുകയും ഹൈക്കോടതിയുടെ ഇടപെടൽ ആവശ്യമായി വരുകയും ചെയ്തു. കോർപ്പറേഷൻ താല്ക്കാലിക പരിഹാര നടപടികൾ ആരംഭിച്ചുവെങ്കിലും പ്രശ്നത്തിന് ഒരു സ്ഥായിയായ പരിഹാരം കാണുവാൻ അവർക്ക് കഴിഞ്ഞില്ല.

കോഴിക്കോട് കോർപ്പറേഷനിലെ ഞെളിയൻപറമ്പിലെ ടെഞ്ചിംഗ് യാർഡിൽ വിൻഡ്രോ കമ്പോസ്റ്റിംഗിനായി മത്സ്യ മാംസ ചന്തകളിലെ ജൈവമാലിന്യം വളരെ നാളുകളായി കൂട്ടിയിട്ടിരുന്നു. നിക്ഷേപ സ്ഥാനത്ത് ഒരു ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് ഏർപ്പെടുത്തിയിരുന്നില്ല. പ്ലാന്റിൽ നിന്നും 'ടെഞ്ചിംഗ് യാർഡിൽ' നിന്നും ഒലിച്ചിറങ്ങുന്ന മലിനജലം പ്ലാന്റിന്റെ വടക്കുകിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന കുളത്തിൽ ശേഖരിച്ചിരുന്നു. സംസ്കരിക്കാത്ത മലിന ദ്രാവകം കല്ലായിപ്പുഴയിലേയ്ക്ക് ഒഴുകുവാൻ അനുവദിച്ചിരുന്നു. ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് നിർമ്മിക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കോർപ്പറേഷന് നിർദ്ദേശം നൽകിയെങ്കിലും കോർപ്പറേഷൻ യാതൊരു നടപടിയും എടുത്തിട്ടില്ല.

3.1.12.4 ചേർത്തല മുനിസിപ്പാലിറ്റിയുടെ അനുചിതമായ മാലിന്യ സംസ്കരണം

ചേർത്തല മുനിസിപ്പാലിറ്റിയിൽ ഖരമാലിന്യ ശേഖരണം, കടത്ത്, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ അമല എന്റർപ്രൈസസ് എന്ന ഒരു സ്വകാര്യ ഏജൻസി അവരുടെ തന്നെ ഏർപ്പാടിൽ ആണ് നടത്തിയിരുന്നത്. മെട്രിക് ടണ്ണിന് 500 എന്ന നിരക്കിൽ പ്രതിദിനം പരമാവധി 1500 എന്ന രീതിയിൽ ഒരു താൽക്കാലിക നടപടിയായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരപ്പെടുത്തലിന് വിധേയമായി പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിച്ചു. (2009 ഡിസംബർ) എന്നാൽ ഒരു അധികാരപ്പെടുത്തലും ഇതുവരെ (2010 ജൂൺ) ലഭ്യമാക്കിയിട്ടില്ല. ഇതിനു പുറമെ കടകളുടെ ഉടമസ്ഥരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും നിശ്ചിത നിരക്കിൽ യൂസർഫീ ശേഖരിക്കുവാൻ കരാറുകാരനെ മുനിസിപ്പാലിറ്റി അനുവദിച്ചു. സസ്യമാലിന്യം മാത്രം സംസ്കരിക്കുന്നതിനായി കോൺട്രാക്ടർ മുനിസിപ്പാലിറ്റിയുടെ പ്രാന്തപ്രദേശത്തുള്ള ഒരു സ്വകാര്യ ഭൂമിയുടെ ഉടമസ്ഥനുമായി കരാറിൽ ഏർപ്പെട്ടു. കോൺട്രാക്ടർ വസ്തുവിൽ അസംസ്കൃത മാലിന്യം നിക്ഷേപിക്കുവാൻ തുടങ്ങിയപ്പോൾ അത് പരിസ്ഥിതി പ്രശ്നങ്ങളും പൊതുജന പ്രതിഷേധവും സൃഷ്ടിച്ചു. സ്ഥല ഉടമ ഹൈക്കോടതിയെ സമീപിക്കുകയും ചേർത്തല മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്കുള്ള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ

ബോർഡിലെ പരിസ്ഥിതി എൻജിനീയർ സ്ഥലം സന്ദർശിക്കുകയും, 3.5 ഏക്കർ സ്ഥലം ഉള്ളതിൽ 10 സെന്റ് സ്ഥലം കമ്പോസ്റ്റ് പ്ലാന്റിന് ഉപയോഗിക്കുകയും ഉദ്ദേശം 8.38 ക്യൂബിക് മീറ്റർ ഇറച്ചിക്കോഴിയുടെ അവശിഷ്ടം, ഭക്ഷ്യാവശിഷ്ടങ്ങൾ, ഉപയോഗിച്ചിട്ട് കളയാവുന്ന പ്ലേറ്റുകൾ, പ്ലാസ്റ്റിക്, മരുന്നുകുപ്പികൾ, ഇൻജക്ഷൻ കുപ്പികൾ മുതലായവ ഉൾപ്പെട്ട മാലിന്യം വസ്തുവിന്റെ വിവിധ ഭാഗങ്ങളിൽ യാതൊരു മുൻകരുതലും ഇല്ലാതെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമാറ് കുഴിച്ചുമൂടിയിരുന്നു എന്ന് റിപ്പോർട്ട് ചെയ്തു (2010 ജൂൺ). കോടതി വിധി പ്രകാരം സസ്യമാലിന്യം ഒഴികെ കരാറിൽ ഉൾപ്പെടുത്താത്ത മറ്റെല്ലാ ഇനം മാലിന്യങ്ങളും സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റേണ്ടതായിരുന്നു. മുനിസിപ്പാലിറ്റി കോടതി ഉത്തരവ് പാലിച്ചിട്ടില്ല. (2010 ജൂൺ). കരാറുകാരൻ വസ്തുവിൽ അനുചിതമായ മാലിന്യ നിർമ്മാർജ്ജനം തുടർന്നു (2010 ജൂലൈ).

3.1.12.5 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

ലാക്ഷണിക പരിശോധന നടത്തിയ 16 യുഎൽബികളിൽ ഏഴ് യുഎൽബികൾ മുനിസിപ്പൽ ഖരമാലിന്യത്തിന്റെ ഒരു ഭാഗം, പ്രത്യേകിച്ച് കട്ടിയില്ലാത്ത സസ്യമാലിന്യം, മത്സ്യ/മാംസചന്തയിലും അറവുശാലകളിലും നിന്നുമുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നു. മുനിസിപ്പാലിറ്റികൾ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 3.7-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.7 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണ നില

യുഎൽ.ബിയുടെ പേര്	പ്ലാന്റുകളുടെ എണ്ണം	ശേഷി	2010 ജൂണിലെ ചെലവ് (₹ ലക്ഷത്തിൽ)	ഇപ്പോഴത്തെ അവസ്ഥ
ആലപ്പുഴ	1	ലഭ്യമല്ല	13.50	പൂർത്തിയാക്കിയില്ല
ആറ്റിങ്ങൽ	2	25 ക്യൂബിക് മീറ്റർ	4.09	2008 ഡിസംബറിൽ പൂർത്തിയായി
		57 ക്യൂബിക് മീറ്റർ	3.75	പൂർത്തിയാക്കിയില്ല

കാഞ്ഞങ്ങാട്	2	25 ക്യൂബിക് മീറ്റർ	16.00	പൂർത്തിയാക്കിയില്ല
		15 ക്യൂബിക് മീറ്റർ		പൂർത്തിയാക്കിയില്ല
കോഴിക്കോട്	4	2000 കിലോഗ്രാം	18.7	പൂർത്തിയാക്കിയില്ല
		650 കിലോഗ്രാം	8.00	പൂർത്തിയാക്കിയില്ല
		650 കിലോഗ്രാം	8.00	പൂർത്തിയാക്കിയില്ല
		600 കിലോഗ്രാം	2.86	പൂർത്തിയാക്കിയില്ല
പെരുമ്പാവൂർ	1	ലഭ്യമല്ല	4.00	2008 ആഗസ്റ്റിൽ പൂർത്തിയായി, 2009 ആഗസ്റ്റ് മുതൽ പ്രവർത്തിക്കുന്നില്ല
തൃശ്ശൂർ	1	40 ക്യൂബിക് മീറ്റർ	15.38	2009 മാർച്ചിൽ പൂർത്തിയായി
തിരൂർ	1	25 ക്യൂബിക് മീറ്റർ	4.7	2005 മാർച്ചിൽ പൂർത്തിയായി 2008 ഫെബ്രുവരി മുതൽ പ്രവർത്തിക്കുന്നില്ല

തിരൂരും പെരുമ്പാവൂരും മുനിസിപ്പാലിറ്റികളിൽ സ്ഥാപിച്ച രണ്ട് പ്ലാന്റുകൾ മതിയായ അറ്റകുറ്റപണികൾ ഇല്ലാത്തതു മൂലം പ്രവർത്തനക്ഷമമല്ല. തൃശ്ശൂർ, ആറ്റിങ്ങൽ യുഎൽബികളിൽ പൂർത്തിയാക്കപ്പെട്ട രണ്ട് പ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് ഉപയോഗിക്കുന്നതിന് മുനിസിപ്പാലിറ്റികൾ യാതൊരു പരിപാടിയും ആസൂത്രണം ചെയ്തിട്ടില്ല. ഒരു മുനിസിപ്പാലിറ്റിയും പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അധികാരപ്പെടുത്തൽ ലഭ്യമാക്കിയിട്ടില്ല

3.1.13 നിയമങ്ങളിലെ/ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അനുവർത്തനം

3.1.13.1 മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യം സ്ഥാപിക്കുന്നതിനുള്ള അധികാരപ്പെടുത്തൽ

എം.എസ്.ഡബ്ല്യു ചട്ടങ്ങളിലെ 1-ാം ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന അനുവർത്തനമാനദണ്ഡമനുസരിച്ച് എല്ലാ യുഎൽബികളും 2003 ഡിസംബർ 31-ന് മുൻപ് ഖരമാലിന്യ പരിപാലന സൗകര്യങ്ങൾ സ്ഥാപിക്കുന്നത് പൂർത്തിയാക്കേണ്ടതാണ്. ലാൻഡ്ഫില്ലുകൾ ഉൾപ്പെടെയുള്ള മാലിന്യസംസ്കരണ നിർമ്മാർജ്ജന സൗകര്യങ്ങൾ

സ്ഥാപിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരപ്പെടുത്തൽ ലഭിച്ചതിനു ശേഷം മാത്രമേ പാടുള്ളൂ. ലാക്ഷണിക പരിശോധന നടത്തിയ 16 യുഎൽബികളിൽ 10 എണ്ണം മാത്രമേ നിർമ്മാർജ്ജന സൗകര്യങ്ങൾ നടത്തുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് അധികാരപ്പെടുത്തൽ വാങ്ങിയിട്ടുള്ളൂ. അതുപോലും മൂന്ന് മുതൽ അഞ്ചു വർഷം വരെ വൈകിയതിനു ശേഷമാണ്. ബാക്കിയുള്ള ആറ് യുഎൽബികൾ[5] മാലിന്യ നിർമ്മാർജ്ജനം നടത്തുന്നത് എസ്പിസിബി-യിൽ നിന്നും അധികാരപ്പെടുത്തൽ വാങ്ങാതെയാണ്. അധികാരപ്പെടുത്തലിൽ വ്യക്തമായി പറഞ്ഞിരുന്ന വ്യവസ്ഥകൾ പലതും പാലിക്കപ്പെടാതെ അവശേഷിച്ചിരുന്നതായി മാലിന്യ നിർമ്മാർജ്ജന സ്ഥലം സംയുക്ത ഭൗതിക പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടു. വിശദവിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

- മാലിന്യ സംസ്കരണ നിർമ്മാർജ്ജന സ്ഥലങ്ങൾ അനധികൃത വ്യക്തികളുടെയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളുടെയും പ്രവേശനം തടയുന്നതിന് സംരക്ഷിക്കേണ്ടതാണ്. എന്നാൽ ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയിലും മാലിന്യ സംസ്കരണ നിർമ്മാർജ്ജന സ്ഥലങ്ങളിൽ ഉചിതമായ സംരക്ഷണ ഏർപ്പാടുകൾ ചെയ്തിരുന്നില്ല. നാല് യുഎൽബികളിൽ വേലി കെട്ടിയിരുന്നില്ല. മാലിന്യ സംസ്കരണ നിർമ്മാർജ്ജന സ്ഥലങ്ങളിൽ ധാരാളം പട്ടികൾ അലഞ്ഞു തിരിഞ്ഞു നടന്നിരുന്നു.
- ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയിലും അഗ്നിസംരക്ഷണ ഉപകരണങ്ങൾ നൽകിയിരുന്നില്ല. കാസർകോട്, തിരൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിൽ അഗ്നി മൂലമുള്ള അപകട സംഭവങ്ങൾ ഉണ്ടായി.
- കോഴിക്കോട് കോർപ്പറേഷനിൽ അടിക്കടി അഗ്നി അപകടങ്ങൾ 2006 ജനുവരിയിലും, 2006 ഫെബ്രുവരിയിലും, 2008 ജനുവരിയിലും ഉണ്ടായി. പെട്ടെന്ന് തീപിടിക്കുന്ന വാതകങ്ങളുടെ വമിക്കൽ മൂലം അഗ്നി പെട്ടെന്ന് നിയന്ത്രിക്കാൻ സാധിച്ചിരുന്നില്ല. നിക്ഷേപസ്ഥലത്തു കൂടി വാഹനം കൊണ്ട് പോകുവാൻ അഗ്നിശമന സേന ബുദ്ധിമുട്ട് പ്രകടിപ്പിച്ചു. ഇത്രയൊക്കെയായിട്ടും

5 അങ്കമാലി, കാഞ്ഞങ്ങാട്, കാസർകോട്, പയ്യന്നൂർ, പെരുമ്പാവൂർ, തളിപ്പറമ്പ്

മുനിസിപ്പൽ കോർപ്പറേഷൻ നിക്ഷേപസ്ഥലത്ത് അഗ്നി സംരക്ഷണ സമ്പ്രദായം സ്ഥാപിച്ചിട്ടില്ല.

- മാലിന്യം കത്തിക്കുന്നത് എം.എസ്ഡബ്യൂ ചട്ടങ്ങളിലെ II-ാം ഷെഡ്യൂൾ വിലക്കിയിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി കൂട്ടിയിട്ടിരുന്ന മാലിന്യം 2008 മേയ് വരെ ഇറസ്സായി കത്തിച്ചിരുന്നു.
- ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനും ഒലിച്ച് പുറത്ത് വരുന്ന ലീച്ചെറ്റ് വായുവും ജലവും മലിനമാക്കുന്നത് തടയുന്നതിനും ഒരു യുഎൽബിയും ഒരു നടപടിയും എടുത്തിരുന്നില്ല. കോഴിക്കോട് കോർപ്പറേഷനിലും പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലും ലീച്ചെറ്റ് സമീപത്തെ നദിയിലേയ്ക്ക് ഒഴുകുവാൻ അനുവദിച്ചിരുന്നു. അങ്കമാലി, അടൂർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ ലീച്ചെറ്റിനെ സമീപത്തുള്ള താഴ്ന്ന കൃഷി ഭൂമിയിലേയ്ക്ക് വിട്ടിരുന്നു.
- തൃശ്ശൂർ, കാസർകോട്, തളിപ്പറമ്പ് യുഎൽബികളിൽ സമീപത്തുള്ള കിണറുകളിലെ വെള്ളം മലിനമാക്കപ്പെട്ടുവെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. തൽഫലമായി സ്ഥലത്തിന് സമീപത്തെ താമസക്കാർ മുനിസിപ്പൽ അധികാരികൾക്കെതിരെ പ്രക്ഷോഭം നടത്തിയിരുന്നു.
- 2000-ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം ഇൻസിനറേറ്ററുകൾ ചില പ്രവർത്തന-വമിക്കൽ നിലവാരം പുലർത്തേണ്ടതാണ്. മലപ്പുറം മലിനീകരണ നിയന്ത്രണ ബോർഡ് മലപ്പുറം മുനിസിപ്പാലിറ്റിക്ക് ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാനുള്ള അനുമതി, നിശ്ചിത നിലവാരം പാലിക്കാത്തതിനാൽ, നൽകിയിരുന്നില്ലെങ്കിലും മുനിസിപ്പാലിറ്റി മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ ധിക്കരിച്ചുകൊണ്ട് ഇൻസിനറേറ്ററിന്റെ പ്രവർത്തനം തുടർന്നിരുന്നു.
- മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യങ്ങളിൽ തങ്ങൾ നൽകിയ അധികാരപ്പെടുത്തലിൽ കാണിച്ചിരിക്കുന്ന അനുവർത്തന മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി എസ്പിസിബി ഒരു മേൽ നിരീക്ഷണവും നടത്തിയിരുന്നില്ല. യുഎൽബികളിൽ എംഎസ്ഡബ്ല്യൂ

ചട്ടങ്ങളുടെ ലംഘനത്തിന്റെ ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും എസ്പിസിബി-യുടെ എറണാകുളം ജില്ലാ ഓഫീസ് മാത്രം കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർമാനും സെക്രട്ടറിക്കും എതിരെ മുനിസിപ്പൽ മാലിന്യം ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യാത്തതു മൂലം മാലിന്യത്തിൽ നിന്ന് ഊർന്നിറങ്ങിയ മലിന ജലം നിക്ഷേപസ്ഥാനത്തു നിന്ന് പെരിയാർ നദിയിൽ എത്തിയതിനാൽ നിയമ നടപടികൾ ആരംഭിച്ചു (2010 മേയ്) എന്ന വസ്തുതയിൽ നിന്ന് സ്പഷ്ടമാകുന്നത് കാര്യക്ഷമമല്ലാത്ത മേൽ നിരീക്ഷണമാണ്.

3.1.13.2 മാലിന്യം പരിസ്ഥിതിയ്ക്ക് സൃഷ്ടിക്കുന്ന അപകടങ്ങളുടെ തിരിച്ചറിയൽ

ആരോഗ്യത്തിനും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന നാശം കുറയ്ക്കുന്നതിന് വേണ്ടി മാലിന്യം പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും സൃഷ്ടിക്കുന്ന അപകടങ്ങൾ വേർതിരിച്ചറിയേണ്ടത് അത്യാവശ്യമാണ്.

എംഎസ്ഡബ്ല്യു ചട്ടങ്ങളിലെ III ഉം IV-ഉം ഷെഡ്യൂളുകൾ പ്രകാരം ലാൻഡ് ഫിൽ സ്ഥലങ്ങൾക്കു സമീപമുള്ള ഭൂഗർഭജലം, ഉപരിതലജലം, പരിസരവായു, ഇവയുടെ ഗുണനിലവാരം കമ്പോസ്റ്റിംഗ്, ലീച്ചെറ്റ്, ഇൻസിനറേഷൻ എന്നിവയുടെ നിലവാരം മുതലായവ ഉറപ്പാക്കേണ്ടത് യുഎൽബികളാണ്. എന്നാൽ ലാക്ഷണിക പരിശോധന നടത്തിയ 16 യുഎൽബികളിൽ ഒന്നും തന്നെ ഷെഡ്യൂളിൽ വ്യക്തമാക്കിയിരിക്കുന്ന ഗുണനിലവാര പരിശോധന ഒരിക്കലും നടത്തിയിട്ടില്ല. എംഎസ്ഡബ്ല്യു ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള പൊതുവായ ചുമതലയുള്ള ജില്ലാ കളക്ടർമാർ ചട്ടങ്ങൾ അനുവർത്തിക്കാത്തതിന് യുഎൽബികൾക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല (2010 ജൂലൈ) ഭൂഗർഭജലം, വായു, ലീച്ചെറ്റിന്റെ ഗുണം, കമ്പോസ്റ്റിന്റെ ഗുണം എന്നിവയുടെ നിലവാരം യുഎൽബികൾ പാലിക്കുന്നത് മേൽ നിരീക്ഷിക്കുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ എംഎസ്ഡബ്ല്യു ചട്ടങ്ങളിലെ ചട്ടം 6 അധികാരപ്പെടുത്തുന്നു. അധികാരപ്പെടുത്തൽ നൽകുമ്പോൾ അതിൽ ഈ നിലവാരങ്ങൾ വ്യക്തമാക്കുന്നു എന്നതൊഴിച്ചാൽ ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള തങ്ങളുടെ ഉത്തരവാദിത്വം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

നിറവേറ്റിയിരുന്നില്ല. അപകടങ്ങളുടെ ശരിയായ തിരിച്ചറിയലിന്റെ അഭാവത്തിൽ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങളെക്കുറിച്ച് മുനിസിപ്പൽ അധികാരികളും പൊതുജനങ്ങളും ബോധവാന്മാരല്ലാതായിത്തീരുന്നു.

3.1.13.3 മാലിന്യം കൈകാര്യം ചെയ്യുന്നവർക്കുള്ള അപകടം

മാലിന്യം കൈകാര്യം ചെയ്യുന്നതിലുള്ള അപകടം കൂടുതലാണ്. ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ സർവ്വീസിൽ ഇരിക്കെ ഉണ്ടായ 75 മരണങ്ങളിൽ 59 എണ്ണം (78.67 ശതമാനം) ശുചീകരണ തൊഴിലാളികളുടേതാണ്. മാലിന്യം കൈകാര്യം ചെയ്യുന്നത് മതിയായ സുരക്ഷയോടു കൂടിയും തൊഴിലാളികളുടെ പരിരക്ഷയ്ക്ക മതിയായ ശ്രദ്ധ ഉണ്ടായിരിക്കണം എന്നും എംഎസ്ഡബ്ള്യു ചട്ടങ്ങൾ വിഭാവനം ചെയ്യുന്നു. ഓഡിറ്റ് സംഘം മുനിസിപ്പൽ അധികാരികളോടൊപ്പം തെരഞ്ഞെടുത്ത എല്ലാ യുഎൽബികളിലെയും സംസ്കരണ പ്ലാന്റുകൾ/നിക്ഷേപസ്ഥലങ്ങൾ സന്ദർശിക്കുകയും (2010 മാർച്ച് മുതൽ ജൂൺ വരെ) മനുഷ്യ സമ്പർക്കത്താൽ മാലിന്യം കൈകാര്യം ചെയ്യൽ നടത്തിയിരുന്നത് പര്യാപ്തമായ സംരക്ഷണ ഉപകരണ സജ്ജീകരണങ്ങളായ കൈയുറകൾ, ബൂട്ടുകൾ, മുഖം മൂടികൾ എന്നിവ ഇല്ലാതെയായിരുന്നു എന്ന് ശ്രദ്ധിക്കപ്പെട്ടു. എല്ലാ ശുചീകരണ തൊഴിലാളികൾക്കും വൈദ്യ പരിശോധനയ്ക്ക് സഹായം നൽകുന്നതിനുള്ള സാദ്ധ്യതയെ കുറിച്ച് പരിശോധിക്കാമെന്ന് സർക്കാർ സമ്മതിച്ചു (2011 ഫെബ്രുവരി).

3.1.13.4 ഖരമാലിന്യ പരിപാലന പദ്ധതികളുടെ നടപ്പാക്കൽ മേൽ നിരീക്ഷിക്കുന്നതിൽ ശുചിത്വ മിഷനുണ്ടായ വീഴ്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള ഏക ഏജൻസിയായി ശുചിത്വ മിഷനെ[6] (മിഷൻ) സംസ്ഥാന സർക്കാർ രൂപവത്കരിച്ചു. സാങ്കേതികാനുമതി നൽകുമ്പോൾ പദ്ധതികളുടെ സാമ്പത്തിക സാദ്ധ്യതയും സാങ്കേതിക പ്രായോഗികതയും മിഷൻ ഉറപ്പാക്കേണ്ടതാണ്. ഖരമാലിന്യ പരിപാലനം അഭിവൃദ്ധിപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക സഹായം മിഷൻ മുഖാന്തിരം നൽകുന്നു.

---

6 മുൻപ് ഉണ്ടായിരുന്ന ക്ലീൻ കേരള മിഷൻ

മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ പരിപാലന പരിപാടികൾ ഉൾപ്പെടെ ശുചിത്വ കേരളം പരിപാടികളുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ നടപ്പാക്കലിനായി 2004-05 മുതൽ 2009-10 വരെ സംസ്ഥാന സർക്കാർ ₹ 31.98 കോടി മിഷനു നൽകി. മിഷൻ ₹ 17.17 കോടി 52 മുനിസിപ്പാലിറ്റികൾക്ക് ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിനായി വിട്ടുകൊടുത്തു.

നൽകപ്പെട്ട ഫണ്ടുകളുടെ ഉചിതമായ വിനിയോഗവും അവർ അനുമതി നൽകിയ വിധത്തിലുള്ള പദ്ധതികളുടെ പൂർത്തീകരണവും ഉറപ്പാക്കുവാനുള്ള ഉത്തരവാദിത്തം മിഷനെ ഏൽപ്പിച്ചിരുന്നു. എന്നാൽ, മുനിസിപ്പാലിറ്റികളിൽ പദ്ധതികളുടെ നടപ്പാക്കലിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് മിഷന് അറിയില്ലായിരുന്നെന്നും പദ്ധതികളുടെ നിർവഹണം മേൽ നിരീക്ഷിക്കുന്നതിൽ മിഷൻ പരാജയപ്പെട്ടുവെന്നും താഴെപ്പറയുന്ന ഖണ്ഡികകളിൽ നിന്ന് വെളിപ്പെടുന്നു.

മിഷന്റെ രേഖകൾ പ്രകാരം 20 മുനിസിപ്പാലിറ്റികൾ സംസ്കരണ പ്ലാന്റുകൾ കമ്മീഷൻ ചെയ്തു. 22 മുനിസിപ്പാലിറ്റികളിൽ സ്ഥാപിക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ₹ 3.13 കോടി ധനസഹായം നൽകിയ ബാക്കി 10 മുനിസിപ്പാലിറ്റികൾ പദ്ധതികളുടെ നടപ്പാക്കൽ ആരംഭിച്ചിട്ടില്ല (2010 ജൂലൈ).

തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിൽ ഓഡിറ്റ് സംഘം സ്ഥലപരിശോധന നടത്തിയപ്പോൾ ശ്രദ്ധിക്കപ്പെട്ടത്:

- കാസർകോട് മുനിസിപ്പാലിറ്റിയിൽ പണി പുരോഗമിക്കുകയാണ് എന്ന് പറഞ്ഞിരുന്നെങ്കിലും പൊതുജന പ്രതിഷേധം കാരണം ഒരു പണിയും ചെയ്തിട്ടില്ല. 2009 മേയിൽ നൽകിയ ₹ 41.26 ലക്ഷം ധനസഹായം ഒരു ദേശസാൽകൃത ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു (2010 ജൂൺ). ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി മധൂർ ഗ്രാമപഞ്ചായത്തിൽ ₹ 14.27 ലക്ഷത്തിന് വാങ്ങിയ (1996 ജനുവരി) ഭൂമി (5.46 ഏക്കർ) ഉപയോഗിച്ചിട്ടില്ല.
- ₹ 52.55 ലക്ഷം ധനസഹായം നൽകപ്പെട്ട കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ പ്ലാന്റ് ഇതുവരെ (2010 മേയ്) പൂർത്തിയാക്കിയിട്ടില്ല.

- അടൂർ മുനിസിപ്പാലിറ്റി ₹ 79.79 ലക്ഷത്തിനുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് പദ്ധതി[7] ഹാജരാക്കി മിഷനിൽ നിന്നും ₹ 30.99 ലക്ഷത്തിന്റെ സഹായം വാങ്ങി. മിഷൻ ലഭ്യമാക്കിയ റിപ്പോർട്ട് അനുസരിച്ച് പദ്ധതി കമ്മീഷൻ ചെയ്തിരുന്നു. മേൽപറഞ്ഞ പദ്ധതി നടപ്പിലാക്കുന്നതിനു പകരം മുനിസിപ്പാലിറ്റി ₹9.50 ലക്ഷത്തിന്റെ ഒരു വെർമി കമ്പോസ്റ്റിംഗ് പദ്ധതി നിർമ്മിച്ചു. വിൻഡ്രോ കമ്പോസ്റ്റിംഗ് പദ്ധതിയിൽ നിർദ്ദേശിച്ചിരുന്നത് പ്രതിദിനം 10 മെടിക് ടൺ അജൈവമാലിന്യം ഒഴിച്ചുള്ള എല്ലാതരം മാലിന്യങ്ങളും സംസ്കരിക്കാനുള്ള ശേഷിയായിരുന്നു. എന്നാൽ വെർമി കമ്പോസ്റ്റിംഗിൽ ചന്തയിൽ നിന്നുള്ള മാലിന്യങ്ങളും പച്ചക്കറിമാലിന്യങ്ങളും, മസാല/എണ്ണമയമുള്ള ഭക്ഷ്യ മാലിന്യങ്ങൾ തരംതിരിച്ചതിനു ശേഷം ആയി പരിമിതപ്പെടുത്തിയിരുന്നു അതിനാൽ, വെർമി കമ്പോസ്റ്റിംഗ് വിൻഡ്രോ കമ്പോസ്റ്റിംഗിനുള്ള അനുയോജ്യമായ പകര പദ്ധതിയല്ല. യഥാർത്ഥത്തിൽ സ്ഥാപിച്ച പദ്ധതിയ്ക്കുള്ള അനുവദനീയമായ ധനസഹായം നിർണ്ണയിച്ച് അധികമുള്ള തുക തിരിച്ചു വാങ്ങുന്നതിനു മിഷൻ യാതൊരു നടപടിയും എടുത്തിട്ടില്ല.

3.1.14 പദ്ധതികളുടെ നടപ്പാക്കലിൽ ഉള്ള ന്യൂനതകൾ

3.1.14.1 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടി ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കുന്നതിനായുള്ള ഒരു സമഗ്ര പദ്ധതി (മുടക്കുമുതൽ: ₹ 52.55 ലക്ഷം) ശുചിത്വ മിഷൻ 2006 ഒക്ടോബറിൽ അംഗീകരിച്ചു. മിഷൻ നൽകിയ ₹ 32.75 ലക്ഷത്തിനു പുറമെ യുഐഡിഎസ്എസ്എംടിയുടെ കീഴിൽ ലഭിച്ച ₹ 26 ലക്ഷവും പദ്ധതിക്കു വേണ്ടി മാറ്റിവച്ചിരുന്നു. ഈ ജോലി കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ[8] 2006 സെപ്റ്റംബറിൽ ഏൽപ്പിക്കുകയും മിഷൻ നിർദ്ദേശിച്ചതനുസരിച്ച് മുൻകൂറായി ₹ 26 ലക്ഷം രണ്ടു ഗഡുക്കളായി (2006 ഒക്ടോബറിലും 2006 ഡിസംബറിലും) നൽകി. പണി 2007 മാർച്ചിൽ പൂർത്തിയാക്കേണ്ടതായിരുന്നെങ്കിലും വിൻഡ്രോ കമ്പോസ്റ്റിംഗ്

7 ജൈവവസ്തുക്കൾ അല്പെങ്കിൽ പെട്ടെന്ന് ജീർണ്ണിക്കുന്ന മാലിന്യം നീണ്ട വരികളിലായി (വിൻഡ്രോസ്) കൂട്ടിയിട്ട് കമ്പോസ്റ്റ് ഉണ്ടാക്കുന്ന പ്രക്രിയ. ഈ രീതി വലിയ അളവിൽ കമ്പോസ്റ്റ് ഉണ്ടാക്കുന്നതിന് അനുയോജ്യം.

8 തദ്ദേശ സ്ഥാപനങ്ങളുടെ ഖരമാലിന്യ പരിപാലനത്തിനു വേണ്ടി സർക്കാർ അംഗീകരിച്ച സേവനദാതാവ്

ഷെഡ്ഡിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണം മാത്രമേ ₹ 30.65 ലക്ഷം ചെലവിൽ 2010 ജൂൺ വരെ പൂർത്തിയാക്കിയിട്ടുള്ളൂ. പദ്ധതിയുടെ ബാക്കിയുള്ള ഘടകങ്ങളുടെ പണി സൊസൈറ്റി ചെയ്തിട്ടില്ല. ഒരു നോട്ടീസ് നൽകിയതൊഴിച്ചാൽ സൊസൈറ്റിക്ക് എതിരെ യാതൊരു നടപടിയും മുനിസിപ്പാലിറ്റി എടുത്തിട്ടില്ല. എസ്റ്റിമേറ്റുകൾ പരിഷ്കരിക്കണമെന്ന സൊസൈറ്റിയുടെ ആവശ്യം ശുചിത്വ മിഷന്റെ പക്കൽ തീരുമാനമെടുക്കാൻ ശേഷിക്കുന്നു (2010 ജൂൺ). മുനിസിപ്പാലിറ്റി 2010 ജൂൺ വരെ സൊസൈറ്റിയ്ക്ക് ക്രമപ്പെടുത്താത്ത ₹ 8.25 ലക്ഷം മുൻകൂർ ഉൾപ്പെടെ ₹38.91 ലക്ഷം നൽകി. അങ്ങനെ മുനിസിപ്പാലിറ്റി അഭിമുഖീകരിക്കുന്ന ഖരമാലിന്യ പരിപാലന പ്രശ്നങ്ങൾ ₹ 38.91 ലക്ഷം മുടക്കിയിട്ടും പരിഹാരമില്ലാതെ അവശേഷിച്ചിരുന്നു.

3.1.14.2 തളിപ്പറമ്പ് മുനിസിപ്പാലിറ്റി

ഖരമാലിന്യ പരിപാലന പദ്ധതികളുടെ ഭാഗമായി തളിപ്പറമ്പ മുനിസിപ്പാലിറ്റി ബക്കറ്റുകൾ, സ്റ്റീൽ കൈവണ്ടി, ഉന്തുവണ്ടി, വെർമി കമ്പോസ്റ്റ് ബോക്സ് എന്നിവ മൊത്തം ₹ 20 ലക്ഷത്തിന് റെയ്ഡ്കോ വഴി വാങ്ങി (2008 ജൂലൈ). ഒരു ജോഡി ബക്കറ്റുകൾ (ഒരു പച്ചയും ഒരു വെള്ളയും) വീതം, മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കുന്നത് ഉറപ്പാക്കാനായി, കടയുടമകൾക്ക് നൽകുവാൻ ഉദ്ദേശിച്ചിരുന്നു. ഓരോ ജോഡി ബക്കറ്റിന്റെയും വിലയുടെ അമ്പത് ശതമാനം (50 ലിറ്ററിന്റെ ഒരു ജോഡിക്ക് ₹450, 20 ലിറ്റർ ബക്കറ്റിന്റെ ഒരു ജോഡിയ്ക്ക് ₹ 200) കടയുടമകൾ നൽകണമായിരുന്നു. 2010 മാർച്ച് വരെ 50 ലിറ്ററിന്റെ 140 ജോഡികളും 20 ലിറ്റർ ബക്കറ്റിന്റെ 336 ജോഡികളും മാത്രമേ വിതരണം ചെയ്യുള്ളൂ. മുനിസിപ്പാലിറ്റി ബക്കറ്റുകൾക്ക് ഉയർന്ന വില ആവശ്യപ്പെട്ടതാണ് കടയുടമകളുടെ മോശമായ പ്രതികരണത്തിന് കാരണമായി പറഞ്ഞത്. വിതരണം ചെയ്യാത്ത ബക്കറ്റുകൾ (വില: ₹7.95 ലക്ഷം) മുനിസിപ്പൽ പരിസരത്തുള്ള ടൗൺ ഹാൾ കെട്ടിടത്തിൽ സൂക്ഷിച്ചിരുന്നു. വിതരണം ചെയ്യാത്ത ബക്കറ്റുകൾ ഉപയോഗിക്കുവാനായി വേറെ ഒരു ഖരമാലിന്യ പരിപാലന പരിപാടികളും മുനിസിപ്പാലിറ്റി ആസൂത്രണം ചെയ്തിട്ടില്ല (2010 മാർച്ച്).

മുനിസിപ്പൽ ഖരമാലിന്യം കുറയ്ക്കുന്നതിനായി താഴ്ന്ന തലത്തിൽ വെർമി കമ്പോസ്റ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വീടുകളിൽ വിതരണം ചെയ്യാൻ

വാങ്ങിയ (വില: ₹7 ലക്ഷം), വെർമി കമ്പോസ്റ്റ് ബോക്സുകൾ (500 എണ്ണം) അത്തരം പദ്ധതികളൊന്നും 2010 മാർച്ച് വരെ ശ്രപപ്പെടുത്താത്തതു കാരണം ഉപയോഗിച്ചിട്ടില്ല. ഏഴ് ഉന്തുവണ്ടികൾ (₹0.70 ലക്ഷം), അഞ്ചു കൈവണ്ടികൾ (₹0.75 ലക്ഷം) എന്നിവയും ഉപയോഗിക്കാതെ ടൗൺ ഹാളിൽ കിടപ്പുണ്ടായിരുന്നു. ന്യൂനതയാർന്ന ആസൂത്രണവും അനുചിതമായ നടപ്പാക്കലും മൂലം ₹16.40 ലക്ഷ[9] ത്തിന്റെ ചെലവ് ഫലപ്രദമല്ലാതായി.

3.1.14.3 തിരൂർ മുനിസിപ്പാലിറ്റി

തിരൂർ മുനിസിപ്പാലിറ്റി ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് മൊത്തം ₹41 ലക്ഷം ചെലവിൽ മെസ്സേഴ്സ് ടെക്നോ ഗ്രൂപ്പ്, ആലുവ മുഖാന്തരം സ്ഥാപിക്കുകയും 2008 ഏപ്രിലിൽ പ്ലാന്റ് കമ്മീഷൻ ചെയ്യുകയും ചെയ്തു. പ്ലാന്റ് മൊത്തം₹41 ലക്ഷം ചെലവിൽ പ്രതിദിനം 10 മെടിക് ടൺ സംസ്കരണ ശേഷിയോടെ നിർമ്മിച്ചതാണെങ്കിലും, 2009-10-ൽ പ്രതിദിനം സംസ്കരിച്ചിരുന്ന മാലിന്യത്തിന്റെ ശരാശരി അളവ് നിസ്സാരമായിരുന്നു (0.311 മെടിക് ടൺ). സ്വീകരിച്ചിരുന്ന സാങ്കേതിക വിദ്യ 'വേസ്റ്റ് പ്രോ' ആയിരുന്നു. ഇതിൽ വിൻഡ്രോ കംമ്പോസ്റ്റിംഗിനു മുമ്പ് അകത്തേയ്ക്ക് നൽകുന്ന മാലിന്യം ചെറു കഷണങ്ങൾ ആക്കുന്നു. ഉയർന്ന മൂലധന ചെലവും പ്രവർത്തന ചെലവും ഉത്പാദിപ്പിക്കുന്ന വളത്തിന്റെ കുറഞ്ഞ ഗുണനിലവാരവും കാരണം ഈ പദ്ധതിയ്ക്ക് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയിട്ടില്ല. എന്നാൽ സംസ്കരണത്തിന്റെ സാങ്കേതിക വിദ്യ മാറ്റണം എന്ന നിർദ്ദേശത്തോടെ മുനിസിപ്പാലിറ്റിയ്ക്ക് മിഷൻ ₹ 29.33 ലക്ഷം ധനസഹായം നൽകി (2005 ഡിസംബർ). ശുചിത്വ മിഷന്റെ നിർദ്ദേശം മുനിസിപ്പാലിറ്റി പാലിച്ചില്ല. മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് ₹ 41 ലക്ഷം ചെലവാക്കിയെങ്കിലും മുനിസിപ്പാലിറ്റി ശേഖരിച്ച മാലിന്യത്തിന്റെ ഏറിയ ഭാഗവും (97 ശതമാനം) സംസ്കരിക്കാതെ നിക്ഷേപസ്ഥാനത്ത് കൂനകൂട്ടിയിടുകയും അതുവഴി പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും അപകട സാദ്ധ്യത ഉണ്ടാക്കുകയും ചെയ്തു.

---

9 വിതരണം ചെയ്യാത്ത ബക്കറ്റുകളുടെ വില : ₹ 7.95 ലക്ഷം
വെർമി കമ്പോസ്റ്റ് ബോക്സിന്റെ വില : ₹ 7.00 ലക്ഷം
ഏഴ് ഉന്തുവണ്ടികളുടെ വില : ₹ 0.70 ലക്ഷം
അഞ്ച് കൈവണ്ടികളുടെ വില : ₹ 0.75 ലക്ഷം
ആകെ : ₹ 16.40 ലക്ഷം

3.1.14.4 ചാവക്കാട് മുനിസിപ്പാലിറ്റി

മുനിസിപ്പാലിറ്റിയിൽ ഉത്പാദിപ്പിച്ചിരുന്ന മാലിന്യം പ്രതിദിനം 11.44 മെട്രിക് ടണ്ണോളവും ശേഖരിക്കുകയും നിക്ഷേപസ്ഥാനത്തേയ്ക്ക് കൊണ്ടു പോയതുമായ മാലിന്യം പ്രതിദിനം 6.5 മെട്രിക് ടണ്ണുമായിരുന്നു. ഒരു സമഗ്ര ഖരമാലിന്യ പരിപാലന പദ്ധതി ₹ 61.66 ലക്ഷത്തിന്റെ ചെലവിൽ സ്ഥാപിക്കുവാൻ മുനിസിപ്പൽ കൗൺസിൽ തീരുമാനിക്കുകയും (2007 നവംബർ) പണി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ (എസ്ഇയുഎഫ്) ഏൽപ്പിക്കുകയും (2008 ഫെബ്രുവരി) ചെയ്തു. പൂർത്തിയാക്കേണ്ട കാലാവധി ആറുമാസമായിരുന്നു. പണി മന്ദഗതിയിൽ പുരോഗമിച്ചതുകാരണം അത് ഇതുവരെ (2010 മേയ്) പൂർത്തിയാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി 2010 മേയ് വരെ എസ്ഇയുഎഫിന് ₹25.60 ലക്ഷം നൽകി. പദ്ധതി പൂർത്തിയാക്കുന്നതിലുള്ള കാലതാമസം കാരണം, മുനിസിപ്പാലിറ്റി ഇപ്പോഴും അസംസ്കൃത മാലിന്യം കൂന്പാരമായി ഇടുന്നു. സ്ഥലത്തു കൊണ്ടുവരുന്ന 6.5 മെട്രിക് ടൺ മാലിന്യത്തിൽ നിർദ്ദിഷ്ട പ്ലാന്റിന്റെ സംസ്കരണ ശേഷി 1.5 മെട്രിക് ടൺ മാത്രമാണെന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. അതിനാൽ പ്ലാന്റ് പൂർത്തിയാക്കി കഴിഞ്ഞാലും മുനിസിപ്പാലിറ്റിയ്ക്ക് സ്ഥലത്ത് കൊണ്ടുവരുന്ന മാലിന്യത്തിന്റെ 25 ശതമാനത്തിന് താഴെ മാത്രമെ സംസ്കരിക്കാൻ കഴിയുകയുള്ളു.

3.1.14.5 ആലപ്പുഴ മുനിസിപ്പാലിറ്റി

ഒരു മാലിന്യ സംസ്കരണ പ്ലാന്റ് ₹3.77 കോടി അടങ്കൽ തുകയ്ക്ക് സ്ഥാപിക്കുവാൻ മുനിസിപ്പാലിറ്റി മെസ്സേഴ്സ് ആന്ധ്രാപ്രദേശ് ടെക്നോളജി ഡെവലപ്മെന്റ് സെന്ററുമായി (എപിറ്റിഡിസി) ഒരു കരാറിൽ ഏർപ്പെട്ടു (2006 ഫെബ്രുവരി). പ്ലാന്റ് 2007 മാർച്ചിൽ പൂർത്തിയാക്കണമെന്ന് ഉദ്ദേശിച്ചിരുന്നു. കരാർ പ്രകാരം പദ്ധതി കമ്മീഷൻ ചെയ്തതിനു ശേഷം എപിറ്റിഡിസി പ്ലാന്റിന്റെ കാര്യക്ഷമത തെളിയിക്കുന്നതിനായി 12 മാസം ട്രയൽ റൺ നടത്തേണ്ടതും, അതിനു ശേഷം അടുത്ത 12 മാസം സൗജന്യമായി പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ടതുമാണ്. പ്ലാന്റ് 2010 മേയിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. നിർമ്മാണത്തിന്റെ ആകെ ചെലവ് ₹3.04 കോടിയായിരുന്നു. എന്നാൽ തൊഴിൽ തർക്കം കാരണം പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണം മേൽനിരീക്ഷിക്കാൻ ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കണമെന്നും, പണം നൽകേണ്ടത് മുനിസിപ്പൽ എൻജിനീയർ അളവ് പരിശോധന നടത്തിയതിന ശേഷം സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമായിരിക്കണമെന്നും കരട് പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുമ്പോൾ ശുചിത്വ മിഷൻ മുനിസിപ്പാലിറ്റിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരം ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നില്ല. പണം നൽകിയിരുന്നത് എപിറ്റിഡിസി സമർപ്പിച്ച റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുടെ അടിസ്ഥാനത്തിൽ യാതൊരു അളവു പരിശോധനയും ഇല്ലാതെയായിരുന്നു. നടപ്പാക്കാത്ത 'പഴയ മാലിന്യത്തിന്റെ ബയോറെമഡിയേഷൻ' എന്ന ഇനം പണിയ്ക്കും മുനിസിപ്പാലിറ്റി ₹ 19 ലക്ഷം നൽകിയെന്ന് കണ്ടെത്തി.

3.1.15 ഫണ്ടുകളുടെ നിർവ്വഹണക്ഷമത

3.1.15.1 ഖരമാലിന്യ പരിപാലനത്തിനുള്ള ചെലവിന്റെ വകയിരുത്തൽ

ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികൾ ഖരമാലിന്യ പരിപാലനത്തിന് 2005-10 വരെയുള്ള അഞ്ചുവർഷം വാർഷിക പദ്ധതിയിൽ വകയിരുത്തിയതും ചെലവാക്കിയതും ആയ തുകകൾ പട്ടിക 3.8-ൽ നൽകിയിരിക്കുന്നതുപോലെ ആയിരുന്നു.

പട്ടിക 3.8 വകയിരുത്തലും ചെലവും

(₹ ലക്ഷത്തിൽ)

ക്രമ നമ്പർ	യുഎൽബി-യുടെ പേര്	എസ്ഡബ്ല്യുഎം-ന് വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക	ചെലവ്	വകയിരുത്തലുമായി ചെലവിന്റെ ശതമാനം
1	പെരുമ്പാവൂർ	170.26	24.35	14.30
2	ആറ്റിങ്ങൽ	676.00	148.00	21.89
3	തൃശ്ശൂർ	626.56	398.14	63.54
4	അങ്കമാലി	293.34	65.31	22.26
5	പയ്യന്നൂർ	54.55	20.81	38.15
6	തളിപ്പറമ്പ	153.55	33.33	21.71
7	ചേർത്തല	528.00	14.71	2.79

8	കാഞ്ഞങ്ങാട്	569.50	64.40	11.31
9	ആലപ്പുഴ	738.30	272.65	36.93
10	തിരൂർ	115.86	81.35	70.21
11	കാസർഗോഡ്	371.00	33.96	9.15
12	ചാവക്കാട്	163.62	25.80	15.77
13	മലപ്പുറം	524.63	126.17	24.05
14	പെരിന്തൽമണ്ണ	379.52	134.42	35.42
15	കോഴിക്കോട്	941.11	514.63	54.68
16	അട്ടൂർ	175.22	154.74	88.31

വാർഷിക പദ്ധതിയിൽ വകയിരുത്തിയിരുന്ന തുകയിൽ യുഎൽബികൾ വിനിയോഗിച്ചത് 3 ശതമാനത്തിനും 89 ശതമാനത്തിനും ഇടയിൽ ആയിരുന്നു. അനുയോജ്യമായ സ്ഥലത്തിന്റെ അഭാവത്തിൽ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാത്തതു മൂലം ചേർത്തല, കാസർകോട്, പെരുമ്പാവൂർ എന്നിവ വളരെ കുറച്ചു തുക മാത്രമേ വിനിയോഗിച്ചുള്ളൂ. ഖരമാലിന്യ പരിപാലനത്തിന് വാർഷിക പദ്ധതിയിൽ നീക്കിവച്ചിരുന്ന തുകകൾ വിനിയോഗിക്കാതിരുന്നത് ചൂണ്ടിക്കാണിക്കുന്നത് ഖരമാലിന്യ പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിൽ യുഎൽബികളുടെ ഭാഗത്തുനിന്നുള്ള ഉദാസീനതയെയാണ്.

3.1.15.2 സേവനദാതാവിനുള്ള അനർഹമായ ആനുകൂല്യം

കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (സൊസൈറ്റി) ഖരമാലിന്യ പരിപാലനമേഖലയിലെ ഒരു സേവനദാതാവാണ്. സൊസൈറ്റി ഒരു അംഗീകൃത ഏജൻസി അല്ലാത്തതു കാരണം അവർ ഏതെങ്കിലും മുൻകൂറുകൾക്കോ നികുതികളിൽ നിന്ന് ഒഴിവാക്കലിനോ അർഹതയുള്ളവരായിരുന്നില്ല. ശുചിത്വമിഷൻ സൊസൈറ്റിയ്ക്ക് അനുവദിച്ച അനർഹമായ ആനുകൂല്യങ്ങളുടെ ഉദാഹരണങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

1) പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നിർവ്വഹണം) ചട്ടങ്ങൾ, 1997 പ്രകാരവും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ (1999 ജൂലൈ) പ്രകാരവും മുൻകൂർ അനുവദിച്ചിരുന്നത് ഗുണഭോക്തൃ കമ്മിറ്റികൾക്കും അംഗീകൃത

ഏജൻസികൾക്കും മാത്രമാണ്. ഖരമാലിന്യ പരിപാലന പദ്ധതികളുടെ നടപ്പാക്കലിന് സൊസൈറ്റി ഒരു അംഗീകൃത ഏജൻസി അല്ലാതിരുന്നിട്ടും 2006 ഒക്ടോബറിലും, 2006 ഡിസംബറിലും സൊസൈറ്റിയ്ക്ക് മുൻകൂർ നൽകുവാൻ ശുചിത്വ മിഷൻ കാഞ്ഞങ്ങാട്, അടൂർ എന്നീ മുനിസിപ്പാലിറ്റികളുടെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. അതിൻ പ്രകാരം കാഞ്ഞങ്ങാട് അടൂർ മുനിസിപ്പാലിറ്റികളിലെ സെക്രട്ടറിമാർ യഥാക്രമം ₹ 26 ലക്ഷവും ₹ 7.5 ലക്ഷവും സൊസൈറ്റിയ്ക്ക് നൽകി (2006 ഡിസംബർ/ 2007 ജനുവരി). മുൻകൂർ നൽകിയതിൽ വിനിയോഗിക്കാതെ ബാക്കിയായ ₹ 12.51 ലക്ഷം (കാഞ്ഞങ്ങാട്: ₹ 8.25 ലക്ഷം, അടൂർ ₹ 4.26 ലക്ഷം) 2010 മേയ് വരെയും സൊസൈറ്റിയുടെ കൈവശമാണ്.

2) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഒരു ഖരമാലിന്യ പരിപാലന പ്ലാന്റിന്റെയും ഒരു ബയോഗ്യാസ് പ്ലാന്റിന്റെയും നിർമ്മാണം സൊസൈറ്റി നിർവ്വഹിക്കുകയും അന്തിമ തുക 2009 ജനുവരിയിലും, 2009 ഡിസംബറിലും നൽകി. കരാറുകാരന്റെ പക്കൽ നിന്ന് നികുതി കുറക്കേണ്ട എന്നും അത് മുനിസിപ്പാലിറ്റി നൽകിയാൽ മതിയെന്നും ശുചിത്വ മിഷൻ മുനിസിപ്പാലിറ്റിയോടു നിർദ്ദേശിച്ചു സൊസൈറ്റിയ്ക്ക വേണ്ടി ₹ 5.35 ലക്ഷത്തിന്റെ ചട്ടപ്രകാരമുള്ള കിഴിക്കലുകൾ (വാറ്റ്, ആദായനികുതി, കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധി സംഭാവനകൾ) മുനിസിപ്പാലിറ്റി നൽകി.

3.1.15.3 ഖരമാലിന്യ പരിപാലന പദ്ധതികൾക്കു വേണ്ടി ശുചിത്വ മിഷൻ നൽകിയ തുകകൾ വിനിയോഗിക്കാതെ ശേഷിച്ചിരുന്നു

1) അങ്കമാലി മുനിസിപ്പൽ കൗൺസിൽ അതിന്റെ കൈവശം അയ്യായിപാടത്തുള്ള ഭൂമിയിൽ (0.87 ഏക്കർ) മൊത്തം ₹ 82 ലക്ഷം മുതൽമുടക്കിൽ ഒരു ഖരമാലിന്യ പരിപാലന പദ്ധതി നടപ്പാക്കുന്നതിനുള്ള കരട് പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു (2009 മാർച്ച്). ശുചിത്വ മിഷൻ ₹ 68 ലക്ഷത്തിന് സാങ്കേതിക അനുമതി നൽകുകയും ₹ 25.70 ലക്ഷം ധനസഹായം 2009 ഏപ്രിലിൽ നൽകുകയും ചെയ്തു. എന്നാൽ സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി ഇതുവരെ (2010 ജൂൺ) നടപ്പാക്കിയിട്ടില്ല. ₹ 25.70 ലക്ഷത്തിന്റെ ഫണ്ടുകൾ ഇതുവരെ ഉപയോഗിക്കാതെ

ബാങ്കിൽ അവശേഷിച്ചിരുന്നു. മുനിസിപ്പാലിറ്റി ശേഖരിച്ചിരുന്ന മുഴുവൻ മാലിന്യവും ഒരു അറവുശാല നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന 50 സെന്റ് സ്ഥലത്ത് കൂട്ടിയിട്ടിരുന്നു. ഈ സ്ഥലം തീർന്നപ്പോൾ മുനിസിപ്പാലിറ്റി മാലിന്യം അടുത്തുള്ള സ്വകാര്യ ഭൂമിയിൽ കൂട്ടിയിടാൻ തുടങ്ങിയിട്ടുണ്ട്.

2) ചേർത്തല മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടി ഒരു ഖരമാലിന്യ പരിപാലന പ്രോജക്ട് (മുതൽമുടക്ക്: ₹ 1.25 കോടി) സർക്കാർ അംഗീകരിക്കുകയും (2005 മാർച്ച്), പദ്ധതിയ്ക്ക് ശുചിത്വ മിഷൻ ₹ 32.88 ലക്ഷം അനുവദിക്കുകയും ചെയ്തു. കൊക്കോതമംഗലം വില്ലേജിൽ കൈവശപ്പെടുത്താൻ ഉദ്ദേശിച്ചിരുന്ന 2.7 ഏക്കർ സ്ഥലത്ത് മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യം സ്ഥാപിക്കുവാനും പ്രവർത്തിപ്പിക്കുവാനുമുള്ള അധികാരപ്പെടുത്തൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ചു (2007 മേയ്). സമീപവാസികളുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് ഉദ്ദേശിച്ച സ്ഥലത്തെ പദ്ധതി ഉപേക്ഷിക്കുവാൻ മുനിസിപ്പാലിറ്റി തീരുമാനിച്ചു (2009 ജൂലൈ). അതിനിടയിൽ യുഐഡിഎസ്എസ്എംടിയുടെ കീഴിൽ ₹ 1.06 കോടി കേന്ദ്ര സഹായത്തോടെ ഒരു സമഗ്ര ഖരമാലിന്യ പരിപാലന പദ്ധതി ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ചു (2006 ഡിസംബർ) എങ്കിലും അനുയോജ്യമായ ഭൂമി ഇല്ലാത്തതിനാൽ സംസ്ഥാനതല അനുമതി നൽകൽ കമ്മിറ്റി അത് മാറ്റിവച്ചു (2007 മാർച്ച്). പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്താൻ 2010 ജൂണിലും മുനിസിപ്പാലിറ്റിയ്ക്ക് കഴിഞ്ഞിരുന്നില്ല. അനുവദിച്ച ധനസഹായം (₹ 1.39 കോടി) പ്രയോജനപ്പെടുത്തുന്നതിലും പരാജയപ്പെട്ടു.

3) പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഒരു ഖരമാലിന്യ പരിപാലന പദ്ധതി സ്ഥാപിക്കുന്നതിനായി ₹ 16.47 ലക്ഷം ചെലവിൽ 1.56 ഏക്കർ ഭൂമി 2005 മേയിൽ വാങ്ങി. മുനിസിപ്പാലിറ്റി കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ₹ 82.67 ലക്ഷം അടങ്കൽ തുകയ്ക്ക് അതിന് സർക്കാരിൽ നിന്ന് അംഗീകാരം വാങ്ങുകയും ചെയ്തു (2007 നവംബർ). ശുചിത്വ മിഷൻ 2008 ജനുവരിയിൽ മിഷന്റെ സഹായമായി ₹ 30.26 ലക്ഷം നൽകി. മുനിസിപ്പാലിറ്റി പണി ഏറ്റെടുത്തിട്ടില്ല; അതിനുള്ള

കാരണങ്ങൾ രേഖകളിലുണ്ടായിരുന്നില്ല. മുനിസിപ്പാലിറ്റി സ്വകാര്യ ഭൂമികളിൽ അനധികൃതമായി മാലിന്യം കൂട്ടിയിട്ടിരുന്നു. ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ₹ 30.26 ലക്ഷം ഒരു ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരുന്നു.

3.1.15.4 മുൻകൂറുകൾ തിരിച്ച് പിടിക്കാതിരിക്കൽ

അടൂർ മുനിസിപ്പാലിറ്റി ഒരു കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെ മൊത്തം ₹40 ലക്ഷം ചെലവിൽ ഒരു കമ്പോസ്റ്റ് പ്ലാന്റിന്റെ നിർമ്മാണം കെയ്കൊയെ ഏൽപ്പിച്ചു (2005 ജൂലൈ). ₹10 ലക്ഷം മുൻകൂറായി കെയ്കൊയ്ക്ക് നൽകിയിരുന്നെങ്കിലും (2005 ജൂലൈ), മുനിസിപ്പാലിറ്റി സ്ഥലം കൈമാറിയിരുന്നില്ല. സമ്മതിച്ച നിരക്കിൽ പണി ചെയ്യുവാൻ കഴിയുകയില്ലാ എന്ന് കെയ്കൊ അറിയിക്കുകയും (2006 ജനുവരി) നിരക്കുകളിൽ വർദ്ധന ആവശ്യപ്പെടുകയും ചെയ്തു. പദ്ധതി പ്രായോഗികമല്ലെന്ന് കണ്ട് മുനിസിപ്പാലിറ്റി കരാർ റദ്ദു ചെയ്തു. മുനിസിപ്പാലിറ്റിയിൽ നിന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കെയ്കൊ മുൻകൂർ തിരിച്ചു നൽകിയിട്ടില്ല. മുൻകൂർ തിരിച്ചു പിടിക്കുന്നതിന് നിയമ നടപടികൾ എടുക്കാൻ മുനിസിപ്പാലിറ്റിയോട് സർക്കാർ നിർദ്ദേശിച്ചെങ്കിലും (2007 ജൂലൈ) ഇക്കാര്യത്തിൽ ഒരു നിയമ നടപടിയും അവർ തുടങ്ങിയിട്ടില്ല.

3.1.15.5 സർക്കാർ ഫണ്ടുകൾ കെയുആർഡിഎഫ്സിയിൽ തടയപ്പെട്ടു കിടക്കുന്നു

യുഎൽബികളിൽ ഖരമാലിന്യ പരിപാലനത്തിനുള്ള നടപ്പാക്കൽ ഏജൻസിയായി കേരള അർബൻ റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനെ (കെയുആർഡിഎഫ്സി) സർക്കാർ അംഗീകരിക്കുകയും (1999 മാർച്ച്) കെയുആർഡിഎഫ്സിയ്ക്ക് കൈമാറ്റം ചെയ്യുന്നതിനായി ₹ 1.21 കോടി ചീഫ് ടൗൺ പ്ലാനർക്ക് (സിറ്റിപി) അനുവദിക്കുകയും ചെയ്തു. സർക്കാരിൽ നിന്നുള്ള ഫണ്ട് അടിസ്ഥാനമൂലധനമായി ഉപയോഗിച്ചുകൊണ്ട് സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം സമാഹരിക്കുന്ന കെയുആർഡിഎഫ്സിയിൽ നിന്ന് കുറഞ്ഞ പലിശയ്ക്കുള്ള വായ്പ പ്രയോജനപ്പെടുത്തി ഖരമാലിന്യ പരിപാലന പദ്ധതികൾ ഏറ്റെടുക്കാൻ യുഎൽബികളെ പ്രാപ്തരാക്കുക എന്നതായിരുന്നു സർക്കാരിന്റെ ഉദ്ദേശ്യം. സുപ്രീം കോടതിയുടെ ഇടക്കാല

നിർദ്ദേശത്തിനനുസരിച്ച് ഖരമാലിന്യ പരിപാലന പദ്ധതികൾ ഏറ്റെടുക്കേണ്ട അടിയന്തിര ആവശ്യം പരിഗണിച്ച് മറ്റ ഫണ്ടുകളിൽ നിന്ന് പുനർ ധനവിനിയോഗം നടത്തിയാണ് സർക്കാർ ഫണ്ട് സജ്ജമാക്കിയത്. 1999 മാർച്ചിൽ സിറ്റിപിക്ക്-ലഭിച്ച ഫണ്ട് 1999 മേയിൽ കെയുആർഡിഎഫ്സിയ്ക്ക് കൈമാറി. പന്ത്രണ്ട് യുഎൽബികൾക്ക് ഓരോന്നിനും 11.5 ശതമാനം പലിശ നിരക്കിൽ ₹30 ലക്ഷം വായ്പ നൽകുവാനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് കെയുആർഡിഎഫ്സി സമർപ്പിച്ചത് (1999 ജൂലൈ) സർക്കാർ അംഗീകരിച്ചു (2000 മാർച്ച്). പിന്നീട് യുഎൽബികൾക്ക് പരമാവധി ₹10 ലക്ഷം വായ്പ രണ്ടു ശതമാനത്തിൽ കൂടാത്ത പലിശ നിരക്കിൽ നൽകുവാൻ കെയുആർഡിഎഫ്സിയെ സർക്കാർ അറിയിച്ചു (2000 ജൂലൈ). എന്നാൽ, കോഴിക്കോട് കോർപ്പറേഷന് 2000 സെപ്റ്റംബറിൽ ₹10 ലക്ഷം നൽകിയതൊഴിച്ചാൽ പദ്ധതി നടപ്പാക്കുന്നതിൽ യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല ബാക്കിയുള്ള ₹ 1.11 കോടി 2009 ജനുവരി 20 വരെ ട്രഷറിയിലും അതിനു ശേഷം അടുത്ത ഒരു വർഷം വിജയാബാങ്കിലും സ്ഥിരനിക്ഷേപമായി സൂക്ഷിച്ചിരുന്നു. അതിനു ശേഷം കെയുആർഡിഎഫ്സി തുക ട്രഷറി പബ്ളിക്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി. നിക്ഷേപത്തിന് 2010 ജനുവരി 20 വരെ കിട്ടിയ പലിശ ₹ 1.06 കോടി ആയിരുന്നു. കോഴിക്കോട് കോർപ്പറേഷനു നൽകിയ വായ്പ ₹ 0.99 ലക്ഷം പലിശ സഹിതം 2008 മാർച്ച് 31-ന് തിരിച്ചടച്ചു. നിക്ഷേപത്തിന് ലഭിച്ച പലിശ കെയുആർഡിഎഫ്സി അവരുടെ പലിശ വരുമാനമായി സ്വന്തമാക്കി. അങ്ങനെ യുഎൽബികളിലെ ഖരമാലിന്യ പരിപാലനത്തിന്റെ നടപ്പാക്കലിനു വേണ്ടിയുള്ള സർക്കാർ നൽകിയ തുക കഴിഞ്ഞ 11 വർഷമായി കെയുആർഡിഎഫ്സിയുടെ കൈവശം ഉപയോഗിക്കാതെ അവശേഷിച്ചിരുന്നു. ഖരമാലിന്യപരിപാലന പരിപാടികളുടെ നടപ്പാക്കലിനു വേണ്ടിയുള്ള ഫണ്ടുകൾ സർക്കാർ ശുചിത്വ മിഷൻ വഴി നൽകുന്നതിനാൽ, തുകകൾ കെയുആർഡിഎഫ്സിയിൽ സൂക്ഷിക്കേണ്ട യാതൊരു ആവശ്യവുമില്ല.

3.1.16 മേൽ നിരീക്ഷണവും പ്രാബല്യത്തിലാക്കലും

ഖരമാലിന്യ പരിപാലന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനു വേണ്ടി യുഎൽബികൾ താഴെ പറയുന്ന നടപടികൾ എടുക്കണമെന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലും എംഎസ്ഡബ്ളു ചട്ടങ്ങളിലും ആവശ്യപ്പെടുന്നു.

- മാലിന്യം തരംതിരിച്ച് ഉറവിടത്തിൽ സംഭരിക്കുന്നു എന്ന് ഉറപ്പുവരുത്തുക
- മാലിന്യം വീടുകളിൽ നിന്ന് പ്രാഥമികമായി ശേഖരിക്കുക
- ദിവസേന തെരുവു തൂക്കുക
- മൂടിയില്ലാത്ത മാലിന്യ ശേഖരണ തൊട്ടികൾ/വീപ്പകൾ നിരോധിച്ച് മൂടിയുള്ള ശേഖരണ സജ്ജീകരണം ഏർപ്പെടുത്തുക
- മാലിന്യം മൂടിയുള്ള വാഹനങ്ങളിൽ കൊണ്ടുപോകുക
- കമ്പോസ്റ്റിംഗ് വഴിയോ ഊർജ്ജം വീണ്ടെടുക്കുന്ന രീതികളിലൂടെയോ മാലിന്യം സംസ്കരിക്കുക
- എൻജിനിയേർഡ് ലാൻഡ്ഫിൽ മുഖാന്തരം അജൈവ മാലിന്യം നിർമ്മാർജ്ജനം ചെയ്യുക.

ഓരോ യുഎൽബിയും ഖരമാലിന്യപരിപാലന സേവനങ്ങളെക്കുറിച്ച് ഫാറം II ൽ ഒരു വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ജൂൺ 30-ന് മുമ്പ് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. എംഎസ്ഡബ്ള്യു ചട്ടങ്ങളുടെ ചട്ടം 5 (2) പ്രകാരം അവരവരുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ കളക്ടർമാർക്കാണ്. മലപ്പുറം മുനിസിപ്പാലിറ്റി മാത്രമാണ് എംഎസ്ഡബ്ള്യു ചട്ടങ്ങളുടെ ചട്ടം 4 (4) (ബി) പ്രകാരം വാർഷിക റിപ്പോർട്ടുകൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ചത്.

അങ്ങനെ മാലിന്യ നിർമ്മാർജ്ജനത്തിന് യുഎൽബികൾ ഏർപ്പെടുത്തിയിരുന്ന സൗകര്യങ്ങൾ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരുന്ന നിലവാരം പുലർത്തുന്നുണ്ടോ എന്നും നിർമ്മാർജ്ജനം നടത്തുന്ന രീതി പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും സുരക്ഷിതമാണോ എന്നും ജില്ലാ അധികാരികൾ ഉറപ്പാക്കിയിരുന്നില്ല.

3.1.17 നിഗമനം

യുഎൽബികളുടെ പക്കൽ അവരുടെ അധികാരപരിധിയിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന മുനിസിപ്പൽ ഖരമാലിന്യത്തിന്റെ അളവിനെ കുറിച്ച്

വിശ്വസനീയമായ വിവരങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇത് ഏതെങ്കിലും തരത്തിലുള്ള പ്രവണതാ വിശകലനം അസാദ്ധ്യമാക്കിയിരുന്നു. പരിസ്ഥിതിയ്ക്കും ആരോഗ്യത്തിനും മാലിന്യം സൃഷ്ടിക്കുന്ന അപകടങ്ങൾ സംബന്ധിച്ച് ചട്ടങ്ങൾ നിശ്ചയിച്ചിരുന്ന ചുമതലകൾ നിറവേറ്റുന്നതിൽ യുഎൽബികളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും പരാജയപ്പെട്ടു. എംഎസ്ഡബ്ല്യു ചട്ടങ്ങളിൽ വ്യക്തമാക്കിയിരുന്ന ഗുണനിലവാര പരിശോധനകൾ യുഎൽബികൾ നടത്തിയിരുന്നില്ല. യുഎൽബികൾക്ക് നൽകിയ തുകകൾ ശരിയായ വിധം വിനിയോഗിച്ചോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം ശുചിത്വ മിഷനെ ഏൽപ്പിച്ചിരുന്നെങ്കിലും, പദ്ധതികളുടെ നടപ്പാക്കലിന്റെ യഥാർത്ഥ സ്ഥിതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ഒന്നും അവരുടെ കൈവശം ലഭ്യമായിരുന്നില്ല. മാലിന്യ പരിപാലന പ്രശ്നത്തിന്റെ പരിഹാര നടപടികളായ മാലിന്യം കുറയ്ക്കൽ, പുന:ചംക്രമണം, പുനരുപയോഗം എന്നിവ അന്തിമ നിർമ്മാർജ്ജനത്തിനുള്ള മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിൽ കലാശിക്കുമെങ്കിലും ലാക്ഷണിക പരിശോധന നടത്തിയ യുഎൽബികളിൽ ഒന്നും ഇവ സ്വീകരിച്ചിരുന്നില്ല. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ അധികാരപ്പെടുത്തലിൽ വ്യക്തമാക്കിയിരുന്ന വ്യവസ്ഥകൾ ഒന്നും യുഎൽബികൾ പാലിച്ചിരുന്നില്ല. ശേഖരിക്കുകയും നിക്ഷേപസ്ഥാനത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്തിരുന്ന മാലിന്യത്തിന്റെ അളവ് ഉത്പാദിപ്പിച്ചിരുന്ന മാലിന്യത്തിന്റെ അളവിനെക്കാൾ വളരെ കുറവായിരുന്നു. ആവശ്യമായ വലിപ്പത്തിലും, നിറത്തിലും, രൂപകല്പനയിലും ഉള്ള ചവർ വീപ്പകളുടെ അഭാവത്തിൽ മാലിന്യം പാതയോരങ്ങളിൽ കൂട്ടിയിടാൻ അനുവദിക്കുകയും തെരുവുകൾ മാലിന്യം സ്വീകരിക്കുവാനുള്ള കേന്ദ്രങ്ങളായി മാറുകയും ചെയ്തു. പരിസ്ഥിതി (സംരക്ഷണം) നിയമം/കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ മലിനപ്പെടുത്തുന്നവർക്കെതിരെ നടപടി എടുക്കുവാനുള്ള വകുപ്പുകൾ ഉണ്ടായിരുന്നെങ്കിലും, ഈ നിയമങ്ങളുടെ ലംഘനം നടത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ അപൂർവ്വമായേ എടുത്തിരുന്നുള്ളൂ. യുഎൽബികൾ സംസ്കരിച്ചിരുന്ന മാലിന്യത്തിന്റെ അളവ് വളരെ കുറവായിരുന്നു. മാലിന്യത്തിന്റെ ഭൂരിഭാഗവും അസംസ്കൃത മാലിന്യമായി കൂട്ടിയിട്ടിരുന്നു.

നടപ്പാക്കൽ പട്ടികയിൽ പറഞ്ഞിരുന്ന ലാൻഡ് ഫില്ലുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ലാക്ഷണിക പരിശോധന നടത്തിയ ഒരു യുഎൽബിയും ചെയ്തിരുന്നില്ല. മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമുള്ളതു വിസ്തീർണ്ണമുള്ള അനുയോജ്യമായ ഭൂമി ഒരു യുഎൽബിയുടെയും പക്കൽ ഉണ്ടായിരുന്നില്ല. മാലിന്യ സംസ്കരണത്തിന്റെയും ശാസ്ത്രീയ ലാൻഡ് ഫില്ലിംഗിന്റെയും അഭാവത്തിൽ ഉറസ്സായി മാലിന്യം കൂട്ടിയിടുന്നത് തുടരുകയും ശുചിത്വമില്ലാത്ത അവസ്ഥമൂലം പരിസ്ഥിതി മലിനമാക്കപ്പെടുകയും പൊതുജനാരോഗ്യത്തിന് ഹാനികരമാവുകയും ചെയ്യും.

3.1.18 ശിപാർശകൾ

- യുഎൽബികൾ ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നിലവിലുള്ള ശേഷി തിട്ടപ്പെടുത്തേണ്ടതും, സുരക്ഷിതമായ നിർമ്മാർജ്ജനത്തിന് അധിക ശേഷിയുള്ള മാലിന്യ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- ഉചിതമല്ലാത്ത മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന ദോഷഫലങ്ങൾ പഠിക്കുന്നതിനായി യുഎൽബികളും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും മാലിന്യം സംബന്ധിച്ച് മലിനീകരണ ആഘാത മേൽ നിരീക്ഷണം ക്രമാനുഗതമായി നടത്തേണ്ടതാണ്. കമ്പോസ്റ്റ് പ്ലാന്റുകൾ, ഇൻസിനറേറ്റർ, മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പതിവായി മേൽനിരീക്ഷണം നടത്തേണ്ടതാണ്.
- ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം പതിവായി ശേഖരിക്കുവാനും, പൂർണ്ണമായി സംസ്കരിക്കുവാനും യുഎൽബികൾ കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതാണ്. കോഴിക്കോടും, തൃശ്ശൂരും യുഎൽബികൾ ചെയ്തതു പോലെ കുടുംബശ്രീ പ്രവർത്തകരുടെ സേവനങ്ങൾ യുഎൽബികൾക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.
- റസിഡന്റ്സ് അസോസിയേഷനുകളും സർക്കാർ ഇതര സംഘടനകളുമായി പ്രചരണവും ബോധവൽക്കരണപരിപാടികളും മുഖാന്തരം തരം തിരിക്കലിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

- പരിസ്ഥിതി മലിനീകരണത്തിന് എതിരെ യുഎൽബികൾ നിക്ഷേപസ്ഥാനങ്ങൾ നിശ്ചിത ഇടവേളകളിൽ മേൽനിരീക്ഷണം നടത്തണം എന്നത് നിർബന്ധമാക്കണം.
- മുൻഗണനാടിസ്ഥാനത്തിൽ ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുവാൻ ഭൂമി കണ്ടെത്തുകയും ഓരോ യുഎൽബിയും ഒരു സമയബന്ധിത പരിപാടിയായി ലാൻഡ് ഫില്ലുകൾ വികസിപ്പിക്കേണ്ടതുമാണ്.
- മാലിന്യ പരിപാലന പദ്ധതികൾക്കെതിരെയുള്ള പ്രാദേശിക തർക്കങ്ങളും, പൊതുജന പ്രതിഷേധങ്ങളും പരിഹരിക്കുന്നതിനും തദ്ദേശവാസികളുടെ ആരോഗ്യവും ചുറ്റുപാടുകളും സംരക്ഷിക്കുന്നതിനും മുനിസിപ്പൽ കൗൺസിലുകൾ പ്രത്യേക താൽപ്പര്യം എടുക്കേണ്ടതാണ്.
- യുഎൽബികൾ മാലിന്യ നിർമ്മാർജ്ജനത്തെക്കാളുപരി മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, പുന:ചംക്രമണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. മാലിന്യം കുറയ്ക്കുന്നതിനായി താഴ്ന്ന തലത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഖരമാലിന്യ പരിപാലന പദ്ധതികളുടെ ഭാഗമായി പുനഃചംക്രമണ യൂണിറ്റുകൾ ഉൾപ്പെടുത്തുന്നതിന്റെ പ്രായോഗികതയും പരിഗണിക്കാവുന്നതാണ്.

1. ഉൽപാദിപ്പിക്കപ്പെടുന്നതും ശേഖരിക്കുന്നതും സംസ്കരിക്കുന്നതുമായ മാലിന്യത്തിന്റെ ലോഗ് ബുക്ക് തദ്ദേശസ്ഥാപനങ്ങൾ സൂക്ഷിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു.

2. 2021 ഏപ്രിലിൽ ഒരു ഇൻഡിപെൻഡന്റ് ടീമിനെ നിയോഗിച്ച് മാലിന്യ ശേഖരണം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വിവരം ശേഖരിക്കുകയും അപ്രകാരം ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് ആയത് സൂക്ഷിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിർദ്ദേശം പ്രാവർത്തികമാക്കിയെന്നുറപ്പുവരുത്താനായി പരിശോധന നടത്തുന്നതിന് ഒരു സംഘത്തെ നിയോഗിച്ചിട്ടുണ്ടെന്നും 2022 ഫെബ്രുവരി ആദ്യവാരത്തിൽ ആയതിന്റെ സ്ഥിതിവിവരം ലഭ്യമാകുമെന്നും

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

3. ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ ശേഖരണവും സംസ്കരണവും സംബന്ധിച്ച വിവരങ്ങൾ ശുചിത്വ മിഷനാണ് ജില്ലകളിൽ നിന്നും ക്രോഡീകരിക്കുന്നതെന്നും ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം ഖരമാലിന്യ മാനേജ്മെന്റിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും സംസ്കരണം നടത്തുന്നതിന്റെ അപ്ഡേഷൻ അതതുമാസം ദേശീയ ഹരിത ട്രിബ്യൂണലിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും ഖരമാലിന്യ സംസ്കരണം നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ ജില്ലാ ഭരണകൂടത്തിന് ഇടപെടാമെന്നും എന്നാൽ കോർ ചുമതല അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അറിയിച്ചു.

4. ശുചിത്വമിഷൻ കൺവീനർ കളക്ടറല്ലെന്നും ജില്ലാതല കോ-ഓർഡിനേഷൻ സംവിധാനത്തിൽ ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ എന്നിവയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരും പ്രോജക്ട് ഓഫീസർമാരും തൊഴിൽ വകുപ്പിന്റെ ഓഫീസർമാരും പഞ്ചായത്തുതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറും റീജിയണൽ ജോയിന്റ് ഡയറക്ടറും ഉൾപ്പെട്ടിട്ടുണ്ടെന്നും എവിടെയെങ്കിലും പ്രത്യേകമായ പ്രശ്നമുണ്ടെങ്കിൽ ആയത് ചർച്ച ചെയ്യുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ എഞ്ചിനീയറെ കൂടി ക്ഷണിതാവായി നിയമിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും പ്രസ്തുത വിഷയം ചർച്ച ചെയ്യാറുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ കൂട്ടിചേർത്തു.

5. ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ മുഴുവൻ പരിസ്ഥിതി സുരക്ഷാ മാർഗ്ഗരേഖ പ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അതുമായി ബന്ധപ്പെട്ട് ഹരിത ട്രിബ്യൂണലിന്റെ അദ്ധ്യക്ഷതയിൽ തുടർച്ചയായി യോഗങ്ങൾ നടത്തുകയും മെച്ചപ്പെട്ട രീതിയിൽ കാര്യങ്ങൾ നടക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇത് നടപ്പിലാക്കുന്നതിന്റെ വേഗത കുറവാണെന്നതാണ് അഭിമുഖീകരിക്കുന്ന പ്രശ്നമെന്നും സംസ്ഥാന

മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ മറുപടി നൽകി.

6. വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം മാലിന്യം വേർതിരിക്കുന്നതിനും പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കാതെ വരുന്നുവെന്നും അത് മാലിന്യ നിർമ്മാർജ്ജനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന അത്തരം വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും വിലയിരുത്തിയ സമിതി അത്തരത്തിലുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

7. ആയതു സംബന്ധിച്ച് മുഖ്യമന്ത്രി തലത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും ജില്ലാ കളക്ടർ മുഖേനയും കൂടെ അധികം തർക്കങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും നടപടി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വ്യക്തമാക്കി.

8. ചീഫ് സെക്രട്ടറി തലത്തിൽ ഫോളോഅപ്പ് നടക്കുന്നുണ്ടെന്നും മാനദണ്ഡങ്ങളിൽ വളരെയധികം ഇളവുകൾ നൽകിയാണ് അംഗീകാരം നൽകുന്നതെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, സമിതിയെ അറിയിച്ചു.

9. ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്ലാന്റുകൾക്ക് പൊതുജനങ്ങളുടെ എതിർപ്പുണ്ടാകാറുണ്ടെന്നും അപ്രകാരം പ്രാദേശികമായി എതിർപ്പുവരുന്ന അവസരത്തിൽ പദ്ധതി സംബന്ധിച്ച് ജനങ്ങളോട് വിശദീകരിക്കുന്നതിനായി ഒരു ആശയവിനിമയ തന്ത്രം ആവിഷ്കരിക്കുക, പദ്ധതിക്ക് അനുകൂല സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപന തലത്തിലും നിർവ്വഹണ ഏജൻസി തലത്തിലും ഇടപെടലുകൾ നടത്തുക, ഇതെല്ലാം പരാജയപ്പെടുന്ന സാഹചര്യത്തിൽ പോലീസിന്റെ സഹായം സ്വീകരിക്കുക എന്നിങ്ങനെ മൂന്നുതരത്തിൽ നടപടി സ്വീകരിക്കുന്നുവെന്നും അത്തരത്തിൽ ഒരു ആശയവിനിമയ തന്ത്രം രൂപപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അറിയിച്ചു.

10. മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്കകൾ ഉളവാക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി ഇത്തരം പ്ലാന്റുകളുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അവരുടെ മാലിന്യങ്ങൾ മുഴുവനും അവർ തന്നെ സംസ്കരിക്കണമെന്ന വ്യവസ്ഥയുണ്ടാക്കണമെന്നും മാലിന്യങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിയുന്നതിനെതിരെ തദ്ദേശഭരണസ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു

11. സംസ്ഥാനത്തെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ സ്ഥാപനങ്ങളായ **IMAGE, KEIL** എന്നീ ഏജൻസികളാണ് ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യം നീക്കം ചെയ്യുന്നതെന്നും പ്ലാന്റുകളിൽ എത്തിക്കുന്ന മാലിന്യം 48 മണിക്കൂറിനകം സംസ്കരിക്കേണ്ടതാണെന്നും മറ്റ് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നീക്കം ചെയ്യുന്നതെന്നും പ്രസ്തുത ഏജൻസികൾ തമ്മിൽ ഏതൊക്കെ മാലിന്യങ്ങൾ ഏതൊക്കെ ജില്ലകളിൽ നിന്നും എടുക്കണം എന്നതിനെ സംബന്ധിച്ച് തർക്കങ്ങളുണ്ടെന്നും IMAGE -ന്റെ പ്ലാന്റിൽ 41 ടൺ മാലിന്യം വരെ സംസ്കരിക്കാൻ കഴിയുമെന്നും കോവിഡ് സമയത്ത് അതിന്റെ പരിധി 54 ടൺ വരെ എത്തിച്ചുവെന്നും അതേസമയം വലിയൊരു തുക അഫിലിയേഷൻ ഫീസായി വാങ്ങിയതുകൊണ്ട് KEIL-ന് വേസ്റ്റ് കൊടുക്കാൻ സ്വകാര്യ ആശുപത്രികൾ വിസമ്മതിക്കുന്നതിനാൽ, പ്രതിദിനം 17 ടൺ മാലിന്യ സംസ്കരണ ശേഷിയുള്ള KEIL-ന് 4 ടൺ മാലിന്യം മാത്രമാണ് ലഭിക്കുന്നതെന്നും തർക്കമുണ്ടായതിനെതുടർന്ന് മാലിന്യം നീക്കം ചെയ്യാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഇറക്കിയ ഉത്തരവിനെതിരെ IMAGE നൽകിയ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ വിശദമാക്കി.

12. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുവേണ്ടി സി.സി.ടി.വി. സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നോട്ടീസ് നൽകുന്നതിനും ഫൈൻ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലുമെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും മാലിന്യം ശേഖരിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾക്ക്

ജി.പി.എസ്. ഉപയോഗിച്ചുകൊണ്ടുള്ള ട്രാക്കിംഗ് സിസ്റ്റം നിർബന്ധമായും ഉണ്ടാകണമെന്നും അതിനായി സംസ്ഥാനതലത്തിൽ പോലീസ്, ഗതാഗതം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതുവഴി അനധികൃതമായി പൊതുഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അറിയിച്ചു.

13. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ചുമത്തുന്ന പിഴ വർദ്ധിപ്പിക്കണമെന്ന സമിതി നിർദ്ദേശത്തിന് പിഴചുമത്തുന്ന കേസുകളുടെ എണ്ണം കുറവാണെന്നും പിഴ തുക വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് പരിശോധിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

14. മാലിന്യ സംഭരണ പ്ലാന്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വേണമെന്നും അപ്രകാരം അനുമതി നൽകുന്നതിന് ചില നിബന്ധനകളുണ്ടെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു. അറവ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സംസ്ഥാനത്ത് രണ്ട് ജില്ലകളൊഴികെ മറ്റ് എല്ലാ ജില്ലകളിലും റെന്ററിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്നും അറവുമാലിന്യങ്ങൾ റെന്ററിംഗ് പ്ലാന്റിൽ സംസ്കരിക്കുന്നതിനാണ് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

15. അറവുമാലിന്യം അതാത് ജില്ലകളിൽ തന്നെയുള്ള അറവുമാലിന്യ സംസ്കരണ പ്ലാന്റുകളിൽ സംസ്കരിക്കാനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ മാർഗ്ഗരേഖകളിൽ അത് നിർദ്ദേശിച്ചിട്ടുണ്ടെന്നും അത്തരം സംവിധാനം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും എത്രയും വേഗം തൊട്ടടുത്ത ജില്ലകളിലെ പ്ലാന്റുകളിൽ എത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു.

16. ആറ്റിങ്ങൽ, പെരിന്തൽമണ്ണ എന്നീ മുനിസിപ്പാലിറ്റികൾ ശേഖരിച്ചതായി റിപ്പോർട്ട് ചെയ്ത മാലിന്യത്തിന്റെ അളവ് ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവിനേക്കാൾ കൂടുതലായിരുന്നുവെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത മുനിസിപ്പാലിറ്റികൾ ഉൽപാദിപ്പിക്കുകയും ശേഖരിച്ച് നീക്കം ചെയ്യുകയും ചെയ്യുന്ന മാലിന്യത്തിന്റെ അളവ് എത്രയാണെന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ പൊതുജനങ്ങൾക്കും പരിസ്ഥിതിക്കും അപകടം വരുത്താത്തവിധം സംസ്കരിക്കുന്നുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തുന്നുണ്ടോ എന്നും നഗരസഭകൾ ഇ-വേസ്റ്റ് സംസ്കരിക്കുന്നത് എപ്രകാരമാണെന്നും ആരായുകയുണ്ടായി. ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ശേഖരിക്കുന്ന മാലിന്യങ്ങൾക്ക് നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഒരു ദിവസം ശരാശരി 14 ടൺ മാലിന്യമാണ് ശേഖരിച്ച് സംസ്കരിക്കുന്നതെന്നും കഴിഞ്ഞ അഞ്ച് വർഷമായി കൃത്യമായി രേഖകൾ സൂക്ഷിക്കുന്നുണ്ടെന്നും ആറ്റിങ്ങൽ നഗരസഭ സെക്രട്ടറി മറുപടി നൽകി.

17. പെരിന്തൽമണ്ണ നഗരസഭയിൽ ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് നിലവിൽ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ദിവസം ശരാശരി 16 ടണ്ണോളം ജൈവ - അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെന്നും പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി സെക്രട്ടറി നൽകിയ വിവരങ്ങൾ സി.എ.ജി. പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പരിശോധിക്കാമെന്ന് ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തു.

18. ഇ-വേസ്റ്റ് സംസ്കരിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 93 നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് നഗരകാര്യ ഡെപ്യൂട്ടി ഡയറക്ടർ, മറുപടി നൽകി. ക്ലീൻ കേരള കമ്പനിയുമായോ മറ്റ് ഏജൻസികളുമായോ ഉള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള ക്രമീകരണം പല നഗരസഭകളും

ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇ-വേസ്റ്റുമായി ബന്ധപ്പെട്ട് ഒരു മോഡൽ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള ശ്രമത്തിലാണ് ക്ലീൻകേരള കമ്പനിയെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അറിയിച്ചു.

19. വിവിധ നിറത്തിലുള്ള വീപ്പകൾ ഉപയോഗിച്ച് ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത്തരം വീപ്പകൾ ലഭ്യമാക്കിയിരുന്നോ എന്ന് സമിതി ആരാഞ്ഞു മാലിന്യം ശേഖരിക്കുന്നത് സംബന്ധിച്ച് ഹരിത കേരള മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ വ്യവസ്ഥകൾ രൂപീകരിച്ചിട്ടുണ്ടെന്നും അതിൻ പ്രകാരം ഹരിതകർമ്മ സേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടത്തുന്നുണ്ടെന്നും കൂടുതൽ മാലിന്യം ശേഖരിക്കപ്പെടുന്ന സാഹചര്യത്തിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലേക്കും അല്ലാത്ത പക്ഷം നേരിട്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലേക്കുമാണ് പോകുന്നതെന്നും മിനി എം.സി.എഫ്.-കളിൽ ശേഖരിക്കുന്ന സമയത്തുതന്നെ വിവിധ വിഭാഗങ്ങളായി മാലിന്യം തരംതിരിച്ച് വയ്ക്കുമെന്നും ഇതുകൂടാതെ സംസ്ഥാനത്ത് 177 ഓളം സ്ഥലങ്ങളിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ പ്ലാസ്റ്റിക് വേസ്റ്റുകളെ കനം, ക്വാളിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ശേഖരിച്ച് വിവിധ രീതിയിൽ സംസ്കരിക്കുന്നതിനും വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വിശദീകരിച്ചു.

20. ക്ലീൻ കേരള കമ്പനി ഇതിനായി ഒരു കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ മാസവും എന്തു തരം മാലിന്യമാണ് ശേഖരിക്കുന്നതെന്നതിന്റെ കലണ്ടർ ക്രമീകരിക്കുന്നതിന് നടപടി തുടങ്ങിയിട്ടുണ്ടെന്നും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വ്യക്തമാക്കി. പ്രസ്തുത വിഷയത്തിൽ പരാതികൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

21. സ്മാർട്ട് ഗാർബേജ് ആപ്പ് എന്ന സംവിധാനത്തിൽ സ്വമേധയാ ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം എന്നിവ വ്യക്തമാകുമെന്നും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃ.ആർ. കോഡ് ഉപയോഗിച്ച് ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് സ്വമേധയാ സമാഹരിക്കപ്പെടുമെന്നും ഇതുസംബന്ധിച്ച് ജനങ്ങൾക്ക് പരാതി നൽകാനും പരിഹാരം കാണുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ ചിത്രമെടുത്ത് അയച്ചാൽ അടിയന്തരമായി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെന്നും കോവിഡ്-19 മഹാമാരി കാരണം സ്ഥല നിരീക്ഷണത്തിന് ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഭാവിയിൽ നല്ല രീതിയിൽ മുന്നോട്ട് പോകുമെന്നാണ് കരുതുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സമിതിയെ അറിയിച്ചു.

22. കർശന നിയന്ത്രണങ്ങളോടെ നടപ്പാക്കിയ പ്ലാസ്റ്റിക്ക് നിരോധനം നിലനിൽക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, നിരോധനം നിലനിൽക്കുന്നുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കർശനമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ മറുപടി നൽകി.

23. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്ന സ്ഥലമായി പുഴകൾ മാറുകയാണെന്നും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുമ്പോഴും പ്രാദേശികമായി ഇത്തരം വിഷയങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ഇതിന് പരിഹാരമുണ്ടായില്ലെങ്കിൽ കുടിവെള്ളത്തിനെ അത് സാരമായി ബാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, അക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നിലപാടെടുക്കണമെന്ന് നിർദ്ദേശിച്ചു

24. മാലിന്യം കൂടിക്കിടക്കുന്നതിന് ഇടയാക്കാതെ നിശ്ചിത ഇടവേളകളിൽ മാലിന്യ ശേഖരണം നടത്തുന്നതിന് ചേർത്തല നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, നഗരസഭയിൽ മാലിന്യശേഖരണത്തിനായി ഉപയോഗിച്ചിരുന്ന സ്ഥലത്ത് പുതുതായി ഒരു സ്വീവേജ് സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും നാട്ടുകാരുടെ എതിർപ്പ് കാരണം പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത സ്ഥലത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ചേർത്തല നഗരസഭ

സ്വീകരിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. നഗരസഭയിൽ മാലിന്യപ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

25. മാലിന്യം സംസ്കരിക്കുന്നതിൽ ഉണ്ടായ പ്രശ്നങ്ങൾ കാരണം ചേർത്തല നഗരസഭയ്ക്ക് 15 ലക്ഷം രൂപ പിഴ ചുമത്തുകയും ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ ആയത് ലഭ്യമാക്കിയിട്ടില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചതിനെത്തുടർന്ന് നഗരസഭ സ്വീകരിച്ച നടപടി മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

26. ഫ്ളാറ്റുകളിലെ മാലിന്യപരിപാലനത്തിനായി എന്തു സംവിധാനമാണ് നഗരസഭകൾ സ്വീകരിച്ചുവരുന്നതെന്ന് സമിതി ആരാഞ്ഞതിന് നഗരസഭകളിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൂടാതെ ചില ഫ്ലാറ്റുകളിൽ ജൈവമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി കമ്പോസ്റ്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതി മുൻപാകെ ബോധിപ്പിച്ചു. ഫ്ലാറ്റുകൾക്ക് അനുവാദം കൊടുക്കുമ്പോൾ ജൈവമാലിന്യ സംസ്കരണത്തിന് സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

27. കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനയെയും അല്ലാത്തപക്ഷം നഗരസഭ കണ്ടെത്തുന്ന ഏജൻസിയെയും ചില നഗരസഭകളിൽ താൽക്കാലിക ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ടെന്നും താൽക്കാലിക ജീവനക്കാരെ നഗരസഭയുടെ മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് പുനർവിന്യസിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

28. മാലിന്യ ശേഖരണം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മാലിന്യ ശേഖരണത്തിന് ക്ലീൻ കേരള കമ്പനി നൽകുന്ന നിരക്കിനേക്കാൾ

കൂടുതൽ നൽകാൻ തയ്യാറാകുന്ന സ്വകാര്യ ഏജൻസികളെ മാലിന്യ ശേഖരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണെന്നും ഹരിതകർമ്മ സേന നേരിട്ട് മാലിന്യ ശേഖരണം നടത്തുന്നതിന് പകരം തദ്ദേശസ്വയംഭരണ സ്ഥാപനവുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലുമൊരു സ്വകാര്യ ഏജൻസിക്ക് ഔട്ട്സോഴ്സ് ചെയ്യാവുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകിയാണ് സ്വകാര്യ ഏജൻസികൾ മാലിന്യ ശേഖരണ കരാറിലേർപ്പെടുന്നതെന്നും സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ പുന:ചംക്രമണം ചെയ്താൽ മാത്രമേ അവർക്ക് ലാഭമുണ്ടാകുകയുള്ളുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

29. മാലിന്യം നിക്ഷേപിക്കുന്ന ലൊക്കേഷൻ അറിയുന്നതിനായി GPS ട്രാക്കിംഗ് നടപ്പാക്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശം പാലിക്കപ്പെടണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ ഫ്ലാറ്റുകളിലും കച്ചവട സ്ഥാപനങ്ങളിലും മാലിന്യശേഖരണത്തിനായി നിയോഗിക്കുന്ന സ്വകാര്യ ഏജൻസികളാണ് മാലിന്യങ്ങൾ പല സ്ഥലങ്ങളിലും അലക്ഷ്യമായി നിക്ഷേപിക്കുന്നതെന്നും അവരെ ട്രാക്ക് ചെയ്യുന്നത് ബുദ്ധിമുട്ടാണെന്നും മാലിന്യ ശേഖരണത്തിന്റെ കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങൾ നൂറ് ശതമാനം മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കിയാൽ മാത്രമേ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളുവെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

30. മാലിന്യ സംസ്കരണത്തിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുമ്പോൾ അവരുമായി കരാറിൽ ഏർപ്പെടുന്നതു സംബന്ധിച്ച് നഗരസഭകൾ പ്രത്യേക ഗൈഡ്ലൈൻസ് തയ്യാറാക്കേണ്ടതാണെന്നും മാലിന്യങ്ങൾ എവിടേക്കാണ് കൊണ്ടുപോകുന്നതെന്നും അത് കൃത്യമായി അവിടെ എപ്പോൾ എത്തുന്നു എന്നതും അറിയുവാനുള്ള GPS ട്രാക്കിംഗ് ഉൾപ്പെടെയുള്ള നൂതന മോണിറ്ററിംഗ് സംവിധാനങ്ങൾ നഗരസഭകൾ സജ്ജമാക്കണമെന്നും സമിതി നിർദ്ദേശിച്ചു മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നല്ല രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്ന പഞ്ചായത്തുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി

അഭിപ്രായപ്പെട്ടതിനെ തുടർന്ന് ജില്ലയിലെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കും അവാർഡ് നൽകി വരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

31. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലും ടാർപോളിൻ ഷീറ്റ് ഉപയോഗിച്ച് മറച്ചുകൊണ്ടാണ് മാലിന്യം കൊണ്ടുപോകുന്നതെന്ന് നിരീക്ഷിച്ച സമിതി മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നഗരസഭകൾ ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചു.

32. തിരുവനന്തപുരം എയർപ്പോർട്ടിനടുത്തുള്ള റോഡിന്റെ ഇരുവശങ്ങളിലും മാലിന്യം കൂടിക്കിടക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത സ്ഥലത്ത് തിരുവനന്തപുരം നഗരസഭയുടെ മാലിന്യ ശേഖരണം നിലവിലില്ലെന്നും ആയത് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

33. മാലിന്യ സംസ്കരണത്തിന് ആവശ്യമുള്ള സ്റ്റാഫിന്റെ ക്ഷാമം ഗുരുതരമായ ഒരു പ്രശ്നമാണെന്ന് ബോധ്യപ്പെട്ട സമിതി ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു അതോടൊപ്പം തന്നെ മാലിന്യ സംസ്കരണ ജോലികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണം/Insurance ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ സജ്ജമാക്കണമെന്നും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ എടുക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

34. ഹരിതകർമ്മ സേനയിലെ ജീവനക്കാർ എത്ര മണിക്കൂർ ജോലിചെയ്യുന്നുവെന്നത് സംബന്ധിച്ചും അതിന് അവർക്ക് ലഭിക്കുന്ന വരുമാനം സംബന്ധിച്ചും വിലയിരുത്തൽ നടത്തിയിട്ടുണ്ടെന്നും നന്നായി പ്രവർത്തിക്കുന്ന സ്ഥലങ്ങളിലുള്ള ജീവനക്കാർക്ക് ബാഡ്ജും യൂണിഫോമും നൽകുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൂടാതെ green entrepreneurs എന്ന രീതിയിൽ അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു

35. ഭരണം മാറുമ്പോൾ ഹരിതകർമ്മസേനയുടെ അംഗങ്ങളെ മാറ്റുന്ന പ്രവണതയുണ്ടെന്നും പരീശീലനം ലഭിച്ച് പ്രവർത്തിച്ചുതുടങ്ങുമ്പോൾ അവരെ മാറ്റുന്നത് ശരിയല്ലെന്നും അവരിൽ ആരെങ്കിലും മാറിപ്പോകുന്ന പക്ഷം മാത്രം പകരക്കാരെ നിയമിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു

36. ചേർത്തല നഗരസഭ ഏതുരീതിയിലാണ് മാലിന്യ സംസ്കരണം നടത്തുന്നത് എന്ന് സമിതി ആരാഞ്ഞതിന്: നഗരസഭയിൽ 35 വാർഡുകളിലായി 13.5 ടൺ മാലിന്യമാണുള്ളതെന്നും ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റി 14,000 ബയോ ബിന്നുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ 52 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും 26 തുമ്പൂർമൂഴി മോഡൽ എയ്റോബിക്ക് ബിന്നുകൾ വഴിയും ജൈവ മാലിന്യം സംസ്കരിക്കുന്നുണ്ടെന്നും മുനിസിപ്പാലിറ്റിയിലെ 35 വാർഡുകളിലും ഹരിതകർമ്മ സേനയുടെ സാന്നിദ്ധ്യമുണ്ടെന്നും ആറ് വാർഡുകളിൽകൂടി മാത്രമാണ് ഇനി ഹരിതകർമ്മ സേനയുടെ സേവനം ലഭ്യമാക്കാനുള്ളതെന്നും ചേർത്തല മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

37. ജൈവ/അജൈവമാലിന്യവും ഹരിത കർമ്മസേന വഴി ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ടെന്നും ഇതുസംബന്ധിച്ച കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ചേർത്തല നഗരസഭ വെയിംഗ് മെഷീനും പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീനും സ്ഥാപിച്ചിട്ടുണ്ടെന്നും, ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന നഗരസഭയായി ചേർത്തല നഗരസഭയെ തെരഞ്ഞെടുത്തതായും അദ്ദേഹം വ്യക്തമാക്കി. ദ്രവമാലിന്യ സംസ്കരണത്തിനുവേണ്ടി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഗാർഹിക മാലിന്യങ്ങൾ ബയോ മെഡിക്കൽ വേസ്റ്റായി പരിഗണിച്ച് അതിനൊരു സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി എറണാകുളം പ്രദേശത്ത് KEIL-മായി ബന്ധപ്പെട്ട് ചെയ്യുന്ന പൈലറ്റ് പ്രോജക്ടിൽ ചേർത്തല നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചേർത്തല നഗരസഭയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ

ശേഖരിച്ച് KEIL-ലേക്കാണ് കൊണ്ടുപോകുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു.

38. നിലവിൽ ചേർത്തല നഗരസഭയ്ക്ക് ദ്രവമാലിന്യ സംസ്കരണ പ്ലാന്റില്ലെന്നും സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ദ്രവമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ ചെയ്തിരിക്കുകയാണെന്നും എന്നാൽ നാട്ടുകാരുടെ എതിർപ്പുകാരണം പ്ലാന്റ് നിർമ്മിക്കാൻ കഴിഞ്ഞില്ലായെന്നുമുള്ള നഗരസഭ സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച സമിതി നഗരസഭയിൽ മാലിന്യ പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

39. ജൈവ/അജൈവ മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കാസർഗോഡ് മടിക്കൈ പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 20 ഏക്കർ സ്ഥലം ലാൻഡ് ഫില്ലിംഗിനായി കണ്ടെത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തിന്റെ വടക്കും തെക്കുമായി രണ്ട് സ്ഥലമെങ്കിലും മാലിന്യം കുഴിച്ചുമൂടുന്നതിനായി വേണമെന്നും സാനിറ്ററി നാപ്കിൻ അടക്കമുള്ളവ പ്രോസസ് ചെയ്യാനോ പുനർചംക്രമണം ചെയ്യാനോ സാധിക്കാത്ത മാലിന്യങ്ങൾ ഇത്തരത്തിൽ മറവ് ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളുവെന്നും സംസ്ഥാനത്തെ പാറമടകൾ മാലിന്യം മണ്ണിട്ട് മൂടുന്നതിന് ഉപയോഗിക്കുന്നതിന്റെ സാധ്യതയെ കുറിച്ച് സമിതി ആരാഞ്ഞതിന് വലിയ പാറമടകൾ ഉൾപ്പെടെ അത്തരത്തിൽ ദ്രവമാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

40. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മാലിന്യം നിക്ഷേപിക്കുന്ന നടപടി ഒഴിവാക്കിയിട്ടുണ്ടെന്നും നിലവിൽ മാലിന്യ സംസ്കരണത്തിനായി ഗാർഹിക തലത്തിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ്, പോട്ട് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുവരുന്നുവെന്നും പെരുമ്പാവൂർ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

41. റവന്യൂ അധികാരികളുടെ അനുവാദമില്ലാതെ ചതുപ്പ് നിലം മുനിസിപ്പാലിറ്റിയുടെ ചെലവിൽ വികസിപ്പിച്ചെടുത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

42. മുൻകരുതലില്ലാതെ ചാവക്കാട് നഗരസഭ ലാന്റ്ഫില്ലിംഗ് നടത്തിയ സ്വകാര്യ ഭൂമിയുടെ ഉടമ നൽകിയ പരാതി സംബന്ധിച്ചും ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങിയോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് സ്വകാര്യ വ്യക്തികളുടെ അനുമതിയോടെ 2006 കാലഘട്ടത്തിൽ സാനിട്ടറി നാപ്കിൻ അടക്കമുള്ള മാലിന്യങ്ങൾ കഴിച്ചു മൂടിയിരുന്നുവെന്നും എന്നാൽ, സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് ആയത് നിർത്തി വയ്ക്കുകയുണ്ടായെന്നും ഓഡിറ്റ് പരാമർശത്തെ തുടർന്ന് 3.5 ഏക്കറോളം ഭൂമി കളിസ്ഥലത്തിനായി മുനിസിപ്പാലിറ്റി ഏറ്റെടുത്തുവെന്നും 50 ലക്ഷം രൂപ പദ്ധതിക്ക് മാറ്റി വച്ചിട്ടുണ്ടെന്നും കഴിഞ്ഞ 8 വർഷമായി ഡംപ് സൈറ്റിലേയ്ക്ക് മാലിന്യമൊന്നും കൊണ്ടുപോകുന്നില്ലെന്നും അജൈവ മാലിന്യങ്ങൾ എം.സി.എഫ്.ലേയ്ക്കും ജൈവ മാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് വഴി വളമാക്കി മാറ്റുകയാണ് നിലവിൽ ചെയ്യുവരുന്നതെന്നും ചാവക്കാട് നഗരസഭ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

43. ചാവക്കാട് നഗരസഭ ഏറ്റെടുത്ത സ്ഥലം നഗരസഭ സ്വകാര്യ വ്യക്തിയിൽ നിന്നും വിലയ്ക്ക് വാങ്ങിയതാണെന്ന് ചാവക്കാട് നഗരസഭ സെക്രട്ടറി മറുപടി നൽകി.

44. ചാവക്കാട് നഗരസഭ സ്വകാര്യ വ്യക്തിയിൽ നിന്ന് ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

45. ലാലൂരിൽ കൂടിക്കിടന്ന മാലിന്യം ബയോ മൈനിംഗ് ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും ലെഗസി വേസ്റ്റ് ബയോമൈനിംഗ് എത്രയും വേഗം പൂർത്തീകരിക്കുവാൻ കഴിയുമെന്നും തൃശ്ശൂർ നഗരസഭ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ബഫർ സോൺ സംബന്ധിച്ച് ലാന്റ് ഫിൽ ഇല്ലാത്തതിനാൽ നഗരസഭയിൽ ബഫർ സോൺ ആവശ്യമായി വരുന്നില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറുപടി നൽകി.

46. തിരൂർ മുനിസിപ്പാലിറ്റി ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് സ്ലോട്ടർ ഹൗസിലാണെന്നും സ്ലോട്ടർ ഹൗസ് നവീകരിക്കുന്നതിനും പുതിയ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് തിരൂർ മുനിസിപ്പാലിറ്റി ഹെൽത്ത് സൂപ്പർവൈസർ വ്യക്തമാക്കി.

47. ആലപ്പുഴ നഗരസഭയിൽ നിലവിൽ അറവുശാല പ്രവർത്തിക്കുന്നില്ലെന്നും അറവുശാലയോടനുബന്ധിച്ച് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് രണ്ട വർഷം മാത്രമേ പ്രവർത്തിച്ചിട്ടുള്ളുവെന്നും അറവുമാലിന്യം നല്ല രീതിയിൽ സംസ്കരിക്കുന്നതിനുള്ള കപ്പാസിറ്റി ബയോഗ്യാസ് പ്ലാന്റിനില്ലാതിരുന്നതിനാലും പൊതുജനങ്ങളുടെ പ്രതിഷേധം കാരണം നിലവിൽ അറവുശാലയും ബയോഗ്യാസ് പ്ലാന്റും പ്രവർത്തിക്കുന്നില്ലെന്നും അറവുമാലിന്യം നിലവിൽ ഒരു ഏജൻസിയെ ഏൽപ്പിക്കുകയാണ് ചെയ്യുന്നതെന്നും അവർ അത് പന്നി ഫാമിലേയ്ക്കും മത്സ്യ ഫാമിലേയ്ക്കുമാണ് കൊണ്ടുപോകുന്നതെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

48. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കാതെയാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണം നടത്തുന്നതെന്നും അവരെ അതിന് പ്രാപ്തരാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്നും ആരാഞ്ഞതിന്, രണ്ട് നഗരസഭകൾക്കും 22 മുനിസിപ്പാലിറ്റികൾക്കും മാത്രമാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്നും അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കാത്തതിനാലാണ് അനുമതി നൽകാത്തതെന്നും അവർക്കെതിരെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കേണ്ടതാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ബോധിപ്പിച്ചു.

49. മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് നടപ്പാക്കുന്നതിനുള്ള ഫണ്ടും ലഭ്യമാണെന്നും നഗരസഭകൾക്ക് സെൻട്രൽ ഫിനാൻസ് കമ്മീഷന്റെ ഫണ്ട് ഉപയോഗിക്കാമെന്നും വേൾഡ് ബാങ്ക് പ്രോജക്ടിന്റെ ഫണ്ടും ലഭ്യമാകുന്നുണ്ടെന്നും വേൾഡ് ബാങ്ക് പ്രോജക്ട് വരുമ്പോൾ എൻവയോൺമെന്റൽ എഞ്ചിനീയറുടെ സേവനം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ലഭ്യമാകുമെന്നും

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു ടെക്നിക്കൽ സപ്പോർട്ട് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ദ്രവമാലിന്യ സംസ്കരണ സെപ്റ്റേജിനും സ്വീവറേജിനും വേണ്ടിയുള്ള സംവിധാനം വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടെന്നും തീരപ്രദേശങ്ങളിലൊഴികെയുള്ള സ്ഥലങ്ങളിൽ ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ ടെക്നോളജി ഏതാണെന്ന് കണ്ടെത്തുന്നതിന് ടെക്നിക്കൽ കൺസൾട്ടേഷൻ വർക്ഷോപ്പ് നടത്തി ഷെൽട്ടർ പ്രോജക്ടുകളുടെ ബേസിക് ഫോർമാറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

50. കാസർഗോഡ്, തിരൂർ, തളിപ്പറമ്പ് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അഗ്നി മൂലമുള്ള അപകടങ്ങൾ ഉണ്ടായതുസംബന്ധിച്ചും കോഴിക്കോട്, . പെരുമ്പാവൂർ മുനിസിപ്പാലിറ്റികളിൽ ലീച്ചെറ്റ് സമീപത്തെ നദികളിലേയ്ക്ക് ഒഴുകിയത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന് തീ പിടുത്തംമൂലമുള്ള അപകട സാധ്യതയുടെ കാര്യത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും അഗ്നിശമന വകുപ്പിന്റെയും എൻ.ഒ.സി. ലഭ്യമാക്കേണ്ടതാണെന്നും ചില സ്ഥലങ്ങളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾക്ക് തീപിടുത്തം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഫയർ ഫോഴ്സിന്റെ NOC ലഭ്യമാക്കണമെന്നും NOC ലഭ്യമാക്കാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന MLPC കൾ സ്ഥലം മാറ്റി പ്രവർത്തിപ്പിക്കണമെന്നും പ്രൈവറ്റ് ഡീലേഴ്സിന്റെ സ്ഥാപനങ്ങൾക്ക് ഫയർ ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ബോധിപ്പിച്ചു.

51. ലാൻഡ് ഫിൽ സ്ഥലങ്ങൾക്ക് സമീപമുള്ള ഭൂഗർഭ ജലം, കമ്പോസ്റ്റ്, ലീച്ചെറ്റ്, ഇൻസിനറേറ്റർ തുടങ്ങിയവയുടെ നിലവാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ ഉറപ്പാക്കുന്നുണ്ടോയെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ഇൻസ്പെക്ഷൻ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിലും ബോർഡിൽ 1984-ൽ ഉണ്ടായതിന്റെ നാലിലൊന്ന് ജീവനക്കാരാണുള്ളതെന്നും താഴെ തട്ടിലുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും 16 ലബോറട്ടറികളിലായി ആകെ 5 ജീവനക്കാരാണുള്ളതെന്നും ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, അസിസ്റ്റന്റ് സയന്റിസ്റ്റ് എന്നിവ ഉൾപ്പെടെ 56 തസ്തികകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ ഒഴിഞ്ഞുകിടക്കുകയാണെന്നും താൽക്കാലിക ജീവനക്കാരെ നിയോഗിച്ചാണ് നിലവിൽ പ്രവർത്തിച്ച് വരുന്നതെന്നും ജോലി മുൻപത്തെക്കാളും പത്തിരട്ടിയോളം വർദ്ധിച്ചിട്ടുണ്ടെന്നും വ്യവസായങ്ങൾക്ക് സമയത്തിനുള്ളിൽ അനുമതി നൽകുന്നില്ലെന്ന പരാതിയുണ്ടാകുന്നുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ വിശദീകരിച്ചു

52. ഡെയ്‌ലിവേജ് അടിസ്ഥാനത്തിൽ ചില അത്യാവശ്യ തസ്തികകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ മറുപടി നൽകി.

53. മലിനീകരണ നിയന്ത്രണ ബോർഡിലെ വിവിധ ജീവനക്കാരുടെ അഭാവം പരിഗണിക്കപ്പെടേണ്ട വിഷയമാണെന്ന് വിലയിരുത്തിയ സമിതി ഇതു- സംബന്ധിച്ച് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

54. ശുചിത്വ മിഷൻ 2010-ൽ നഗരസഭാ സെക്രട്ടറി തീരുമാനിക്കുന്ന തുക റിലീസ് ചെയ്യണമെന്നും തുടർന്ന് പ്രവൃത്തി അസസ്സ് ചെയ്തശേഷം ചെലവഴിക്കാത്ത തുക തിരിച്ചുപിടിക്കണമെന്നും അറിയിച്ചുകൊണ്ട് കാഞ്ഞങ്ങാട്, അട്ടൂർ മുനിസിപ്പാലിറ്റികൾക്ക് കത്തയച്ചിരുന്നുവെന്നും എന്നാൽ ബൾക്കായി ഫണ്ട് റിലീസ് ചെയ്യുകയും അധികതുക തിരിച്ചുപിടിക്കാതിരിക്കുകയുമാണ് നഗരസഭകൾ ചെയ്തതെന്നും സംസ്ഥാന ശുചിത്വ മിഷൻ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു

55. അഡ്വാൻസ് ചെയ്ത തുകയിൽ ചെലവഴിച്ചതിനുശേഷമുള്ള തുക മുനിസിപ്പാലിറ്റികളെക്കൊണ്ട് തിരിച്ചടപ്പിക്കുന്നതിനും ഫണ്ട് വിനിയോഗിച്ച് അവർ ചെയ്ത പ്രവർത്തി നിരീക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ശുചിത്വ മിഷനില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് ശുചിത്വ മിഷൻ നിരന്തരമായി മുനിസിപ്പാലിറ്റികൾക്ക് കത്തയയ്ക്കുകയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് അസസ്സ് ചെയ്തശേഷം മാത്രമേ രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് നൽകാവൂവെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും പദ്ധതി നേരിട്ട് നടപ്പാക്കുന്നതിനുള്ള അധികാരം ശുചിത്വ മിഷനില്ലെന്നും സംസ്ഥാന ശുചിത്വ മിഷൻ ഡയറക്ടർ വ്യക്തമാക്കി. മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ച തുക ചില അക്രെഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി നൽകിയതിനാലാണ് ഇത്തരത്തിൽ ഓഡിറ്റ് പരാമർശത്തിനിടയാക്കിയതെന്നും നിലവിൽ ശുചിത്വ മിഷൻ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നും ചെലവഴിക്കാത്ത തുക നഗരസഭകൾ തിരിച്ചടക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

56. കാഞ്ഞങ്ങാട്, അട്ടൂർ മുനിസിപ്പാലിറ്റികളിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോ എന്നത് മുനിസിപ്പാലിറ്റികൾക്കാണ് പറയാൻ സാധിക്കുക എന്ന ശുചിത്വ മിഷന്റെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ശുചിത്വ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കാൻ മാത്രമുള്ള ഏജൻസിയല്ലെന്ന് അഭിപ്രായപ്പെടുകയും കാഞ്ഞങ്ങാട്, അട്ടൂർ മുനിസിപ്പാലിറ്റികൾ മാലിന്യ സംസ്കരണ പ്ലാന്റുകൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ശുചിത്വ മിഷൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

57. ന്യൂനതയാർന്ന ആസൂത്രണവും അനുചിതമായ നടപ്പാക്കലും മൂലം ₹16.40 ലക്ഷത്തിന്റെ ചെലവ് ഫലപ്രദമല്ലാതായത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് തളിപ്പറമ്പ് മുനിസിപ്പാലിറ്റിയോട് സമിതി ആവശ്യപ്പെട്ടു.

58. തിരൂർ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണത്തിന്റെ സാങ്കേതിക വിദ്യ മാറ്റണമെന്ന ശുചിത്വ മിഷന്റെ നിർദ്ദേശം പാലിച്ചോയെന്നും അതിനായി ശുചിത്വ മിഷൻ നൽകിയ പണം വിനിയോഗിച്ചോയെന്നും മാലിന്യം നീക്കം

ചെയ്യാൻ മുനിസിപ്പാലിറ്റി എന്ത് നടപടി സ്വീകരിച്ചുവെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് തിരൂർ മുനിസിപ്പാലിറ്റിയിൽ സംസ്കരിക്കാതെയുള്ള മാലിന്യം ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ട് ലെഗസി മാലിന്യമായി നീക്കം ചെയ്യുവരുന്നുവെന്നും നിലവിൽ ജൈവമാലിന്യ സംസ്കരണത്തിന് 25-ഓളം ഇമ്പീരിയൽ മോഡൽ പ്ലാന്റുകൾ സ്ഥാപിച്ചതുവഴി 45 യൂണിറ്റ് മാലിന്യം വളമാക്കി മാറ്റിയെന്നും ഹരിതകർമ്മസേന വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് RRF-ൽ എത്തിച്ച് റീസൈക്ലിംഗ് ചെയ്യാനായി നൽകുന്നുണ്ടെന്നും ശുചിത്വ മിഷന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതെന്നും തിരൂർ മുനിസിപ്പാലിറ്റി ഹെൽത്ത് സൂപ്പർവൈസർ സമിതിയെ അറിയിച്ചു

59. മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി തിരൂർ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണത്തിന്റെ സാങ്കേതിക വിദ്യ മാറ്റണമെന്ന ശുചിത്വമിഷന്റെ നിർദ്ദേശം പാലിക്കപ്പെട്ടോ എന്നും അതിനായി ശുചിത്വ മിഷൻ നൽകിയ പണം ഉപയോഗിച്ചോ എന്നും കുന്നുകൂടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യാൻ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു

60. ചാവക്കാട് മുനിസിപ്പാലിറ്റി സെക്രട്ടറി ഓൺലൈൻ മുഖാന്തിരം നൽകിയ മറുപടി വ്യക്തമല്ലാത്തതിനാൽ, ചാവക്കാട് മുനിസിപ്പാലിറ്റി നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ പൂർത്തിയാക്കിയോ എന്നും മാലിന്യ സംസ്കരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചോ എന്നതു സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു

61. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് 2010-ൽ കമ്മീഷൻ ചെയ്ത് രണ്ടര വർഷത്തോളം പ്രവർത്തിച്ചുവെന്നും തുടർന്ന് മാലിന്യം വേർതിരിച്ച് കൊണ്ടുപോകാതിരുന്നതിനാലും പൊതുജനങ്ങളുടെ പ്രതിഷേധവും പ്ലാന്റിനുണ്ടായ സാങ്കേതിക തകരാറുകൾ യഥാസമയം പരിഹരിക്കാത്തതിനാലും പ്ലാന്റിന്റെ പ്രവർത്തനം നിലച്ചുവെന്നും നിലവിൽ മുനിസിപ്പാലിറ്റി ബയോമൈനിംഗ്

ചെയ്യുന്നതിനുള്ള വർക്ക്, ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു

62. ബയോറെമഡിയേഷനുവേണ്ടി ആന്ധ്രാ പ്രദേശ് ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്ന കമ്പനിക്കാണ് ടെണ്ടർ നൽകിയതെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം വിജിലൻസ് എൻക്വയറിക്കുവേണ്ടി നൽകിയിരിക്കുകയാണെന്നും വിജിലൻസ് പ്രോസിക്യൂഷൻ നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമായില്ലെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി തുടർന്ന് അറിയിച്ചു.

63. കാഞ്ഞങ്ങാട്, അട്ടർ മുനിസിപ്പാലിറ്റികളിൽ നിന്നും പദ്ധതിക്കായി ലഭിച്ച തുകയിൽ വിനിയോഗിക്കാത്ത തുക കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പക്കൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ആദ്യ ഗഡു അഡ്വാൻസായി കൊടുത്താൽ മാത്രമെ കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവൃത്തി ആരംഭിക്കുകയുള്ളുവെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ തീരുമാനമനുസരിച്ച് 26 ലക്ഷം രൂപ കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ആദ്യ ഗഡുവായി നൽകിയതെന്നും തുടർന്ന് ചെയ്യുന്ന പ്രവൃത്തിയുടെയും സ്ഥാപിക്കുന്ന മെഷിണറിയുടെ മൂല്യം കണക്കിലെടുത്തും മാത്രമേ അടുത്ത ഗഡു നൽകുകയുള്ളൂ എന്ന വ്യവസ്ഥയിലാണ് തുക നൽകിയതെന്നും അതിനുശേഷം ആദ്യത്തെ രണ്ട് ബില്ലുകളിൽ നിന്നും തുക തിരിച്ചു പിടിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെന്നും ശുചിത്വ മിഷൻ ഡയറക്ടർ വ്യക്തമാക്കി.

64. അംഗീകാരമില്ലാത്ത ഏജൻസിക്ക് പ്രവൃത്തി ഏൽപ്പിക്കുന്നത് ചട്ട വിരുദ്ധമല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് നിയമപ്രകാരം അംഗീകൃത ഏജൻസിക്കാണ് പ്രവൃത്തി കൊടുക്കേണ്ടതെന്നും മുൻകൂറായി നൽകിയ തുക തിരിച്ചുപിടിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സൊസൈറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്ന് ശുചിത്വ മിഷൻ ഡയറക്ടർ സമിതിയ്ക്ക് മറുപടി നൽകി.

കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്കെതിരെ നിയമനടപടി സ്വീകരിച്ചതായി റിപ്പോർട്ട് ചെയ്ത വിവരം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

65. KAICO ഉൾപ്പെടെയുള്ള അക്രഡിറ്റേഷൻ ലിസ്റ്റിലുള്ള സ്ഥാപനങ്ങൾക്ക് അഡ്വാൻസ് നൽകുമ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ അവരുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും അഡ്വാൻസ് തിരിച്ചുപിടിക്കാൻ സാധിച്ചില്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതും അവർ ചെയ്യുന്ന മറ്റ് പ്രവൃത്തികളിൽ നിന്നും ഈ തുക തിരിച്ചുപിടിക്കേണ്ടതുമാണെന്നും എന്നാൽ, ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിക്കാത്തത് സംശയകരമാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

66. കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൈവശമുള്ള വിനിയോഗിക്കാത്ത 4.26 ലക്ഷം രൂപ തിരിച്ചുപിടിച്ചോ എന്ന് സമിതി ആരാഞ്ഞതിന് തുക തിരികെ ലഭിച്ചിട്ടില്ലെന്ന് അടൂർ നഗരസഭ സെക്രട്ടറി മറുപടി നൽകി. ആയതിന് നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

67. ഖരമാലിന്യ പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഫണ്ടുകൾ കൈമാറുന്നതിന് സംസ്ഥാന ശുചിത്വ മിഷൻ ഉള്ളപ്പോൾ കെ.യു.ആർ.ഡി.എഫ്.സി.യെ നോഡൽ ഏജൻസിയാക്കി തുകകൾ കൈമാറേണ്ട ആവശ്യം എന്തായിരുന്നുവെന്ന സമിതി ചോദ്യത്തിന് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനമില്ലാത്തതുകൊണ്ടാണ് ആയത് നടപ്പാക്കാൻ സാധിക്കാത്തതെന്ന് മാനേജിംഗ് ഡയറക്ടർ കെ.യു.ആർ.ഡി.എഫ്.സി. സമിതിക്ക് മറുപടി നൽകി.

68. സർക്കാർ ഫണ്ട് പ്രൈവറ്റ് ബാങ്കിൽ നിക്ഷേപിക്കാനും അതിന്റെ പലിശ ഈടാക്കാനും കെ.യു.ആർ.ഡി.എഫ്.സി.ക്ക് അധികാരമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക സർക്കാർ ഉത്തരവില്ലാതെ വിജയാ ബാങ്കിൽ നിക്ഷേപിച്ച് പലിശയീടാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് പരിശോധിക്കേണ്ടതാണെന്നും ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം തേടേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. വിജയാ ബാങ്കിലെ അക്കൗണ്ട് ക്ലോസ് ചെയ്യുവെന്നും മേൽ വിഷയത്തിൽ ഉത്തരവാദി ആരാണെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്നും കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതു സംബന്ധിച്ച തർക്കങ്ങൾ അടിയന്തരമായി പരിഹരിച്ച് നടപടി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം മാലിന്യം വേർതിരിക്കുന്നതിനും പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാതെ വരുന്നുണ്ടെന്നും അത് മാലിന്യ നിർമ്മാർജ്ജനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന അത്തരം വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിലുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ്/ ആശങ്കകൾ ഇല്ലാതാക്കുന്നതിനും മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മാലിന്യ പ്രശ്നം പൂർണ്ണമായി

പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്ക ഉളവാക്കുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം പ്ലാന്റുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അവരുടെ മാലിന്യങ്ങൾ മുഴുവൻ അവർ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പൊതുസ്ഥലങ്ങളിലും പുഴകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നോട്ടീസ് നല്കുന്നതിനും പിഴ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിച്ചു. പിഴ തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. മാലിന്യശേഖരണത്തിനും സംസ്കരണത്തിനുമായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുമ്പോൾ അവരുമായി കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യങ്ങൾ എവിടേക്കാണ് കൊണ്ടുപോകുന്നതെന്നും അത് കൃത്യമായി അവിടെ എത്തുന്നുവെന്നും അറിയുവാനുള്ള ജിപിഎസ് ട്രാക്കിംഗ് ഉൾപ്പെടെയുള്ള നൂതന മോണിറ്ററിംഗ് സംവിധാനങ്ങൾ നഗരസഭകൾ സജ്ജമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫ്ലാറ്റുകൾക്ക് അനുമതി കൊടുക്കുമ്പോൾ ജൈവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

6. അറവുമാലിന്യം അതാത് ജില്ലകളിൽ തന്നെയുള്ള അറവുമാലിന്യ സംസ്കരണ പ്ലാന്റുകളിൽ സംസ്കരിക്കാനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

7. തദ്ദേശസ്ഥാപനങ്ങളിൽ ചിലത് നിലവിലും ടാർപോളിൻ ഷീറ്റ് ഉപയോഗിച്ച് മറച്ചുകൊണ്ടാണ് മാലിന്യം കൊണ്ടുപോകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയും ജിപിഎസ് ട്രാക്കിംഗ് സംവിധാനവുമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നഗരസഭകൾ ഉറപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചേർത്തല നഗരസഭയ്ക്ക് 15 ലക്ഷം രൂപ പിഴ ചുമത്തുകയും ഹിയറിംഗ് നടത്തുകയും ചെയ്തതിനെ തുടർന്ന് നഗരസഭ സ്വീകരിച്ച നടപടി മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. റവന്യൂ അധികാരികളുടെ അനുവാദമില്ലാതെ ചതുപ്പ് നിലം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ ചെലവിൽ വികസിപ്പിച്ചെടുത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

9. ചാവക്കാട് നഗരസഭ സ്വകാര്യ വ്യക്തിയിൽ നിന്ന് ഭൂമി ഏറ്റെടുത്ത നടപടിയെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. മലിനീകരണ നിയന്ത്രണ ബോർഡിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. താൽകാലിക ജീവനക്കാരെ നിയോഗിച്ചാണ് ബോർഡിൽ നിലവിൽ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും ജോലി മുൻപത്തെക്കാളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വ്യവസായങ്ങൾക്ക് സമയബന്ധിതമായി അനുമതി നൽകുന്നതുൾപ്പെടെയുള്ള ചുമതലകൾ സുഗമമായി നിർവ്വഹിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ കാറ്റഗറികളിലായി ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

11. കാഞ്ഞങ്ങാട്, അട്ടൂർ മുനിസിപ്പാലിറ്റികൾ മാലിന്യ സംസ്കരണ പ്ലാന്റുകൾ നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ശുചിത്വ മിഷൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ന്യൂനതയാർന്ന ആസൂത്രണവും അനുചിതമായ നടപ്പാക്കലും മൂലം തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ₹16.40 ലക്ഷത്തിന്റെ ചെലവ് ഫലപ്രദമല്ലാതായത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. തിരൂർ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണത്തിന്റെ സാങ്കേതികവിദ്യ മാറ്റണമെന്ന ശുചിത്വമിഷന്റെ നിർദ്ദേശം പാലിക്കപ്പെട്ടോ എന്നും അതിനായി ശുചിത്വമിഷൻ നൽകിയ പണം ഉപയോഗിച്ചോ എന്നും മാലിന്യം നീക്കം ചെയ്യാൻ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

14. ചാവക്കാട് മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിലുള്ള ന്യൂനതകൾ സംബന്ധിച്ച മുനിസിപ്പാലിറ്റി നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ പൂർത്തിയാക്കിയോ എന്നത് സംബന്ധിച്ചും മാലിന്യ സംസ്കരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചോ എന്നതു സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

15. കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൈവശമുള്ള തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ഇക സർക്കാർ ഉത്തരവില്ലാതെ വിജയാ ബാങ്കിൽ നിക്ഷേപിച്ച് പലിശയീടാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാലിന്യ സംസ്കരണത്തിനാവശ്യമായ സ്റ്റാഫിന്റെ കുറവ് ഗുരുതരമായ പ്രശ്നമാണെന്ന് സമിതിക്ക് ബോധ്യമുണ്ട്.ആയതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം മാലിന്യ സംസ്കരണ ജോലികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണം/ഇൻഷ്വറൻസ് ഉൾപ്പെടെയുള്ളവ സജ്ജമാക്കണമെന്നും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I
പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	1	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതു സംബന്ധിച്ച തർക്കങ്ങൾ അടിയന്തരമായി പരിഹരിച്ച് നടപടി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
2	2	തദ്ദേശ സ്വയംഭരണ വകുപ്പ്	വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം മാലിന്യം വേർതിരിക്കുന്നതിനും പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാതെ വരുന്നുണ്ടെന്നും അത് മാലിന്യ നിർമ്മാർജ്ജനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന അത്തരം വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. അത്തരത്തിലുള്ള തർക്കങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
3	3	തദ്ദേശ സ്വയംഭരണ വകുപ്പ്	ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് / ആശങ്കകൾ ഇല്ലാതാക്കുന്നതിനും മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മാലിന്യ പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
4	4	തദ്ദേശ സ്വയംഭരണ വകുപ്പ്	മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്ക ഉളവാക്കുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം പ്ലാന്റുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അവരുടെ മാലിന്യങ്ങൾ മുഴുവൻ അവർ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. പൊതുസ്ഥലങ്ങളിലും പുഴകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നോട്ടീസ് നല്കുന്നതിനും പിഴ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിച്ചു. പിഴ ഇക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
5	5	തദ്ദേശ സ്വയംഭരണ വകുപ്പ്	മാലിന്യശേഖരണത്തിനും സംസ്കരണത്തിനുമായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുമ്പോൾ അവരുമായി കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യങ്ങൾ എവിടേക്കാണ് കൊണ്ടുപോകുന്നതെന്നും അത് കൃത്യമായി അവിടെ എത്തുന്നുവെന്നും അറിയുവാനുള്ള ജിപിഎസ് ട്രാക്കിംഗ് ഉൾപ്പെടെയുള്ള നൂതന മോണിറ്ററിംഗ് സംവിധാനങ്ങൾ

			നഗരസഭകൾ സജ്ജമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫ്ലാറ്റുകൾക്ക് അനുമതി കൊടുക്കുമ്പോൾ ജൈവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.
6	6	തദ്ദേശ സ്വയംഭരണ വകുപ്പ്	അറവുമാലിന്യം അതാത് ജില്ലകളിൽ തന്നെയുള്ള അറവുമാലിന്യ സംസ്കരണ പ്ലാന്റുകളിൽ സംസ്കരിക്കാനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
7	7	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്ഥാപനങ്ങളിൽ ചിലത് നിലവിലും ടാർപോളിൻ ഷീറ്റ് ഉപയോഗിച്ച് മറച്ചുകൊണ്ടാണ് മാലിന്യം കൊണ്ടുപോകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയും ജിപിഎസ് ട്രാക്കിംഗ് സംവിധാനവുമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് നഗരസഭകൾ ഉറപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചേർത്തല നഗരസഭയ്ക്ക് 15 ലക്ഷം രൂപ പിഴ ചുമത്തുകയും ഹിയറിംഗ് നടത്തുകയും ചെയ്തതിനെ തുടർന്ന് നഗരസഭ സ്വീകരിച്ച നടപടി മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
8	8	തദ്ദേശ സ്വയംഭരണ വകുപ്പ്	റവന്യൂ അധികാരികളുടെ അനുവാദമില്ലാതെ ചതുപ്പ് നിലം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ ചെലവിൽ വികസിപ്പിച്ചെടുത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.
9	9	തദ്ദേശ സ്വയംഭരണ വകുപ്പ്	ചാവക്കാട് നഗരസഭ സ്വകാര്യ വ്യക്തിയിൽ നിന്ന് ഭൂമി ഏറ്റെടുത്ത നടപടിയെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
10	10	തദ്ദേശ സ്വയംഭരണ വകുപ്പ്	മലിനീകരണ നിയന്ത്രണ ബോർഡിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. താൽകാലിക ജീവനക്കാരെ നിയോഗിച്ചാണ് ബോർഡിൽ നിലവിൽ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും ജോലി മുൻപത്തെക്കാളും ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വ്യവസായങ്ങൾക്ക് സമയബന്ധിതമായി അനുമതി നൽകുന്നതുൾപ്പെടെയുള്ള ചുമതലകൾ സുഗമമായി നിർവ്വഹിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിൽ വിവിധ കാറ്റഗറികളിലായി ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
11	11	തദ്ദേശ സ്വയംഭരണ വകുപ്പ്	കാഞ്ഞങ്ങാട്, അട്ടൂർ മുനിസിപ്പാലിറ്റികൾ മാലിന്യ സംസ്കരണ പ്ലാന്റുകൾ നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ശുചിത്വ മിഷൻ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
12	12	തദ്ദേശ സ്വയംഭരണ വകുപ്പ്	ന്യൂനതയാർന്ന ആസൂത്രണവും അനുചിതമായ നടപ്പാക്കലും മൂലം തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ₹ 16.40 ലക്ഷത്തിന്റെ ചെലവ് ഫലപ്രദമല്ലാതായത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ

			ചെയ്യുന്നു.
13	13	തദ്ദേശ സ്വയംഭരണ വകുപ്പ്	തിരൂർ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണത്തിന്റെ സാങ്കേതികവിദ്യ മാറ്റണമെന്ന ശുചിത്വമിഷന്റെ നിർദ്ദേശം പാലിക്കപ്പെട്ടോ എന്നും അതിനായി ശുചിത്വമിഷൻ നൽകിയ പണം ഉപയോഗിച്ചോ എന്നും മാലിന്യം നീക്കം ചെയ്യാൻ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
14	14	തദ്ദേശ സ്വയംഭരണ വകുപ്പ്	ചാവക്കാട് മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിലുള്ള ന്യൂനതകൾ സംബന്ധിച്ച് മുനിസിപ്പാലിറ്റി നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ പൂർത്തിയാക്കിയോ എന്നത് സംബന്ധിച്ചും മാലിന്യ സംസ്കരണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചോ എന്നതു സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
15	15	തദ്ദേശ സ്വയംഭരണ വകുപ്പ്	കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൈവശമുള്ള തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
16	16	തദ്ദേശ സ്വയംഭരണ വകുപ്പ്	ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക സർക്കാർ ഉത്തരവില്ലാതെ വിജയാ ബാങ്കിൽ നിക്ഷേപിച്ച് പലിശയീടാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാലിന്യ സംസ്കരണത്തിനാവശ്യമായ സ്റ്റാഫിന്റെ കുറവ് ഗുരുതരമായ പ്രശ്നമാണെന്ന് സമിതിക്ക് ബോധ്യമുണ്ട്.ആയതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം മാലിന്യ സംസ്കരണ ജോലികളിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണം/ഇൻഷുറൻസ് ഉൾപ്പെടെയുള്ളവ സജ്ജമാക്കണമെന്നും അവർക്ക് വേണ്ട പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

2010 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി & എജി ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 3 -ഖണ്ഡിക 3.1 നുള്ള തൽസ്ഥിതി റിപ്പോർട്ട്

ക്രമ നമ്പർ	ഖണ്ഡിക	പരാമർശം	മറുപടി
	3.1	നഗരതദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം	നിലവിൽ മുനിസിപ്പൽ solid waste rules 2016 പ്രകാരമാണ് നഗരസഭകളിൽ മാലിന്യ ശേഖരണവും സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ചെയ്യുവരുന്നത് ആയതു പ്രകാരം തദ്ദേശ സ്വയഭരണ വകുപ്പിന്റേയും, നഗരകാര്യ വകുപ്പിന്റെയും നിരന്തരമായ ഇടപെടൽ മൂലം കേരളത്തിലെ എല്ലാ നഗരസഭകളിലും കോർപ്പറേഷനിലും ഖരമാലിന്യ സംസ്കരണത്തിന് മാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും ആയത് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഖരമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, വേർതിരിക്കൽ, സംഭരണം, സംസ്കരണം, പരിവഹണം സംസ്കരണം, നിർമ്മാർജ്ജനം എന്നിവ SWM ആക്ഷൻ പ്ലാൻ പ്രകാരമാണ് നിർവ്വഹിച്ചുവരുന്നത്. കൂടാതെ ബഹു Green Kerala Tribunal OA 606/18 ഉത്തരവിന്റെ അടിസ്ഥാനത്തിലും നഗരകാര്യ വകുപ്പിന്റെ ഇടപെടൽ മൂലം നഗരസഭകൾ അവരുടെ ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടാർജറ്റ് നിശ്ചയിച്ച് ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2016 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി ശേഖരണം, വീടുകളിലും സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം നിർവ്വഹിച്ചു വരുന്നു. Meterial collection centre, resourse recovery fecility centre, Mini MCF-കൾ, Plastic Shreding mechine -കൾ മുഖേന പുനരുപയോഗം ചെയ്യാവുന്ന പ്ലാസ്റ്റിക്കുകൾ, പുന:ചംക്രമണത്തിന് വിധേയമാക്കുന്നുണ്ട്. ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ വീടുകളിലും സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിൽ ഹോസ്പിറ്റലുകൾ ഉൾപ്പടെ നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കർമ്മസേന, മറ്റ് സ്വയം സഹായക സംഘങ്ങൾ മുഖേനയാണ് വാതിൽപ്പടി സേവനം നടത്തുന്നത്. ആയതിന്റെ വേർത്തിരിക്കലും ജൈവ അജൈവമാലിന്യങ്ങൾ ഖര ദ്രവമാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള നടപടികൾ നഗരസഭ/കോർപ്പറേഷൻ തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. പ്ലാസ്റ്റിക് വേസ്റ്റുകൾ പുനരുപയോഗിക്കാൻ കഴിയുന്നവ ക്ലീൻ കേരള കമ്പനി അതാതു നഗരസഭകളിൽ നിന്നും ശേഖരിച്ചുവരുന്നു. ബഹു. NGT- യുടെ OA 673/18 ഉത്തരവിൽ പ്രകാരം ദ്രവ മാലിന്യ സംസ്കരണ

			സംവീധാനം നടപ്പിലാക്കുന്നതിനും നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം വിവിധ നഗരസഭകൾ STP- കൾ (Sweavage Treatment Plant) സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകൾ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. Dump site-കളുടെ remediation (Legacy Waste) നുള്ള പദ്ധതികൾ വിവിധ നഗരസഭകളിലും ചെയ്തുവരുന്നു. 2010-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അവസ്ഥയിൽ നിന്നും നഗരസഭകൾ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. ഖരമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം rejuvanation of water bodies (കുളങ്ങൾ, കിണറുകൾ) മഴവെള്ള കൊയ്ത്ത്, മഴവെള്ള സംഭരണം, കനാൽ നവീകരണം, കനാലുകളിലേക്കുള്ള മാലിന്യ പൈപ്പുകളുടെ അടച്ചുപൂട്ടൽ എന്നിവ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE വഴി എല്ലാ ആശുപത്രികളിൽ നിന്നും ലാബുകളിൽ നിന്നും പാലക്കാടിലുള്ള കേന്ദ്രീയ മാലിന്യ സംസ്കരണ പ്ലാന്റിൽ ശേഖരിച്ചുവരുന്നു. ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾക്ക് KEIL മുഖാന്തിരം സംസ്കരണം നടത്തുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.
	3.1.1		പ്രത്യേക പരാമർശമില്ല
		ആമുഖം	

	3.1.2	ഘടനാ നില	പ്രത്യേക പരാമർശമില്ല
	3.1..3	ഓഡിറ്റ് ലക്ഷ്യങ്ങൾ	പ്രത്യേക പരാമർശമില്ല
	3.1.4	ഓഡിറ്റ് മാനദണ്ഡം	പ്രത്യേക പരാമർശമില്ല
	3.1.5	ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും	പ്രത്യേക പരാമർശമില്ല
	3.1.6	സാമ്പിൾ തെരഞ്ഞെടുക്കൾ	പ്രത്യേക പരാമർശമില്ല
1	**3.1.7**	**മാലിന്യ ഉല്പാദനത്തിന്റെ നിർണ്ണയം** ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവും ഘടനയും സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിരുന്നില്ല.	**തളിപ്പറമ്പ് നഗരസഭ** ഖരമാലിന്യ സംസ്കരണം സംബന്ധിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ട് 2018 ന് നഗരസഭാ തയ്യാറാക്കിട്ടുള്ളതും. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നതുമാണ്. **പെരുമ്പാവൂർ നഗരസഭ** 2011 -ലെ സെൻസസ് പ്രകാരം പെരുമ്പാവൂർ നഗരസഭയിലെ ജനസംഖ്യ 28105 ആണ്. ആളോഹരി 355 ഗ്രാം പ്രകാരം പ്രതിദിനം 10 ടൺ മാലിന്യം ഉല്പ്പാദിപ്പിക്കപ്പെടുന്നുണ്ട്. മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും കണക്കുകൾ സൂക്ഷിക്കുന്നതാണ്. **ചേർത്തലനഗരസഭ** ചേർത്തല നഗരസഭയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൻറെ അളവ് സംബന്ധിച്ച് നഗരസഭ ശാസ്ത്രീയമായ പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതാണ്. പി.സി.ബി, ജില്ലാ എൻവയോൺമെൻറ് പ്ലാനിംഗ് എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് നൽകിയ രേഖകൾ പ്രകാരം ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ അജൈവ മാലിന്യത്തിന്റെ ആകെ അളവ് 16.5 ടണ്ണും ജനസംഖ്യ 46904 ഉം ആണ്. നിത്യേന നഗരത്തിൽ വന്നു

പോകുന്നവർ ഉൾപ്പടെ ഏകദേശം 49500 ഓളം ജനസംഖ്യ വരും ടി രീതിയിലാണ് നിലവിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.കൂടാതെ ചേർത്തല നഗരസഭയെ സംബന്ധിച്ച് ഗ്രാമീണ മേഖല കൂടുതൽ ആയതിനാൽ മാലിന്യ ഉൽപ്പാദനത്തിന്റെ കണക്ക് പട്ടണങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്.

ചാവക്കാട് നഗരസഭ

നിലവിൽ നഗരസഭ ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് മാലിന്യ സംസ്കരണത്തിന് വേണ്ടി മാലിന്യ സംസ്കരണ പ്ലാൻറിൽ എത്തിച്ച് ജൈവ മാലിന്യം വളമാക്കി മാറ്റുകയും ചെയ്യുന്നു.

കാസർഗോഡ് നഗരസഭ

ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിൻറെ അളവ് സംബന്ധിച്ച് വാർഷിക വിവരങ്ങൾ ബഹു.ജില്ലാകളക്ടർക്ക് നൽകുന്നതിനും നഗരസഭയുടെ മാലിന്യ ഉൽപ്പാദനം നിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖരമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനായി വീടുകൾക്ക് സംസ്കരണ യൂണിറ്റുകൾ വിതരണം ചെയ്തത് വഴി മാലിന്യത്തിന്റെ അളവ് കുറക്കാൻ സാധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് ഉൾപ്പെട്ട അജൈവമാലിന്യം വീടുകളിൽ നിന്നും ശേഖരിച്ച് പുന:ചക്രമണത്തിന് നൽകുന്നുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ലക്ഷ്യത്തോടെ വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യം (പ്രത്യേകിച്ച് ഹോട്ടലുകൾ, ക്ലൾബാറുകൾ, ഓഡിറ്റോറിയങ്ങൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ മാംസ വിതരണം) അവരവർ തന്നെ സംസ്കരിക്കുന്നതിന് നിർദ്ദേശം നൽകിയതു വഴി മാലിന്യശേഖരണത്തിന്റെ അളവ് 3 ടണ്ണാക്കി കുറക്കാൻ സാധിച്ചിട്ടുണ്ട്.

പയ്യന്നൂർ നഗരസഭ

			നിലവിൽ മാലിന്യ ഉൽപാദനത്തിന്റെ അളവ് കണ്ടെത്തുന്നതിനുള്ള ആധികാരികമായ സർവ്വേ പ്രവർത്തനങ്ങൾ ഒന്നും തന്നെ നഗരസഭാതലത്തിൽ നടന്നിട്ടില്ലാത്തതാകുന്നു. SUEF തയ്യാറാക്കിയതും, കേന്ദ്ര ഖര മാലിന്യ സംസ്കരണ ചട്ടത്തിലുള്ളത് പ്രകാരം ഒരു പൗരന് 500-600 gm വരെ മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്നാണ് നിജപ്പെടുത്തുന്നത്. മാലിന്യം ഉൽപ്പാദിപ്പിക്കുന്ന പയ്യന്നൂർ നഗരസഭ നൽകിയ 6.1 ടൺ എന്നുള്ളത് ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവാണ് . കൂടുതൽ വീടുകളും സ്ഥലങ്ങളുള്ളതും ഗ്രാമാന്തരീക്ഷമുള്ളതായതിനാൽ കംപോസ്റ്റ് പിറ്റ് ഉപയോഗിച്ച് കൊണ്ട് ജൈവ മാലിന്യം സംസ്കരിക്കുന്നതിനാൽ അവ ശേഖരിക്കുകയും നഗരസഭ നേരിട്ട് നിർമ്മാർജനം ചെയ്യേണ്ടതായിട്ടുള്ള സാഹചര്യം നിലവിലില്ല. നിലവിൽ ശേഖരിക്കുന്ന ജൈവ- അജൈവ മാലിന്യങ്ങളുടെ കണക്ക് കൃത്യമായി രേഖപ്പെടുത്തുകയും റീസൈക്ലിങ്ങിന് അയക്കുന്ന പാഴ്വസ്തുക്കളുടെ അളവ് പ്രത്യേകം രജിസ്റ്ററിൽ നിലവിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് **<u>തൃശ്ശൂർ കോർപ്പറേഷൻ</u>** നിലവിലെ ജനസംഖ്യപ്രകാരം പ്രതിദിനം 127 TPD മാലിന്യം നഗരസഭ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്നു. 400g/day Per Capitta എന്ന നിരക്കിലാണ് 127TPD കണക്കാക്കിയിട്ടുള്ളത്. തികച്ചും ശാസ്ത്രീയമായ രീതികൾ അവലംബിച്ചുകൊണ്ടാണ് ഖരമാലിന്യ പരിപാലനം **<u>ആലപ്പുഴ നഗരസഭ</u>** ആലപ്പുഴ നഗരസഭയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ വിശദവിവരങ്ങൾ എൻവയോൺമെൻറൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി വർഷംതോറും ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ മുഖേന ബഹു.ജില്ലാകളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. **<u>അങ്കമാലി നഗരസഭ</u>** അങ്കമാലി നഗരസഭയിൽ പ്രതിദിന ആളോഹരി മാലിന്യ ഉൽപാദനം 300

			ഗ്രാം എന്ന കണക്കിൽ ആകെ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം 10.60 TPD ആണ്. ആയതിൽ ജൈവമാലിന്യം 7.50 TPD യും അജൈവ മാലിന്യം 3.10 TPD യും ആണ്. മാർക്കറ്റിലെ ജൈവമാലിന്യം 1 TPD നഗരസഭ ശേഖരിച്ച് ബ്രഹ്മപുരം പ്ലാൻറിൽ സംസ്കരിച്ചുവരുന്നു. ഗാർഹിക ജൈവമാലിന്യം സംസ്കരിക്കുന്നതിലേക്ക് വിവിധ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അജൈവ മാലിന്യം ഹരിത കർമ്മസേന വഴി 90% ത്തോളം വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംഭരിക്കുന്ന മാലിന്യത്തിന്റെ അളവ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ** നഗരസഭാ പരിധിയിൽ നിലവിൽ ജനസംഖ്യാ അനുപാതത്തിൽ ഒരോ വ്യക്തിയും ഉൽപ്പാദിപ്പിക്കാൻ ഇടയുള്ള മാലിന്യത്തിന്റെ അളവ് ശരാശരി മാനദണ്ഡങ്ങൾക്ക് വിധേയമായി നിർണ്ണയിക്കപ്പെടുകയും ആയതിൽ മൊത്തം നഗരപരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കുകയും ചെയ്തുവരുന്നുണ്ട്. ഗാർഹിക മാലിന്യങ്ങളും വാണിജ്യ സ്ഥാപനങ്ങളിലെ മാലിന്യങ്ങളും ശേഖരിക്കുന്നതിന് സംവിധാനം ഒരുക്കുകയും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടെയും സംസ്കരണ-തിരസ്കൃത മാലിന്യങ്ങളുടേയും കണക്കുകൾ നിലവിൽ സൂക്ഷിച്ച് വരുന്നുണ്ട് **കോഴിക്കോട് കോർപ്പറേഷൻ**

			ഞെളിയൻപറമ്പിലെത്തുന്ന മാലിന്യങ്ങൾ കൃത്യമായി അളവ് രേഖപ്പെടുത്തുന്നതിന് വെയ് ബ്രിഡ്ജ് സ്ഥാപിച്ചിട്ടുള്ളതാണ്. **മലപ്പുറം നഗരസഭ** ഉല്പാദിക്കപ്പെടുകയും ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന മാലിന്യത്തെ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചു വരുന്നു. **നഗരകാര്യ വകുപ്പിന്റെ മറുപടി**. നിലവിൽ ലാക്ഷണിക പരിശോധന നടത്തിയ നഗരസഭകളിൽ ഉൾപ്പെടെ മാലിന്യം ശേഖരിക്കുന്നതിനും സംസക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
2	3.1.8	**മാലിന്യ ശേഖരണം** ശേഖരിച്ച മാലിന്യത്തിന്റെ രേഖകൾ സൂക്ഷിച്ചിരുന്നില്ല.	**തളിപ്പറമ്പ് നഗരസഭ** നഗരസഭയിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ മാലിന്യങ്ങൾ ഹിരതകർമ്മസേന വഴി തരംതിരിച്ച് ശേഖരിച്ച് പ്ലാന്റിൽ എത്തിച്ചു വരുന്നു. ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. **പെരുമ്പാവൂർ നഗരസഭ** പെരുമ്പാവൂർ നഗരസഭയിൽ പ്രതിദിനം ഉല്പ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്ന 10 ടൺ മാലിന്യത്തിൽ 6.8 ടണ്ണോളം മാലിന്യം വിവിധ മാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിച്ച് ഉറവിടത്തിലിന്നെ സംസ്കരിക്കപ്പെടുന്നു. ബാക്കിയുള്ള 3.2 ടണ്ണോളം മാലിന്യം നഗരസഭ സ്ട്രീറ്റ് സ്വീപ്പ് മുഖേന ശേഖരീക്കുന്നു. അജൈവ മാലിന്യങ്ങൾ നഗരസഭ ഹരിതകർമ്മസേനയുടെ സേവനം ഉപയോഗിച്ച് ശേഖരിച്ച് സംസ്കരിച്ചുവരുന്നതാണ്. **ചേർത്തലനഗരസഭ**

			ചേർത്തലനഗരസഭയിൽ 35 വാർഡുകളാണ് നിലവിൽ ഉള്ളത്.ആയതിൽ വെറും 20% ത്തോളം വരുന്നപ്രദേശം മാത്രമാണ് നഗരവൽക്കരിക്കപ്പെട്ടിരിക്കുന്നത്. മറ്റു പട്ടണങ്ങളെ അപേക്ഷിച്ച് ഗ്രാമീണ മേഖല കൂടുതലായതിനാലും എല്ലാ വീടുകളിലും സ്ഥലലഭ്യത ഉള്ളതിനാലും, ഉറവിട മാലിന്യ സംസ്കരണം വളരെ മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുള്ളതിനാലും വളരെ കുറഞ്ഞ അളവിൽ മാത്രമാണ് നഗരസഭയ്ക്ക് മാലിന്യം ശേഖരിക്കേണ്ടിവരുന്നത്.കൂടാതെ നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ എയ്റോബിക് ബിന്നുകൾ (26 യൂണിറ്റ്)സ്ഥാപിച്ചിട്ടുണ്ട്.ആയത് ഉപയോഗിച്ചും ഫലപ്രദമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം നടത്തി വരുന്നു. ഹരിതകർമ്മ സേനാംഗങ്ങളെ ഉപയോഗിച്ച് എല്ലാ വാർഡുകളിൽനിന്നും നിലവിൽ അജൈവമാലിന്യങ്ങൾശേഖരിക്കുന്നുണ്ട്. **<u>ചാവക്കാട് നഗരസഭ</u>** നഗരസഭയിൽ രൂപീകരിച്ച ഹരിതകർമ്മസേന വാതിൽപ്പടി ശേഖരണം വഴി തരം തിരിച്ച മാലിന്യങ്ങൾ (ജൈവം/അജൈവം) ശേഖരണം നടത്തി നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാൻറിൽ വെച്ച് വളമാക്കി മാറ്റുന്നു. പുനരുപയോഗത്തിന് സാധിക്കുന്ന അജൈവ മാലിന്യങ്ങൾ ബെയിലിംഗ് നടത്തി വിൽപ്പനക്കായി സംഭരണം നടത്തുകയും അല്ലാത്തവ ഷ്രെഡിംഗ് നടത്തി, ആയത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വിൽപ്പന നടത്തുന്നു. നഗരസഭയിലെ എല്ലാ ഭവനങ്ങളിലും, വ്യാപാര സ്ഥാപനങ്ങളിലും നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഹരിതകർമ്മസേനയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. എല്ലാഭവനങ്ങൾക്കും മാലിന്യ സംസ്കരണം നിർബന്ധമാക്കുന്നതിനായി പ്രിവിലേജ് കാർഡ് നഗരസഭ നൽകി വരുന്നു. **<u>കാസർഗോഡ് നഗരസഭ</u>** കാസറഗോഡ് നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണവും വികേന്ദ്രീകൃത

			മാലിന്യ സംസ്കരണവുമാണ് പ്രോത്സാഹിപ്പിക്കുന്നത്. ഗാർഹിക ഉറവിട മാലിന്യ സംസ്കരണത്തിനായി യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. അജൈവമാലിന്യ ശേഖരണത്തിന് ഹരിത കർമ്മസേന പ്രവർത്തിക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ മാലിന്യം സംസ്കരിക്കുന്ന കാര്യം കർശനമായി നടപ്പിലാക്കിവരുന്നു. ആയത് കൊണ്ട് തന്നെ ശേഖരിക്കപ്പെടേണ്ടുന്ന മാലിന്യത്തിന്റെ അളവ് പ്രതിദിനം 3 ടണ്ണായി കുറച്ച് കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. **<u>ചയ്യന്നൂർ നഗരസഭ</u>** നഗരസഭ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ മുഴുവൻ വാർഡിലും നടപ്പാക്കി വരുന്നുണ്ട്. കഴിഞ്ഞ വർഷത്തെ പദ്ധതിയിലും അതിനു മുൻപുള്ള വർഷത്തെ പദ്ധതികളിലും 3779 റിംഗ് കംപോസ്റ്റ്, 1750 പൈപ്പ് കംപോസ്റ്റ്, 691 ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, 1568 കിച്ചൺ ബിൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്ന് ജൈവമാലിന്യം പന്നി ഫാമുകളിലേക്ക് ദിനവും കൊണ്ടുപോകുന്നുണ്ട്. 2021 ആഗസ്റ്റ് 1 മുതൽ മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യ ശേഖരണം ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുഴുവൻ വീടുകളിലും അജൈവ മാലിന്യ ശേഖരണം 2017 ആഗസ്റ്റ് മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 2021 ആഗസ്റ്റ് 1 മുതൽ നെല്ലിക്ക ആപ്പ് വഴി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം തയാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് കവറുകളോടൊപ്പം ചെരുപ്പ്, സ്ഥടിക കപ്പികൾ, ബാഗ് തുടങ്ങിയ അജൈവ മാലിന്യം കൂടി ശേഖരിച്ച് വരുന്നുണ്ട്. വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും വീടുകളിൽ നിന്ന് 50 രൂപയും യൂസർ ഫീയായി പ്രതിമാസം ശേഖരിക്കുന്നു. ഹരിത കർമ്മ സേനാംഗങ്ങൾക്കുള്ള വേതനം നൽകുന്നത് ഈ തുക ഉപയോഗിച്ചാണ്

			തൃശ്ശൂർ കോർപ്പറേഷൻ പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്ന 127TPD മാലിന്യത്തിൽ 77% ജൈവമാലിന്യവും, 21% അജൈവമാലിന്യവും, 2% ഇനെർട്ട് ആയും ആണ് കണക്കാക്കിയിരിക്കുന്നത്. (As per GO(P) No.65/2018/LSGD dtd. 13.09.2018 മേർപ്രകാരം 97.79TPD ജൈവമാലിന്യവും, 26.67 TPD അജൈവമാലിന്യവും, 2.54 ഇനെർട്ടും കോർപ്പറേഷൻ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉറവിട മാലിന്യ സംസ്ക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നഗരസഭആയതിനാൽ, മേൽ ആശയം നടപ്പാക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുകയും ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ സബ്സിഡിയിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. കൂടാതെ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള OWC Plant കൾ വഴിയും ജൈവമാലിന്യ സംസ്ക്കരണ സംവിധാനങ്ങളിലൂടെയും 100% ജൈവമാലിന്യ സംസ്ക്കരണം കൈവരിക്കാൻ സാധിക്കുന്നില്ല. അജൈവമാലിന്യ ശേഖരണം,. ഹരിതകർമ്മ സേന വഴിയാണ് നടത്തി വരുന്നത്. ഇതിനായി 24 ഗ്രൂപ്പുകളിലായി 147 ഹരിതകർമ്മസേനാംഗങ്ങൾ ജോലി ചെയ്ത് വരുന്നു. എന്നാൽ വാതിൽപ്പടി ശേഖരണത്തിന് മതിയായ വാഹന സൗകര്യം ഇല്ലാത്തത് മൂലവും 100% അജൈവമാലിന്യം, ശേഖരിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഹരിതകർമ്മസേനാംഗങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതികൾ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. 6 മാസത്തിനകം 100% ഡോർ ടു ഡോർ കളക്ഷൻ നേടാൻ സാധിക്കുന്നതായിരിക്കും **ആലപ്പുഴ നഗരസഭ** ആലപ്പുഴ നഗരസഭയിലെ 52 വാർഡുകളിലായി 157 ശുചീകരണ തൊഴിലാളികളേയും 11 ശുചീകരണ വാഹനങ്ങളും ഉപയോഗിച്ചാണ് മാലിന്യശേഖരണം നടത്തി വരുന്നത്. കൂടാതെ 2 വർഷം മുൻപുവരെ കുടുംബശ്രീ യൂണിറ്റുകളേയും മാലിന്യശേഖരണത്തിനായി ഉപയോഗിച്ചിരുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൻറെ 80 ശതമാനത്തോളമാണ്

			സർവോദയപുരം പ്ലാൻറിലേയ്ക്ക് കൊണ്ടുപോയിരുന്നത്. ഇപ്പോൾ ആലപ്പുഴ നഗരസഭയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയാണ് അവലംബിച്ചുവരുന്നത്. നഗരത്തിലെ വീടുകളിൽ ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി (10000-ലധികം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഉൾപ്പെടുത്തണം. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ഉള്ള പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗിച്ചുവരുന്നു. **<u>അങ്കമാലി നഗരസഭ</u>** അങ്കമാലി നഗരസഭയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും, മാർക്കറ്റിലെ മാലിന്യം സംസ്കരിക്കുന്നതിൽ OWC (Organic Waste Convertor) സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ 1 TPD ജൈവമാലിന്യം ബ്രഹ്മപുരം പ്ലാൻറിൽ ദൈനംദിനം സംസ്കരിക്കുന്നതിന് കഴിയുന്നുണ്ട്. അജൈവ മാലിന്യം ഹരിത കർമ്മസേന വഴി ശേഖരിച്ച് നഗരസഭ എം.സി.എഫ്, ആർ.ആർ.എഫ് സെൻറർ വഴി റീസൈക്ലിംഗ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. **<u>പെരിന്തൽമണ്ണ നഗരസഭ</u>** രേഖകൾ സൂക്ഷിച്ചുവരുന്നുണ്ട്. നഗരസഭാ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളിൽ ഭൂരിഭാഗവും പുനരുപയോഗസാധ്യതകളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സ്റ്റാപ്പ് ഡീലേഴ്സിലൂടെ കൈകാര്യം ചെയ്യപ്പെടുകയും ബാക്കി വരുന്ന മാലിന്യങ്ങൾ നഗരസഭ സ്വീകരിക്കുകയും ആയത് സംസ്കരണ കേന്ദ്രത്തിലേക്ക് മാറ്റുകയും ചെയ്തുവരുന്നു. മേൽ പ്രകാരം മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നത്

			മൂലമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്ന അത്രയും തന്നെ മാലിന്യങ്ങൾ പരിവഹനം ചെയ്യാൻ ലഭിക്കാത്തത്. **കോഴിക്കോട് കോർപ്പറേഷൻ** മാലിന്യം ശേഖരിക്കുന്നതിന്റെ കണക്ക് സൂക്ഷിക്കുന്നുണ്ട്. **മലപ്പുറം നഗരസഭ** ഉല്പാദിപ്പിക്കുന്നവർ തന്നെ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനാലാണ് നഗരസഭ ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവിൽ കുറവ് വന്നിട്ടുള്ളത്. **നഗരകാര്യ വകുപ്പിന്റെ മറുപടി.** നിലവിൽ ലാക്ഷണിക പരിശോധന നടത്തിയ നഗരസഭകളിൽ ഉൾപ്പെടെ മാലിന്യം ശേഖരിക്കുന്നതിനും സംസക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
	3.1.9	മാലിന്യ സംഭരണവും, വേർതിരിക്കലും	**ചേർത്തലനഗരസഭ** ചേർത്തല നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ത്രിമൂർമൊഴി മോഡൽ എയ്റോബിക്ക് ബിന്നും ഉറവിടമാലിന്യസംസ്കരണ സംവിധാനമായ ബയോബിൻ,ബയോഗ്യാസ് പ്ലാൻറ് എന്നിവയും ഫലപ്രദമായി ഉപയോഗിച്ച വരുന്നു. എല്ലാ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവമാലിന്യം ഹരിതകർമ്മ സേനയെ ഉപയോഗിച്ച് സംഭരിച്ച് വേർതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നു.നിലവിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ വാർഡുകളിലായി മാലിന്യം നിക്ഷേപിക്കുന്നതിനായി പൊതു ഡസ്റ്റ് ബിൻ ഉപയോഗിച്ചു വരുന്നു.ഇത്തരത്തിൽ നഗരസഭയിൽ മാലിന്യ സംഭരണവും വേർതിരിക്കലും ഫലപ്രദ മായ രീതിയിൽ നടത്തിവരുന്നു. **ചാവക്കാട് നഗരസഭ** ഉറവിടത്തിൽ തന്നെ മാലിന്യം ജൈവം/അജൈവം എന്നിങ്ങനെ വേർതിരിച്ചാണ് സംഭരിച്ചു വരുന്നത്. ഇപ്രകാരം ശേഖരിക്കുന്ന മാലിന്യം സംസ്കരണ കേന്ദ്രത്തിൽ വെച്ച് ജൈവമാലിന്യം വളമാക്കുകയും അജൈവ മാലിന്യം ഷ്രെഡിംഗ്, ബെയിലിംഗ് നടത്തുകയും ചെയ്യുന്നു.

അട്ടർ നഗരസഭ

അട്ടർ നഗരസഭയിൽ ജൈവമാലിന്യം 8.5 ടൺ, അജൈവ മാലിന്യം2.5 ടൺ സംസ്കരിക്കുന്നു. ജൈവമാലിന്യം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് വഴിയും അജൈവ മാലിന്യം ഹരിതകർമ്മ സേന വഴി എം.സി.എഫില് എത്തിച്ച് ക്ലീൻ കേരളാ കമ്പനിയ്ക്ക് എത്തിക്കുന്നു. നഗരസഭാ പരിധിയിൽ ഒരു ദിവസം ഉണ്ടാകുന്ന എല്ലാ മാലിന്യങ്ങളും പൂർണ്ണമായി സംസ്കരിക്കാൻ സാധിക്കുന്നുണ്ട്.

പയ്യന്നൂർ നഗരസഭ

നഗരസഭ പരിധിയിലുള്ള വീടുകളിൽ നിന്നുണ്ടാകുന്ന ജൈവ മാലിന്യം, അജൈവ മാലിന്യം എന്നിവ തരം തിരിച്ച് ശേഖരിക്കുന്നതിനും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യം ഹരിത കർമ്മ സേന മുഖേന ശേഖരിച്ച് സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട് . സ്ഥാപങ്ങളിൽ നിന്നുള്ള അജൈവ മാലിന്യം ഹരിത കർമ്മ സേന മുഖേന 71% ശേഖരണം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. മാലിന്യം വേർതിരിക്കൽ, ശേഖരിക്കൽ, സംസ്കരണം ഉൾപ്പെടെ ഖര മാലിന്യ പരിപാലനം നടത്തുന്നതുമായി ബന്ധപ്പെട്ട് ശുചീകരണ തൊഴിലാളികൾക്കും പൊതു ജനങ്ങൾക്കും നല്ല രീതിയിലുള്ള അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും, പൊതു സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് .മാലിന്യം അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുന്നതിനെതിരെയും നഗരസഭ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

തൃശ്ശൂർ കോർപ്പറേഷൻ

ജൈവ-അജൈവ മാലിന്യങ്ങൾ വേർതരിച്ചാണ് ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യം വാതിൽപ്പടി ശേഖരണം വഴി സംഭരിക്കുന്നത്. ആയതിനാൽ ജൈവ-അജൈവമാലിന്യങ്ങൾ വേറിട്ടാണ് സംസ്ക്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുന്നത്. വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്ന

			ജൈവമാലിന്യങ്ങൾ നേരിട്ട് 3 OWC Plant കളിലേക്കാണ് കൊണ്ടുപോകുന്നത്. ജൈവമാലിന്യം സംസ്ക്കരിക്കുന്നതിനായി കോർപ്പറേഷനിൽ കൂടാതെ 6 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വഴിയോരങ്ങളിൽ അടിച്ചു വാരികൂട്ടുന്ന ഇല, പൂവ്, കായ, എന്നിവ സംസ്ക്കരിക്കുന്നതിനായി 24പോർട്ടബിൾ എയറോബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു മൂലം പൊതു ഇടങ്ങളിൽ ചവറ് കൂട്ടിയിട്ട് കത്തിക്കുന്നത് തടയാൻ സാധിച്ചു. കൂടാതെ ഫ്ളാറ്റുകളിലും മറ്റും ഉണ്ടാകുന്ന ജൈവമാലിന്യം അവിടെ തന്നെ വളമാക്കി നൽകുന്നതിന് മോബിട്രാഷ് എന്ന സംവിധാനവും ഉപയോഗിക്കുന്നുണ്ട്. അജൈവമാലിന്യം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ശേഖരിച്ച്, കോർപ്പറേഷൻ പരിധിയിൽ 12 വിവിധ ഡിവിഷനുകളിൽ ഇടങ്ങളിലായി സ്ഥിതി ചെയ്യുന്ന MCF കളിലേക്ക് കൊണ്ടുപോകുന്നു. അജൈവമാലിന്യം MCF കളിൽ വേർതിരിച്ച് പറവട്ടാനിയിൽ സ്ഥിതി ചെയ്യുന്ന 2500 സ്കയർ ഫീറ്റ് വിസ്തീർണ്ണമുള്ള 3 RRF കളിലേക്ക് കൊണ്ട് പോകുന്നു. തെരുവുകളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി ഹെൽത്ത് സ്കാഡ് രൂപീകരിക്കുകയും കോർപ്പറേഷനിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി പിഴ ചുമത്തി വരുന്നു . 2021 ൽ ഇതുവരെ 80,630/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. **<u>ആലപ്പുഴ നഗരസഭ</u>** ആലപ്പുഴ നഗരസഭയിൽ എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2002-2009 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് വീടുവീടാന്തരം ചവർശേഖരണം നടത്തിയിരുന്നു. കൂടാതെ പൊതുസ്ഥലത്ത് നിക്ഷേപിച്ചുവരുന്ന മാലിന്യം നഗരസഭയിലെ 157 ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സർവോദയപുരം പ്ലാൻറിലെത്തിച്ച് സംസ്കരിച്ചിരുന്നു. ഇപ്പോൾ ആലപ്പുഴ നഗരസഭയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതിയാണ് അവലംബിച്ചുവരുന്നത്. നഗരത്തിലെ വീടുകളിൽ ഉല്പാദിപ്പിക്കുന്ന

			മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 10000-ലധികം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഉൾപ്പെടുത്തണം. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ഉള്ള പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗിച്ചുവരുന്നു. സ്വകാര്യ വ്യാപാര സ്ഥാപനങ്ങളിൽ മാലിന്യം ശേഖരിക്കുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടുണ്ട്. **<u>അങ്കമാലി നഗരസഭ</u>** അങ്കമാലി നഗരസഭ പ്രദേശത്ത് നിലവിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൻറെ 90% വും അതാത് സ്ഥാപനങ്ങളും വീടുകളും അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ അതാതിടങ്ങളിൽ സംസ്കരിച്ചു വരികയാണ് ചെയ്തിരുന്നത്. ഈ ഒരു അവസ്ഥയിലേക്ക് എത്തിക്കുന്നതിന് നഗരസഭാതലത്തിൽ വാർഡ് സഭകൾ വഴി ബോധവൽക്കരണ ക്ലാസുകളും വീടുവീടാന്തരം ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അങ്കമാലി നഗരസഭാ പ്രദേശത്ത് നിലവിൽ ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ ജൈവ മാലിന്യവും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് വിവിധ ഗാർഹിക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മാർക്കറ്റ്, പൊതുസ്ഥലം എന്നിവിടങ്ങളിലെ ജൈവമാലിന്യം നഗരസഭ നേരിട്ട് സംഭരിച്ച് ബ്രഹ്മപുരം പ്ലാൻറ് വഴി സംസ്കരിക്കുന്നു. അജൈവ മാലിന്യം ഹരിത കർമ്മസേന വഴി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ശുചിത്വ മിഷൻ അംഗീകാരമുള്ള ഏജൻസികൾക്ക് കൈമാറുന്നു. സർക്കാർ ഉത്തരവിന്റേയും, ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റേയും അടിസ്ഥാനത്തിൽ പൊതുനിരത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നു. • നിലവിൽ ഉണ്ടായിരുന്ന വേസ്റ്റ് എടുത്ത് മാറ്റി പൊതു നിരത്തിൽ

			മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണ് എന്ന് കാണിച്ച കൊണ്ട് കച്ചവട/കച്ചവടേതര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഇത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാൻ പോലീസിന് ഉത്തരവ് നൽകിയിട്ടുണ്ട്. മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നവർക്കെതിരെ പിഴ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. • പത്രമാധ്യമങ്ങൾ വഴി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തകർ വഴി നഗരപ്രദേശത്ത് മുഴുവൻ വീടുകളും സർവ്വെ നടത്തുകയും പൊതുനിരത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കി ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. **<u>പെരിന്തൽമണ്ണ നഗരസഭ</u>** നഗരപരിധിയിലെ കച്ചവട സ്ഥാപനങ്ങളിൽനിന്ന് നേരിട്ടാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും വേർതിരിച്ചാണ് ശേഖരിക്കുന്നത്. നഗരപരിധിയിലെ വേസ്റ്റ് ബിന്നുകൾ നീക്കം ചെയ്തതിനാൽ മാലിന്യങ്ങൾ കൂടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. മാലിന്യം വലിച്ചെറിയുന്നവർക്ക് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ബോധവൽക്കരണ ബോർഡുകളും ചുവരെഴുത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ആശുപത്രികളിലെ മാലിന്യങ്ങൾ നഗരസഭ നേരിട്ട് ശേഖരിക്കുന്നില്ല. ആയത് ആശുപത്രി അധികൃതർ കൃത്യമായി സംസ്കരിച്ച് വരുന്നുണ്ട്. ബയോഗ്യാസ് സംവിധാനം ഇമേജുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

			കോഴിക്കോട് കോർപ്പറേഷൻ മാലിന്യനിക്ഷേപത്തിനെതിരെ മുനിസിപ്പൽ നിയമത്തിലെ 340 (2) പ്രകാരം നോട്ടീസ് നൽകി ഫൈൻ ഈടാക്കുന്നുണ്ട്. വീടുകളിൽ നിന്ന് മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്നു. **മലപ്പുറം നഗരസഭ** മാലിന്യ സംസ്കരണത്തിന് ബയോബിന്‍ർ, ബക്കറ്റ് കമ്പോസ്റ്റ്,ബയോഗ്യാസ് പ്ലാന്റ് നല്കിയിട്ടുള്ളതാണ്. അജൈവ മാലിന്യം ഹരിതകർമ്മസേന ശേഖരിച്ച സംസ്കരിച്ചു വരുന്നുണ്ട്. 28 എച്ച്.കെ.എസ് അംഗങ്ങൾ ഇതിനായി പ്രവർത്തിച്ചു വരുന്നുണ്ട്. **നഗരകാര്യ വകുപ്പിന്റെ മറുപടി.** നിലവിൽ നഗരസഭാ പരിധിയിലെ വീടുകളിൽ നിന്നുണ്ടാകുന്ന ജൈവ മാലിന്യം ജൈവ-അജൈവ മാലിന്യം എന്നിവ തരം തിരിച്ച് ശേഖരിക്കുന്നതിനും അജൈവ മാലിന്യം ഹരിത കർമ്മസേന/ സ്വയം സഹായക സംഘം മുഖേന ശേഖരിച്ചു സംസ്കരിക്കുന്നതിനുള്ള സംവിധാനം നഗരസഭകളിലുണ്ട്.
	3.1.10	മാലിന്യ പരിവഹനം	**ചേർത്തലനഗരസഭ** നഗരസഭയിൽ നിലവിലുള്ള വാഹനം കവചിതമായത് അല്ലാത്തതിനാൽ ആയത് ടാർപോളിൻ ഷീറ്റ് കൊണ്ട് മൂടിയാണ് മാലിന്യം കൊണ്ടു വരുന്നത്.നിലവിൽ മാലിന്യം കൊണ്ടു പോകുന്നതിനായി കവചിത വാഹനം വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.ആയത് ഉടൻ തന്നെ ലഭ്യമാകുന്നതാണ്. **ചാവക്കാട് നഗരസഭ** ശേഖരിക്കുന്ന മാലിന്യം മാലിന്യ സംസ്കരണകേന്ദ്രത്തിലേക്ക് പൊതുജനങ്ങൾക്ക് ശല്യമാകാതിരിക്കുന്നതിനുവേണ്ടി ടാർപോളിൻ കൊണ്ട് മറച്ച

			വാഹനത്തിലാണ് കൊണ്ടുപോകുന്നത്. **കാസർഗോഡ് നഗരസഭ** നിലവിൽ യു.പി.എസ് ഘടിപ്പിച്ച മൂടിയുള്ള വാഹനമാണ് ഉപയോഗിക്കുന്നത്. **അട്ടൂർ നഗരസഭ** നിലവിൽ നഗരസഭ ഖരമാലിന്യം ലോറിയില് ശേഖരിച്ച് മുകളില് ടാർപോളിൻ കൊണ്ട് മൂടിയാണ് സംസ്കരണത്തിന് കൊണ്ടു പോകുന്നത്. **പയ്യന്നൂർ നഗരസഭ** ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വാഹനത്തിൽ നിന്നും മാലിന്യങ്ങൾ പരിസരങ്ങളിലേക്ക് ചിതറുന്നത് തടയുന്നതിന് വേണ്ടി മാലിന്യം വഹിക്കുന്ന വാഹനങ്ങൾ സൗകര്യപ്രദമായ രീതിയിൽ കവർ ഉള്ളതാക്കി മാറ്റിയിട്ടുണ്ട് . പുതുതായി ജൈവ മാലിന്യ ശേഖരണത്തിന് കവേർഡ് വാഹനം വാങ്ങുന്നതിന് 23 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുണ്ട് . **തൃശ്ശൂർ കോർപ്പറേഷൻ** തൃശ്ശൂർ കോർപ്പറേഷനിൽ നിലവിൽ മാലിന്യ പരിപാലനത്തിനായി 33 പെട്ടിഓട്ടോറിക്ഷകൾ, 8 പിക്കപ്പ് വാനുകൾ, 3 ട്രാക്ടറുകൾ, 2 ടിപ്പറുകൾ, 2 മിനി ടിപ്പറുകൾ, 1 എക്സ്കവേറ്റർ എന്നിവ ഉപയോഗിച്ചു വരുന്നു. വാഹനങ്ങളിൽ കവർ ചെയ്താണ് മാലിന്യം കൊണ്ടുപോകുന്നത്. 12 വലിയ വണ്ടികൾക്ക് GPS ഘടിപ്പിച്ചിട്ടുണ്ട് . **ആലപ്പുഴ നഗരസഭ** നിലവിൽ കവചിതമായ ടിപ്പർലോറികളാണ് ഉപയോഗിച്ചുവരുന്നത്.

			അങ്കമാലി നഗരസഭ നഗരസഭയ്ക്ക് നിലവിൽ ഒരു ലോറി, ട്രാക്ടർ, ഓട്ടോറിക്ഷ എന്നിവ മാലിന്യ ശേഖരണത്തിനായിട്ടുണ്ട്. 3.1.9 -ൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തനം നടത്തിയതിന്റെ ഫലമായി നഗര പ്രദേശത്തെ പ്രധാന റോഡുകളിൽ നിന്നും യാതൊരു മാലിന്യവും ഉണ്ടാകുന്നില്ല. ഏതാണ്ട് മൂന്നോ, നാലോ പോയിൻറുകളിൽ മാത്രമാണ് വളരെ അപൂർവ്വമായി കുറഞ്ഞ അളവിൽ നിലവിൽ വേസ്റ്റ് വരുന്നത്. ആയവ കൃത്യമായ ഇടവേളകളിൽ എടുത്ത് മാറ്റുന്നു. പൂർണ്ണമായും കവചിത വാഹനങ്ങളാണ് മാലിന്യ സംസ്കരണത്തിനായി ഉപയോഗിച്ചു വരുന്നത്. **പെരിന്തൽമണ്ണ നഗരസഭ** ശേഖരിച്ച മാലിന്യങ്ങൾ പരിസ്ഥിതിയിലേക്ക് ഇറന്ന് കിടക്കുന്നത് ഒഴിവാക്കുന്നതിന് പ്ലാസ്റ്റിക്ക് ഷീറ്റ് കൊണ്ട് മൂടിയിടുന്നുണ്ട്. വാഹനങ്ങളുടെ രൂപകൽപ്പനയിൽ ശ്രദ്ധിക്കുന്നതാണ്. **കോഴിക്കോട് കോർപ്പറേഷൻ** പുതിയ മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങൾക്കെല്ലാം മൂടിയുള്ളതാണ്. മൂടിയില്ലാത്ത പഴയ വാഹനങ്ങൾ ടാർപായ ഉപയോഗിച്ച് മൂടിയാണ് മാലിന്യം കൊണ്ടുപോകുന്നത്. **മലപ്പുറം നഗരസഭ** നിലവിൽ രണ്ട് വാഹനങ്ങൾക്ക് മൂടി സജ്ജീകരിച്ചിട്ടുള്ളതാണ്. ബാക്കി

			വാഹനത്തിൽ വേസ്റ്റ് ചിതറിപ്പോകാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. **നഗരകാര്യ വകുപ്പിന്റെ മറുപടി.** നിലവിൽ മാലിന്യം വഹിച്ചുകൊണ്ട് പോകുന്നതിന് നഗരസഭകൾ കവചിതമായി വാഹനങ്ങൾ ഉപോഗിക്കുകയോ അല്ലാത്തപക്ഷം മാലിന്യം ടാർപോളിൻ കൊണ്ട് മൂടിക്കൊണ്ട് പോവുകയോ ചെയ്യേ വരുന്നുണ്ട്.
3	3.1.11	**മാലിന്യസംസ്കരണം** പട്ടിക 3-4 മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണ നില	**തളിപ്പറമ്പ് നഗരസഭ** മാലിന്യ സംസ്കരണത്തിനായി MCF,RRF ,WINDRO COMPOST എന്നിവ സ്ഥാപിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഇതിനായി നടക്കുന്നുണ്ട്. **ചേർത്തലനഗരസഭ** ചേർത്തലനഗരസഭയിൽ മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിനായി ഏകദേശം 3 ഏക്കർ സ്ഥലം കണ്ടെത്തി അക്വിസിഷൻ നടപടി അന്തിമ ഘട്ടത്തിൽ എത്തിയിരുന്നു എങ്കിലും പരിസര വാസികളുടെ കഠിനമായ എതിർപ്പ് മൂലം ടി പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു.പ്ലാൻറ് സ്ഥാപിക്കുന്നതിന് പുതിയ സ്ഥലം കണ്ടെത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു. **ചാവക്കാട് നഗരസഭ** നഗരസഭ നിലവിൽ ജൈവ മാലിന്യങ്ങൾ ലാൻറ് ഫില്ലിംഗ് ചെയ്യുന്നില്ല. പകരം അവ വെർമി കംപോസ്റ്റിംഗ് രീതിയിലൂടെ വളമാക്കി കർഷകാമൃതം എന്ന പേരിൽ വിൽപ്പന നടത്തുകയും ടി തുക നഗരസഭ ഫണ്ടിൽ വരവ് വെക്കുകയും ചെയ്യുന്നു. മാലിന്യ സംസ്കരണത്തിനായി ചാവക്കാട് നഗരസഭ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി വെർമി കംപോസ്റ്റിംഗ് എന്നിവ പ്രവർത്തിച്ചുവരുന്നു. നഗരസഭ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം വിൽപ്പന

			നടത്തിയതിന്റെ രേഖകൾ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചുവരുന്നു. **കാസർഗോഡ് നഗരസഭ** ഗാർഹിക ഉറവിടമാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. അജൈവ മാലിന്യം ശേഖരിക്കുന്നതിനും പുന:ചംക്രമണം ചെയ്യുന്നതിനും എം.സി.എഫ്/ആർ.ആർ.എഫ് നിർമ്മിച്ചിട്ടുണ്ട്. അംഗീകൃത കമ്പനികളുമായി കരാറിലേർപ്പെട്ട് അജൈവ മാലിന്യം സംസ്ക്കരണത്തിന് നൽകുന്നു. സ്ഥാപനതല മാലിന്യ സംസ്ക്കരണത്തിന് മത്സ്യമാർക്കറ്റ്, ജനറൽ ആശുപത്രി, ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിൽ 50m3 ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യം വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ മാതൃകയിലാണ് സംസ്ക്കരിക്കുന്നത്. **അട്ടർ നഗരസഭ** അട്ടർ നഗരസഭയിലെ ഖരമാലിന്യ പ്ലാന്റ് വെർമി കമ്പോസ്റ്റിംഗ് രീതിയിൽ നിന്നും ഏയ്റോബിക് കംമ്പോസ്റ്റിംഗ് രീതിയിലേയ്ക്ക് മാറ്റി ജൈവമാലിന്യം പൂർണ്ണമായും സംസ്കരിക്കുന്നു. **പയ്യന്നൂർ നഗരസഭ** പയ്യന്നൂർ നഗരസഭയിൽ നിലവിൽ ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ച് വരുന്നുണ്ട് . മൂരിക്കൊവ്വൽ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി 5 കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുകയും അതിൽ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുകയും ചെയ്യുന്നുണ്ട് . കൂടാതെ ഇനൂർ മൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട് .

			തൃശ്ശൂർ കോർപ്പറേഷൻ ജൈവമാലിന്യ സംസ്ക്കരണത്തിനായി നിലവിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 3 OWC Plant കളിലായി 16TPD ജൈവമാലിന്യം സംസ്ക്കരിച്ചു വരുന്നു. കൂടാതെ മികച്ച രീതിയിൽ 6 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ വഴി മാർക്കറ്റ്, അറവുശാല, അഗതിമന്ദിരം എന്നിവ കേന്ദ്രീകരിച്ച് 2TPD ജൈവമാലിന്യം സംസ്ക്കരിച്ചു വരുന്നു. ഫ്ളാറ്റുകളിലും മറ്റും ഉണ്ടാകുന്ന ജൈവമാലിന്യം അവിടെ തന്നെ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിന് മോബിട്രാഷ് എന്ന നൂതന പദ്ധതി ആവിഷ്കരിച്ചു. മോബിട്രാഷിലൂടെ 0.5TPD ജൈവമാലിന്യം സംസ്ക്കരിക്കുവാൻ സാധിക്കും. കൂടാതെ വഴിയോരങ്ങളിൽ അടിച്ചു കൂട്ടുന്ന ഇല, പൂവ്, കായ്, എന്നിവ സംസ്ക്കരിക്കുന്നതിനായി 24 പോർട്ടബിൾ എയറോബിക് ബിന്നുകൾ (തുമ്പൂർമുഴി) തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വിവിധ ഇടങ്ങളിലായി സ്ഥാപിച്ച് 1.15TPD ജൈവമാലിന്യ സംസ്ക്കരണം നടത്തിവരുന്നു. ഉറവിട മാലിന്യ സംസ്ക്കരണം നടപ്പാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ്, ബയോകമ്പോസ്റ്റർ ബിൻ, സ്മാർട്ട് ബയോബിൻ എന്നീ ഉപാധികൾ സബ്സിഡിയോടുകൂടി നൽകി വരുന്നു. അജൈവമാലിന്യ സംസ്ക്കരണത്തിനായി തൃശ്ശൂർ മുൻസിപ്പൽ കോർപറേഷനിൽ 12 MCF കളും 3 RRF കളും സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ MCF, RRF കളിൽ ഹരിതകർമ്മസേന വഴി . അജൈവമാലിന്യം സംസ്ക്കരിച്ചു വരുന്നു. . അജൈവമാലിന്യ ശേഖരണം വഴി തരംതിരിച്ച മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴിയാണ് കൊണ്ടുപോകുന്നത്. റിജെക്ട്സ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി വഴി KEIL ലേക്ക് കൊണ്ടുപോകുന്നു. Menstrual Hygene Management (MHM) നിന്നുള്ള സാനിറ്ററി നാപ്കിനുകൾ സംസ്ക്കരിക്കുവാൻ ലക്ഷ്യമിട്ട് 2.5TPD കപ്പാസിറ്റിയുള്ള ഇൻസിനറേറ്റർ ശക്തൻ മാർക്കറ്റ് പരിസരത്ത് നിർമ്മിച്ചിട്ടുണ്ട്.

			ആലപ്പുഴ നഗരസഭ ആലപ്പുഴനഗരസഭയിൽഎസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2002-2009 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് വീടുവീടാന്തരം ചവർശേഖരണം നടത്തിയിരുന്നു. കൂടാതെ പൊതുസ്ഥലത്ത് നിക്ഷേപിച്ചുവരുന്ന മാലിന്യം നഗരസഭയിലെ 157 ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സർവോദയപുരം പ്ലാൻറി ലെത്തിച്ച് അവിടെ വെച്ച് ജൈവമാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് രീതിയിൽ വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ലാൻറ് ഫില്ലിംഗിനായി ഉപയോഗിക്കുകയുമായിരുന്നു. എന്നാൽ ഇപ്പോൾ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി 10000-ലധികം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതു സ്ഥലങ്ങളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഉൾപ്പെടുത്തണം. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ഉള്ള പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗിച്ചുവരുന്നു. **അങ്കമാലി നഗരസഭ** നഗരസഭ പ്രദേശത്തുൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ഉദ്ഭവ സ്ഥലത്തുനിന്നുതന്നെ വേർതിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1500 പൈപ്പ് കമ്പോസ്റ്റുകളും, 500 റിംഗ് കമ്പോസ്റ്റുകളും, 338 ബയോഗ്യാസ് പ്ലാൻറുകളും, 354 ബയോബിന്നുകളും 4000 ബയോപോട്ടുകളും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് കൂടി പദ്ധതി

			വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. **പെരിന്തൽമണ്ണ നഗരസഭ** പെരിന്തൽമണ്ണ നഗരസഭയിൽ മാലിന്യശേഖരണ സംസ്കരണ സംവിധാനങ്ങൾ ഹരിതകർമ്മസേന വഴിയാണ് നടപ്പിലാക്കി വരുന്നത്. ഹരിതകർമ്മസേന രൂപീകരിച്ച് മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പുനചംക്രമണ പുനരുപയോഗ സാധ്യതകൾ പരമാവധി ഉപയോഗിച്ച് മാലിന്യത്തിൻറെ അളവ് കുറച്ച് വരുന്നുണ്ട് **കോഴിക്കോട് കോർപ്പറേഷൻ** മാലിന്യ സംസ്കരണത്തിനുള്ള പ്ലാൻറിൽ വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. മാലിന്യം വളമാക്കി മാറ്റുന്നതിലൂടെ നഗരസഭയ്ക്ക് അധിക വരുമാനം ലഭിക്കുന്നു. കൂടാതെ തുമ്പൂർമുഴി പ്ലാൻറുകളും പ്രവർത്തിപ്പിച്ചു വരുന്നു. **മലപ്പുറം നഗരസഭ** പരമാവധി മാലിന്യം ഉറവിടത്തില്ർ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ ഉപാധികളായ ബയോബിന്ർ-908, ബക്കറ്റ് കമ്പോസ്റ്റ്-1444 ,ബയോഗ്യാസ് പ്ലാന്റ്-156 എന്നിവ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിയിട്ടുള്ളതാണ്
4	**3.1.12.1**	**സ്ഥലത്തിന്റെ അപര്യാപ്തത**	**തളിപ്പറമ്പ് നഗരസഭ** നിലവിലുള്ള 2 ഏക്കർ സ്ഥലത്ത് MCF,RRF ,WINDRO COMPOST എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്.തുമ്പൂർമുഴി പ്ളാന്റിന് പദ്ധതി രൂപീകരിച്ച് നടപ്പാക്കി വരുന്നു.അതുകൊണ്ടു തന്നെ മാലിന്യപ്രശ്നങ്ങള് പരിഹരിച്ചു വരുന്നുണ്ട്.കൂടുതല് സ്ഥലം കണ്ടെത്താനുള്ള ശ്രമം നടത്തിവരുന്നുണ്ട്. **ചേർത്തല നഗരസഭ** നഗരസഭയ്ക്ക് സാനിറ്ററി ലാൻഡ് ഫില്ലിംഗ് നടത്തുന്നതിന് സ്ഥലം ലഭ്യമല്ല.

			നിലവിൽ ചേർത്തല നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണപദ്ധതി നടപ്പിലാക്കിയതോടുകൂടി വീടുകളിൽ നിന്നുള്ള മാലിന്യം അതാത് സ്ഥലത്ത് തന്നെ സംസ്കരിച്ചു വരുന്നു.അവശേഷിക്കുന്ന അജൈവ മാലിന്യംഹരിതകർമ്മ സേനയെ ഉപയോഗിച്ച് ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു **ചാവക്കാട് നഗരസഭ** ചാവക്കാട് നഗരസഭ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ അനുഭവപ്പെടുന്ന സ്ഥലത്തിൻറെ അപര്യാപ്തത പരിഹരിക്കുന്നതിനായി സംസ്കരണ കേന്ദ്രത്തിനോട് ചേർന്ന് സ്ഥലം വാങ്ങുന്ന വിഷയം കൗൺസിൽ പരിഗണനയിലാണ്. **കാസർഗോഡ് നഗരസഭ** ഖരമാലിന്യ സംസ്ക്കരണത്തിന് തൊട്ടടുത്തുള്ള മധൂർ പഞ്ചായത്തിൽ സ്ഥലംവാങ്ങുകയും മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 1.5 കോടി രൂപയുടെ പ്രൊജക്റ്റ് തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങി തുടർനടപടികൾ സ്വീകരിക്കുന്നതിനിടയിൽ പരിസരവാസികളുടെ എതിർപ്പ്മൂലം പദ്ധതി ആരംഭിക്കാൻ കഴിയാതെ വന്നിരിക്കുകയായയിരുന്നു. ഈ കാര്യത്തിൽ ബഹു. പ്രിൻസിപ്പൾ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്തും നഗരസഭയും പി.സി.ബി-യും ചർച്ച ചെയ്തിരുന്നുവെങ്കിലും നിലവിൽ പ്രശ്ന പരിഹാരം സാധിക്കാത്തതാണ്. ആയതിനാൽ വികേന്ദ്രീകൃതമായി മാലിന്യം സംസ്ക്കരിക്കുന്നതിന് 22 തുമ്പൂർമുഴി മോഡൽ മാലിന്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. **അടൂർ നഗരസഭ** നിലവിൽ കൈവശ ഭൂമി 1.05 ഏക്കർ ഉള്ളതിനു ചുറ്റും ബഫർ സോൺ നിർമ്മിച്ചിട്ടുള്ളതാണ് . **പയ്യന്നൂർ നഗരസഭ** പയ്യന്നൂർ നഗരസഭയിൽ 2 ഏക്കർ സ്ഥലം മാലിന്യ സംസ്കരണത്തിനായി

			ഉപയോഗിച്ച് വരുന്നുണ്ട് . മാലിന്യ സംസ്കരണകേന്ദ്രത്തിൽ 1800 sqft വിസ്തൃതിയുള്ള മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സെന്റർ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. ഈ സ്ഥലത്തുള്ള ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് . ഇതിനു പുറമെ C & D വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും കൂടുതൽ തുമ്പൂർ മുഴി മോഡൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും റീസൈക്ലിങ്ങിന് നല്കാൻ പറ്റിയ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 2 ഏക്കർ സ്ഥലം കൂടി ഏറ്റെടുക്കുന്നതിന് കൗൺസിൽ നടപടികൾ കൌൺസിൽ സ്വീകരിച്ചു വരുന്നുണ്ട് . മാലിന്യസംസ്കരണകേന്ദ്രത്തിനു ചുറ്റുമായി വൃക്ഷങ്ങൾ നട്ടു വളർത്തി ഗ്രീൻ ബെൽറ്റ് ഒരുക്കിയിട്ടുണ്ട് . **തൃശ്ശൂർ കോർപ്പറേഷൻ** സ്ഥലത്തിന്റ് അപര്യാപ്തത കൗൺസിലിന്റെ പരിഗണനയിൽ വച്ചിട്ടുള്ളതും, 10 ഏക്കർ സ്ഥലം വേസ്റ്റ് ടു എനർജി പ്ലാന്റിനു വേണ്ടി കണ്ടെത്തി അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി സാനിറ്ററി ലാന്റ് ഫിറ്റ് കൂടി കണക്കാക്കിയിരുന്നു. എന്നാൽ ആയത് ഇപ്പോൾ ക്യാൻസലായിട്ടുണ്ട് ഫിറ്റ് മുഖേനയാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ സാനിറ്ററി ലാന്റ് ഫിൽിംഗിന് ഉതകുന്ന തരത്തിലുള്ള സ്ഥലം കണ്ടെത്തിയിട്ടില്ല . ഒരു വർഷത്തിനകം സ്ഥലം കണ്ടെത്തി ഇനെർട്ട് മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ലാന്റ് ഫിറ്റ് ചെയ്യുന്നതായിരിക്കും. **ആലപ്പുഴ നഗരസഭ** മാലിന്യസംസ്കരണത്തിനായി നഗരസഭയ്ക്ക് സർവോദയപുരത്ത് 11 ഏക്കർ ഭൂമി ഉണ്ടായിരുന്നു. പരിസരവാസികളുടെ എതിർപ്പ് മൂലം കൂടുതൽ സ്ഥലം ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. എങ്കിലും ആലപ്പുഴ നഗരസഭയിൽ ഉറവിട മാലിന്യസംസ്കരണ രീതിയാണ് അവലംബിച്ചുവരുന്നത്.

തിരൂർ നഗരസഭ

നഗരസഭയുടെ നിലവിലെ മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് പ്രവർത്തിക്കുന്ന പൊറ്റിലത്തറ എന്ന സ്ഥലത്ത് സർവ്വേ നമ്പർ 144/16 4.5 എക്കർ ഭൂമി നഗരസഭയുടെ അധീനതയിലുണ്ട്. ഇവിടെ ജൈവ-അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

അങ്കമാലി നഗരസഭ

അങ്കമാലി നഗരസഭയ്ക്ക് ഖരമാലിന്യ സംസ്കരണത്തിനായി അയ്യായിപ്പാടത്ത് ഒരേക്കറോളം സ്ഥലത്ത് ആർ.ആർ.എഫ്/ എം.സി.എഫ് സെൻറർ സ്ഥാപിച്ച് അജൈവ മാലിന്യ സംസ്കരണം നടത്തിവരുന്നു. ടി പ്ലാൻറിൽ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് ആൻറ് ബെയിലിംഗ് യൂണിറ്റും സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. ജൈവമാലിന്യ സംസ്കരണത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി 90 ശതമാനം കുടുംബങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പ് മൂലം ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് പ്ലാൻറ് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

പെരിന്തൽമണ്ണ നഗരസഭ

പെരിന്തൽമണ്ണ നഗരസഭയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ ശാസ്ത്രീയ സംവിധാനങ്ങളും 14 ഏക്കറോളം വരുന്ന സ്ഥലത്ത് വേണ്ടത്ര പശ്ചാത്തല സൗകര്യങ്ങളും നിലവിലുണ്ട്. സംസ്കരണ പ്ലാൻറിൽ സൗന്ദര്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷൻ

ഞെളിയൻ പറമ്പിലെ പുതിയതായി സ്ഥാപിക്കുന്ന വെയ്സ്റ്റ് ടു എനർജി പ്ലാൻറിൻറെ നിർമ്മാണം നടന്നുവരുന്നു. നിലവിലെ തിരസ്കരണികൾ കേപ്പിംഗ് ആൻറ് ബയോ മൈനിംഗ് പ്രോസസിലൂടെ സംസ്കരിക്കുന്നു.

	3.1.12.2	സ്വകാര്യ ഭൂമി അനധികൃതമായി നികത്തി വികസിപ്പിക്കൽ	**പെരുമ്പാവൂർ നഗരസഭ** നഗരസഭ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന നടപടി ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. നഗരസഭ മാലിന്യ സംസ്കരണത്തിന് ഗാർഹികതലത്തിൽ ഉണഭോക്താക്കൾക്ക് ബയോഗ്യാസ്പ്ലാന്റ്, റിങ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തിട്ടുള്ളതാണ്. നാളിതുവരെ 165 ബയോഗ്യാസ്പ്ലാന്റ് കളും 515 റിംങ് കമ്പോസ്റ്റും 894 പോട്ട് കമ്പോസ്റ്റും വിതരണം ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും, MRF, MCH എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം ശാസ്ത്രീയമായി ചെയ്യുന്നതിന് നടപടി സ്വീകരിച്ച വരികയാണ്. അജൈവ മാലിന്യം നഗരസഭ ഹരിതകർമ്മസേന മുഖേന കളക്ട് ചെയ്യുവരികയാണ്. **ചേർത്തല നഗരസഭ** നിലവിൽ നഗരസഭാ പ്രദേശത്ത് ഒരു സ്ഥലത്തും മാലിന്യം കൂടിക്കിടക്കുന്ന അവസ്ഥയില്ല. ജൈവമാലിന്യം ഉറവിട മാലിന്യ സംസ്കരണം വഴിയും അജൈവമാലിന്യം ഹരിതകർമ്മസേന വഴി സംഭരിച്ച് ക്ലീൻകേരള കമ്പനിക്കും നൽകുന്നു. കൂടാതെ ലിഗസി വേസ്റ്റും ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതു വഴി നഗരസഭ മാലിന്യ സംസ്കരണത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. **ചാവക്കാട് നഗരസഭ** നഗരസഭ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ പരാമർശ ഖണ്ഡികയിൽ പറയുന്ന മാലിന്യ കൂമ്പാരം, ബയോ മൈനിംഗ് മുഖേന സംസ്കരിക്കുന്നതിനാവശ്യമായ പ്രവർത്തിക്ക് 2021-22 വർഷത്തെ ജനകീയാസൂത്രണ പദ്ധതി മുഖേന അംഗീകാരം ലഭിക്കുകയും ആയതിൻറെ നിർവ്വഹണഘട്ടത്തിലുമാണ്. ബയോ മൈനിംഗ് പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്കരണ കേന്ദ്രത്തിലെ കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ ഒഴിവാക്കുന്നതാണ്.

			തൃശ്ശൂർ കോർപ്പറേഷൻ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ സ്വകാര്യ ഭൂമി അനധികൃതമായി നികത്തി വികസിപ്പിച്ചിട്ടുണ്ട്.
	3.1.12.3	ഉറസ്സായി കൂനകൂട്ടിയിട്ടിരിക്കുന്ന മാലിന്യം ആരോഗ്യത്തിനും പരിസ്ഥിതിക്കും പ്രശ്നങ്ങൾ ഉണ്ടാക്കി	**ചേർത്തല നഗരസഭ** നിലവിൽ നഗരസഭയിൽ സാനിറ്ററി ലാൻഡ് ഫില്ലിംഗ് ഇല്ല. **ചാവക്കാട് നഗരസഭ** നഗരസഭ ഉറവിടത്തിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുകയും (ജൈവം/അജൈവം എന്നിങ്ങനെ വേർതിരിച്ച്) ജൈവമാലിന്യം വളമാക്കിമാറ്റുന്നതുമൂലം സംസ്കരണ കേന്ദ്രത്തിൽ മാലിന്യങ്ങൾ കൂനകൂടി കിടക്കുന്ന അവസ്ഥ ഇലോം കുറവാണ്. മുൻകാലങ്ങളിൽ ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ ബയോമൈനിംഗ് മുഖേനെ സംസ്കരിക്കുന്നതിന് നഗരസഭ ആവിഷ്കരിച്ച പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ആ പ്രശ്നവും പരിഹരിക്കപ്പെടുന്നതാണ്. **കാസർഗോഡ് നഗരസഭ** ഗാർഹിക ഉറവിടമാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.അജൈവ മാലിന്യം ശേഖരിക്കുന്നതിനും പുന:ചംക്രമണം ചെയ്യുന്നതിനും എം.സി.എഫ്/ആർ.ആർ.എഫ് നിർമ്മിച്ചിട്ടുണ്ട് . അംഗീകൃത കമ്പനികളുമായി കരാറിലേർപ്പെട്ട് അജൈവ മാലിന്യം സംസ്ക്കരണത്തിന് നൽകുന്നു . എം.സി.എഫ്-ലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് . 38 വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചുവരുന്നു. കേന്ദ്രീകൃത മാലിന്യ പ്ലാന്റിന് പൊതുജന എതിർപ്പിനെ തുടർന്ന് മാലിന്യം സംസ്ക്കരിക്കാൻ കഴിയാത്തതിനാൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം നടത്തുന്നതിനായി 22 തുമ്പൂർമുഴി മോഡൽ മാലിന്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ലെഗ്സി മാലിന്യം നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.വേബ്രിഡ്ജ് സംവിധാനം ഏർപ്പെടുത്തി മാലിന്യത്തിന്റെ

			അളവ് ടാബുലേറ്റ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് **പയ്യന്നൂർ നഗരസഭ** പയ്യന്നൂർ നഗരസഭയിൽ മൂരിക്കൊവ്വൽ മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്തിന് ചുറ്റും വൃക്ഷങ്ങൾ നാട്ടു വളർത്തി ഗ്രീൻ ബെൽറ്റ് ഒരുക്കുകയും മതിൽ കെട്ടി സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ട് . ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിക്കുന്നതിനും , തരം തിരിച്ച മാലിന്യങ്ങൾ വാഹനത്തിൽ സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. **തൃശ്ശൂർ കോർപ്പറേഷൻ** ലാലൂരിൽ കൂടികിടക്കുന്ന 54634.84m^3 ലെഗസി വേസ്റ്റ് ബയോമൈനിംഗ് ചെയ്യുന്നതിനായി 5 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് ബയോമൈനിംഗ് ചെയ്യുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടി ടെൻഡറിന് 1m^3 ന് 836 രൂപ എന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SEUF നെ തെരഞ്ഞെടുക്കുകയും ചെയ്തു, ആയതിനാൽ ലെഗസി വേസ്റ്റ് ബയോമൈനിംഗ് എത്രയും വേഗം പൂർത്തീകരിക്കുവാൻ സാധിക്കുന്നതായിരിക്കും. **ആലപ്പുഴ നഗരസഭ** ആലപ്പുഴ നഗരസഭയിൽ എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2002-2009 വരെയുള്ള കാലയളവിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് വീടുവീടാന്തരം ചവർശേഖരണം നടത്തിയിരുന്നു. കൂടാതെ പൊതുസ്ഥലത്ത് നിക്ഷേപിച്ചുവരുന്ന മാലിന്യം നഗരസഭയിലെ 157 ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സർവോദയപുരം പ്ലാൻറിലെത്തിച്ച് അവിടെ വെച്ച് ജൈവമാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് രീതിയിൽ വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ലാൻറ് ഫില്ലിംഗിനായി

			ഉപയോഗിക്കുകയുമായിരുന്നു. എന്നാൽ ഇപ്പോൾ ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി 10000-ലധികം വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഉൾപ്പെടുത്തണം. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ഉള്ള പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗിച്ചുവരുന്നു. സ്വകാര്യ വ്യാപാര സ്ഥാപനങ്ങളിൽ മാലിന്യം ശേഖരിക്കുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടുണ്ട്. **തിരൂർ നഗരസഭ** നഗരസഭയുടെ നിലവിലുള്ള മാലിന്യ സംസ്ക്കരണ കേന്ദ്രത്തിൽ അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് 45 യൂണിറ്റ് തുമ്പൂർ മൂഴി സംവിധാനവും, അജൈവ മാലിന്യം സംസ്ക്കരിക്കുന്നതിന് RRF കേന്ദ്രം സ്ഥാപിച്ച് ഇവ തരം തിരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകി വരുന്നു. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭയിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിന് ഉറവിട മാലിന്യ സംസ്കരണ പദ്ധതി 90% സ്ഥലങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ പ്രവർത്തനം ഏർപ്പെടുത്തിയിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ** പെരിന്തൽമണ്ണ നഗരസഭയിൽ ശാസ്ത്രീയമായ രീതിയിലാണ് മാലിന്യസംസ്കരണം നടത്തിവരുന്നത്.

			കോഴിക്കോട് കോർപ്പറേഷൻ താൽക്കാലികമായി പ്രവർത്തനരഹിതമായ മത്സ്യമാർക്കറ്റിലെ പ്ലാൻറ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള മാലിന്യം നീക്കം ചെയ്തിട്ടുള്ളതാണ്.
	3.1.12.4	ചേർത്തല മുനിസിപ്പാലിറ്റിയുടെ അനുചിതമായ മാലിന്യ സംസ്കരണം.	**ചേർത്തല നഗരസഭ** നിലവിൽ നഗരസഭയ്ക്ക് മാലിന്യസംസ്കരണത്തിനായി സ്വകാര്യവ്യക്തികളുമായി കരാറുകൾ നിലവിലില്ല. ഹരിതകർമ്മ സേനയെ ഉപയോഗിച്ച് അജൈവ മാലിന്യം സംഭരിച്ച് വേർതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുകയും ജൈവമാലിന്യം ഇമ്പൂർ മൊഴി മോഡൽ ഉറവിട മാലിന്യ സംസ്കരണം വഴിയും നടത്തുന്നു.കൂടാതെ റിജക്ടഡ് മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് നൽകുക വഴി മാലിന്യം പൂർണ്ണമായും സംസ്കരിക്കാൻ സാധിക്കുന്നു. **തൃശ്ശൂർ കോർപ്പറേഷൻ** തൃശ്ശൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ട വിഷയ മല്ല.
5	**3.1.12.5**	**ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ**	**തളിപ്പറമ്പ് നഗരസഭ** നഗരസഭാ കോമ്പൌണ്ടിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. അറവുശാലയിൽ നിന്നും , മാർക്കറ്റിൽ നിന്നും ഉള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വകാര്യസ്ഥലത്ത് പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. **പെരുമ്പാവൂർ നഗരസഭ**

			പെരുമ്പാവൂർ നഗരസഭയിൽ പച്ചക്കറി മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാൻറ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നിലവിൽ മാർക്കറ്റിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഈ ബയോഗ്യാസ് പ്ലാൻറ് ഉപയോഗിച്ച് വരുന്നു. ടി പ്ലാന്റ്റിൽ ഉല്പാദിപ്പിക്കുന്ന ബയോഗ്യാസ് മാർക്കറ്റിലെ ഒരു സ്ഥാപനത്തിന് നല്കി വരുന്നു. **ചാവക്കാട് നഗരസഭ** സസ്യ, മത്സ്യ/മാംസ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ മുഖേനെ ഗാർഹിക ഉണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാൻറ്, കിച്ചൺബിൻ, ബയോഡൈജസ്റ്റർ എന്നീ ഉപകരണങ്ങൾ നൽകി വരുന്നു. കേന്ദ്രീകൃതമായ ബയോഗ്യാസ് പ്ലാൻറുകൾ ചാവക്കാട് നഗരസഭയിൽ സ്ഥാപിച്ചിട്ടില്ലാത്തതാണ്. **കാസർഗോഡ് നഗരസഭ** കാസറഗോഡ് നഗരസഭയിൽ മത്സ്യമാർക്കറ്റ്, ഗവൺമെന്റ് കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിർ 50 m3 ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടു്. **തൃശൂർ കോർപ്പറേഷൻ** മാർക്കറ്റ്, അറവുശാല, അഗതിമന്ദിരം എന്നിവ കേന്ദ്രീകരിച്ച് 2TPD ജൈവമാലിന്യം സംസ്ക്കരിക്കുന്നതിനായി 6 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ കോർപ്പറേഷനിലെ വിവിധ ഇടങ്ങളിലായി സ്ഥാപിച്ചിട്ടു്. **ആലപ്പുഴ നഗരസഭ** അറവുശാലയോടനുബന്ധിച്ചായിരുന്നു ടി ബയോഗ്യാസ് പ്ലാൻറ് നിർമ്മിച്ചിരുന്നത് അറവുശാല നിലവിൽ പ്രവർത്തിക്കാത്തതിനാൽ

			ബയോഗ്യാസ് പ്ലാൻറും പ്രവർത്തിക്കുന്നില്ല. എന്നിരുന്നാലും ഉറവിട മാലിന്യസംസ്കരണം നഗരസഭ പിൻതുടർന്നതിൻറെ ഭാഗമായി ആയിരത്തിലധികം വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് മാലിന്യം സംസ്കരിച്ചുവരുന്നു. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭയിൽ നിലവിൽ ഖരമാലിന്യ സംസ്കരണത്തിന് പൊതുവായി ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചിട്ടില്ലാത്തതാണ്. നഗരസഭാ മാർക്കറ്റിൽ ജൈവ മാലിന്യ സംസ്കരണത്തിനായി 500 കിലോ ശേഷിയിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിച്ചിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ** പെരിന്തൽമണ്ണ നഗരസഭയിൽ ബയോ ഗ്യാസ് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പ്ലാൻറ് നിർമ്മിച്ച് പൈലറ്റ് പ്രോജക്ടായി പ്രവർത്തിച്ചുവരുന്നു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അധികാരപ്പെടുത്തൽ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതാണ് **കോഴിക്കോട് കോർപ്പറേഷൻ** ബയോഗ്യാസ് പ്ലാൻറുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
	3.1.13	നിയമങ്ങളിലെ/ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അനുവർത്തനം	**തൃശ്ശൂർ കോർപ്പറേഷൻ** കേരള മുനിസിപ്പാലിറ്റി ആക്ട്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആക്ട് 2016, GO(P) No.65/2018/LSGD എന്നീ നിയമങ്ങളിലെയും, ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുവർത്തിച്ചു വരുന്നു.
6	**3.1.13.1**	**മാലിന്യസംസ്കരണ നിർമ്മാർജ്ജന സൌകര്യം സ്ഥാപിക്കുന്നതിനുള്ള**	**തളിപ്പറമ്പ് നഗരസഭ** മാലിന്യസംസ്കരണ പ്ലാന്റിന് ചുറ്റുമതിൽ , റോഡ് സൌകര്യം എന്നിവ നിലവിലുണ്ട്. മാലിന്യങ്ങൾ ഹരിതകർമ്മസേനയുടെ സഹായത്തോടെ

		അധികാരപ്പെടുത്തൽ	കൃത്യമായി തരംതിരിച്ച് ,സംസ്കരണം നടത്തുന്നുണ്ട്. നിർമ്മൽ ഭാരത് ട്രസ്റ്റ് എന്ന ഹരിതസഹായ സ്ഥാപനത്തിന്റെ സഹകരണം ഇതിനായി ഉണ്ട്. ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ ശുചീകരണതൊഴിലാളികൾക്കും ഹരിതകർമ്മസേനാംഗങ്ങൾക്കും ആവശ്യമായ സുരക്ഷാസാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. പ്ലാന്റിന്റെ സമീപസ്ഥമായ കിണറുകൾ മലിനമാകുന്ന സാഹചര്യം ഇപ്പോൾ നിലവിൽ ഇല്ല. **കാസർഗോഡ് നഗരസഭ** 10 വർഷമായി ഇവിടെ മാലിന്യം നിക്ഷേപിക്കാത്തതിനാ ൽ പ്രശ്നം നിലവിലില്ല. ഇവിടുത്തെ ലെഗസ്സിമാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്. **അട്ടർ നഗരസഭ** അട്ടർ നഗരസഭയിൽ നിലവിൽ എയ്റോബിക് കമ്പോസ്റ്റിംഗാണ് പ്രവർച്ചിച്ചു വരുന്നത്. ലീച്ചെറ്റ് പ്ലാന്റ് ആവശ്യമില്ല എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യകൊള്ളുന്നു. **പയ്യന്നൂർ നഗരസഭ** മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും മലിനീകരണ നിയന്ത്രണ ബോർഡിലേക്ക് വാർഷിക റിപ്പോർട്ട് സമർപ്പിച്ച് വരുന്നുണ്ട് . മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്തിന് ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുകയും അനധികൃത വ്യക്തികളുടെയും, അലഞ്ഞു തിരിയുന്ന മൃഗങ്ങളുടെ പ്രവേശനം തടയുന്നതിനുമായി ഗേറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് . തൊട്ടടുത്ത് തന്നെയാണ് അഗ്നിശമനസേന കേന്ദ്രം പ്രവർത്തിക്കുന്നത് ,മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിച്ച് ശേഖരിക്കുന്നതിനും ജൈവ

			മാലിന്യം കമ്പോസ്റ്റിന് വിധേയമാക്കുന്നതിനും അജൈവ മാലിന്യം MCF ൽ ശേഖരിച്ച് അംഗീകൃത ഏജൻസിക്ക് കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട് .മാലിന്യം വലിച്ചെറിയുന്നതിനും, കത്തിക്കുന്നവർക്കെതിരെയുമായി നടപടി സ്വീകരിച്ചിട്ടുണ്ട് . **തൃശ്ശൂർ കോർപ്പറേഷൻ** നിലവിൽ മാലിന്യം കൊണ്ടുപോയി ഡമ്പ് ചെയ്യുന്നുണ്ട്. കൂടാതെ ലാലൂരിൽ കൂടികിടക്കുന്ന ലെഗസ്സി വേസ്റ്റ് ബയോമൈനിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **ആലപ്പുഴ നഗരസഭ** മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യം സ്ഥാപിക്കുന്നതിനുള്ള അധികാരം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭാപ്രദേശത്ത് ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജൈവ-അജൈവ മാലിന്യം തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പ്ലാൻറ് സ്വന്തമായി സ്ഥാപിക്കാത്തതിനാൽ മാർക്കറ്റ്, പൊതു ഇടങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവമാലിന്യം ബ്രഹ്മപുരം പ്ലാൻറിൽ സംസ്കരിക്കുന്നു. 90 ശതമാനം വീടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ**

			പെരിന്തൽമണ്ണ നഗരസഭയിലെ മാലിന്യസംസ്കരണ പ്ലാൻറിന് പൊലൂഷൻ കൺട്രോൾ ബോർഡിൻറെ അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ആയതിനുള്ള ഫീസ് ഒടുക്കുകയും ചെയ്തിട്ടുള്ളതാണ് **കോഴിക്കോട് കോർപ്പറേഷൻ** കോഴിക്കോട് നഗരസഭയിലെ ഞെളിയൻ പറമ്പിലെ മാലിന്യ സംസ്കരണകേന്ദ്രം പ്രത്യേക കോമ്പൌണ്ട് വാൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. അഗ്നിശമനസേനയ്ക്ക് വരുന്ന രീതിയിലുള്ള സൌകര്യം തയ്യാറാക്കിയിട്ടുള്ള താണ്. പുതിയ പ്ലാൻറിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു. മാലിന്യം കത്തിക്കുന്നതിനെതിരെ വ്യക്തികളായാലും സ്ഥാപനങ്ങളായാലും കുറ്റക്കാർക്കെതിരെ പിഴചുമത്തുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.
7	**3.1.13.2**	**മാലിന്യം പരിസ്ഥിതിക്ക് സൃഷ്ടിക്കുന്ന അപകടങ്ങളുടെ തിരിച്ചറിയൽ**	**തളിപ്പറമ്പ് നഗരസഭ** ടഞ്ചിംഗ് ഗ്രൌണ്ടിന് പരിസരത്തെ കിണറുകൾ മലിനമാകുന്ന സാഹചര്യം നിലവിൽ ഇല്ല. ആയത് ഉറപ്പ് വരുത്തുന്നതിന് മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. **ചേർത്തല നഗരസഭ** ഗുണനിലവാര പരിശോധനകൾക്ക് നടപടി സ്വീകരിക്കുന്നതാണ് **കാസർഗോഡ് നഗരസഭ** 10 വർഷമായി ഇവിടെ മാലിന്യം നിക്ഷേപിക്കാത്തതിനാൽ പ്രശ്നം നിലവിലില്ല. ഇവിടുത്തെ ലെഗസ്സിമാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ പ്ലാന്റ് പൊതുജന എതിർപ്പിനെ തുടർന്ന് മാലിന്യം സംസ്ക്കരിക്കാൻ കഴിയാത്തതിനാൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം വഴിയാണ് നിലവിൽ മാലിന്യം സംസ്ക്കരിച്ചുവരുന്നത്. 22 തുമ്പൂർമുഴി മോഡൽ മാലിന്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും അന്തിമ ഘട്ടത്തിലാണ്. അജൈവ

			മാലിന്യങ്ങൾ ഹരിതകർമ്മ സേന വഴി ശേഖരിച്ച് റീസൈക്കിളിംഗ് നർകുന്നു. **പയ്യന്നൂർ നഗരസഭ** മാലിന്യം തരം തിരിച്ച് ഫലപ്രദമായ രീതിയിൽ സംസ്കരിച്ച് വരുന്നുണ്ട് . മാലിന്യം ലാൻഡ് ഫിൽ നടത്തിയിട്ടില്ലാത്തതാണ് . മാലിന്യ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്ന ജൈവ മാലിന്യം കമ്പോസ്റ്റ് കുഴികളിൽ നിക്ഷേപിക്കുകയും കമ്പോസ്റ്റാക്കുകയും ചെയ്യുന്നു . മതിലിനു ചുറ്റും വൃക്ഷങ്ങൾ നാട്ടു പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് ആക്കിയിട്ടുണ്ട് . **തിരൂർ നഗരസഭ** ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് കൈമാറുന്നതിന് 45 തൂമ്പൂർമുഴി യൂണിറ്റും RRF കേന്ദ്രവും നിലവിൽ പ്രവർത്തിക്കുന്നുണ്ട് കൂടാതെ മത്സ്യമാർക്കറ്റിലെ മലിനജലം സംസ്ക്കരിക്കുന്നതിന് 40 കെ.എൽ.ഡി ശേഷിയുള്ള പ്ലാന്റും, ബസ് സ്റ്റാന്റിന് സമീപത്തെ 50 കെ.എൽ.ഡി ശേഷിയുള്ള മലിനജല പ്ലാന്റും നിലവിലുള്ളതാണ്. **അങ്കമാലി നഗരസഭ** ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേകം ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുകയും, ആയതുവഴി പരിസ്ഥിതി പ്രശ്നങ്ങൾ ഒരുപരിധി വരെ ഇല്ലാത്താക്കാനുള്ള തരത്തിലാണ് പ്രോജക്ട് നടപ്പിലാക്കി വരുന്നത്. ഈ നഗരസഭയിൽ റസിഡൻസ് അസോസിയേഷന്റെ സഹകരണത്തോടെ വീടുകളിലേയും, കച്ചവട സ്ഥാപനങ്ങളിലേയും പ്ലാസ്റ്റിക് വേസ്റ്റ് ഹരിത കർമ്മസേന വഴി ശേഖരിച്ച് ആർ.ആർ.എഫ്/എം.സി.എഫ് വഴി പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്ത രീതിയിൽ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ**

			പെരിന്തൽമണ്ണ നഗരസഭയിലെ മാലിന്യങ്ങൾ ലാൻറ് ഫിൽ ചെയ്യുന്നില്ല. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ വഴി സംസ്കരിക്കുകയാണ് ചെയ്യുന്നത് **കോഴിക്കോട് കോർപ്പറേഷൻ** ഞെളിയൻപറമ്പിലെ തിരസ്കരണികൾ കേപ്പിംഗ് ആൻറ് ബയോ മൈനിംഗ് പ്രോസസിലൂടെ സംസ്കരിക്കുന്നു. നിലവിലെ മാലിന്യസംസ്കരണ പ്ലാൻറിൽ നിന്നും പുറത്തുവരുന്ന മലിനജലം സംസ്കരിക്കുന്നതിന് ലീച്ചറ്റ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്.
8	**3.1.13.3**	**മാലിന്യം കൈകാര്യം ചെയ്യുന്നവർക്കുള്ള അപകടം**	**തളിപ്പറമ്പ് നഗരസഭ** ശുചീകരണ തൊഴിലാളികൾക്കും, ഹരിതകർമ്മസേനാംഗങ്ങൾക്കും ആവശ്യമായ സുരക്ഷാസാമഗ്രികളും, യൂണിഫോമും സപ്ലൈ ചെയ്തു വരുന്നുണ്ട്. **ചേർത്തല നഗരസഭ** മാലിന്യ നീക്കം ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ (കൈയ്യുറകൾ, ഗംബൂട്ട്, മാസ്ക് എന്നിവ) നൽകുന്നുണ്ട് **കാസർഗോഡ് നഗരസഭ** മാലിന്യം കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ മാസ്ക്ക്, ഗംബൂട്ട്, ഗ്ലൗസ്, കോട്ട് എന്നിവയും അണുനശീകരണത്തിന് ആവശ്യമായ കാർബോളിക്ക് സോപ്പും നഗരസഭയിലെ മുഴുവൻ ശുചീകരണ തൊഴിലാളികൾക്കും പ്രതിമാസം നൽകിവരുന്നുണ്ട്. ആയത് ധരിക്കാതെ ജോലിചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ തൊഴിലാളികൾക്കും നിലവിൽ മാസത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് നടത്തിവരുന്നു

			പയ്യന്നൂർ നഗരസഭ മാലിന്യം കൈകാര്യം ചെയ്യുന്ന ശുചീകരണ തൊഴിലാളികൾക്കാവശ്യമായ കൈയ്യുറകൾ , ബൂട്ടുകൾ , മാസ്ക്കുകൾ , ജാക്കറ്റുകൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നൽകിവരുന്നു. മുഴുവൻ ശുചീകരണ തൊഴിലാളികളെയും യഥാസമയം വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട് ശുചീകരണ തൊഴിലാളികൾക്കും , ഹരിത കർമ്മ സേനയ്ക്കും വേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനെ കുറിച്ചും അപകട സാധ്യതയെ കുറിച്ചും തൊഴിലാളികൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട് . **തൃശ്ശൂർ കോർപ്പറേഷൻ** നിലവിൽ തൃശ്ശൂർ കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾക്കും ഹരിതകർമ്മ സേനാംഗങ്ങൾക്കും യൂണിഫോം, റെയിൻകോട്ട്, ഗ്ലൗസ്, മാസ്ക്, ബൂട്ട് തുടങ്ങിയ എല്ലാ വിധ സുരക്ഷാഉപകരണങ്ങളും നൽകി വരുന്നുണ്ട്. ജോലിക്കിടയിലുള്ള അപകടങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല . **ആലപ്പുഴ നഗരസഭ** നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് കൈയുറ, ഗംബൂട്ട്., മാസ്ക്, റെയിൻകോട്ട്, യൂണിഫോം എന്നിവയെല്ലാം നൽകിയിട്ടുള്ളതാണ്. നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് കൈയുറ, ഗംബൂട്ട്., മാസ്ക്, റെയിൻകോട്ട്, യൂണിഫോം എന്നിവയെല്ലാം നൽകിയിട്ടുള്ളതാണ്. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭയിൽ ശുചീകരണ വിഭാഗം തൊഴിലാളികൾക്ക് നിയമം

			അനുശാസിക്കുന്ന രീതിയിൽ ഗ്ലൗസ്, ഗംബൂട്ട്സ്, സോപ്പ് എന്നിവ യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ വൈദ്യപരിശോധനയ്ക്കും, ഹെൽത്ത് കാർഡ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. **പെരിന്തൽമണ്ണ നഗരസഭ** ശുചീകരണതൊഴിലാളികൾ, പ്ലാന്റിലെ തൊഴിലാളികൾ എന്നിവർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ആശുപത്രിയിൽ നിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തി ആവശ്യമായ വൈദ്യ സഹായം ഉറപ്പ് വരുത്തുന്നുണ്ട്. തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. **കോഴിക്കോട് കോർപ്പറേഷൻ** കോഴിക്കോട് നഗരസഭയിൽ മാലിന്യം കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് ആവശ്യമായ കയ്യുറ, ബൂട്ടുകൾ, മാസ്ക് എന്നിവ നൽകിയിട്ടുണ്ട്. **മലപ്പുറം നഗരസഭ** തൊഴിലാളികൾക്ക് വർഷാവർഷം ഗംബൂട്ട, കയ്യുറ, മാസ്ക് എന്നിവ നല്കിയിട്ടുള്ളതാണ് .
	3.1.13.4	ഖരമാലിന്യ പദ്ധതികളുടെ നടപ്പാക്കൽ മേൽ നിരീക്ഷിക്കുന്നതിന് ശുചിത്വമിഷനു വീഴ്ച്ച. കാസറഗോഡ് നഗരസഭയിൽ പണിപുരോഗമിക്കുകയാണെന്ന്	**കാസർഗോഡ് നഗരസഭ** കാസറഗോഡ് നഗരസഭാ ഖരമാലിന്യ സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനായി മധൂർ പഞ്ചായത്തിലെ കൊ ിങ്കാന എന്ന സ്ഥലത്ത് 14.27 ലക്ഷം രൂപ മുടക്കി 5.46 ഏക്കർ സ്ഥലം വാങ്ങയിട്ടുള്ളതും ടി സ്ഥസത്ത് മാലിന്യസംസ്ക്കരണത്തിന് ആധുനിക രീതിയിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രൊജക്റ്റ് തയ്യാറാക്കി സമർപ്പിക്കുകയും ആയതിന്

		പറഞ്ഞിരുന്നുവെങ്കിലും പൊതുജന പ്രതിഷേധം കാരണം ഒരു പണിയും ചെയ്തിട്ടിറ്റ്.	അംഗീകാരം ലഭ്യമായിട്ടുള്ളതുമാണ്. എന്നാ ൽ ടി പദ്ധതിയുടെ നിർവ്വഹണ ആരംഭത്തിൽ മധൂർ പഞ്ചായത്തിന്റെയും തദ്ദേശവാസികളുടെയും ശക്തമായ എതിർപ്പ് ഉയർന്നതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല . മാത്രമല്ല മധൂർ പഞ്ചായത്തൽ ടി പദ്ധതി പുനഃസ്ഥാപിക്കുന്നതിന് നിരാക്ഷേപ പത്രികയും നൽകിയിരുന്നില്ല . ടി തർക്കം പ്രിൻസിപ്പൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തി ൽ പഞ്ചായത്തും നഗരസഭയും പി.സി.ബി-യും ചർച്ച ചെയ്തിരുന്നുവെങ്കിലും നിലവി ൽ പ്രശ്ന പരിഹാരം സാധിക്കാത്തതാണ്. **<u>അട്ടൂർ നഗരസഭ</u>** അജൈവ മാലിന്യം സംസ്കരിക്കുന്നതിന് അട്ടൂര് നഗരസഭയിൽ എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യം പൂർണ്ണമായും സംസ്കരിച്ചുവരുന്നു. **<u>പയ്യന്നൂർ നഗരസഭ</u>** നഗരസഭയിലെ ഖര മാലിന്യ പരിപാലന പദ്ധതി പ്രകാരം സാങ്കേതിക അനുമതി ആവശ്യമായ പദ്ധതികൾക്ക് ശുചിത്വ മിഷന്റെ അംഗീകാരം ലഭിച്ചാണ് നടപ്പിലാക്കി വരുന്നത്. **<u>മേൽ വിഷയം സംബന്ധിച്ച് സർക്കാർ സമർപ്പിച്ച റിപ്പോർട്ട് ഇപ്രകാരമാണ് :-</u>** നിലവിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുള്ള ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ അവസ്ഥാ പഠനം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മേധാവിമാരും, ജില്ലാ മേധാവിമാരുമായി യോഗം ചേർന്ന് ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും ഇൻസ്പെക്ഷൻ ടീമിനെ രൂപീകരിക്കുകയും കൃത്യമായ വിലയിരുത്തൽ സൂചികകളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടീം അംഗങ്ങൾ നേരിട്ട് സന്ദർശനം നടത്തി അവസ്ഥാവിലയിരുത്തൽ നടത്തുകയും ചെയ്തു. ആയത് പ്രകാരം ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ

			അടിസ്ഥാനത്തിൽ 19.04.2021 മുതൽ 27.04.2021 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരുടെയും ജില്ലാ മേധാവിമാരുടെയും അവലോകന യോഗം അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് അന്തിമ വിലയിരുത്തൽ നടത്തി. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നടപ്പിലാക്കേണ്ട പ്രവർത്തന ഘടകങ്ങളും സമയക്രമവും നിശ്ചയിച്ച് നൽകുകയും ആയതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ സർക്കാർ നിശ്ചയിച്ച അടിസ്ഥാന മാനദണ്ഡങ്ങളായ ഹരിത കർമ്മസേനാ പ്രവർത്തനം, ഹരിത കർമ്മസേനയുടെ വ്യക്തിഗത സുരക്ഷാസംവിധാനങ്ങൾ, വാതിൽപ്പടിശേഖരണ കവറേജ്, യൂസർഫീ ശേഖരണം, ഹരിത കർമ്മസേന വരുമാനം, മിനി എം.സിഎഫ്, എം.സി.എഫ്, ആർ,ആർ,എഫ് നടത്തിപ്പ്, പാഴ് വസ്തു കയ്യൊഴിയൽ സംവിധാനം , പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം, ഗ്രീൻ പ്രോട്ടോക്കോൾ, നൂതന പ്രവർത്തനങ്ങൾ, മോണിട്ടറിംഗ് തുടങ്ങിയ ഓരോ ഘടകങ്ങളിലും ജില്ലയിൽ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കാണ് നവ കേരള പുരസ്കാരം സമ്മാനിക്കുന്നത്.
9	**3.1.14.2**	**<u>പദ്ധതികളുടെ നടപ്പാക്കലിൽ ഉള്ള ന്യൂനതകൾ</u>**	<u>തളിപ്പറമ്പ് നഗരസഭ</u> തളിപ്പറമ്പ് നഗരസഭയിൽ ഖരമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതിനുവേണ്ടി വാങ്ങിയ ബക്കറ്റുകൾ വിവിധ കച്ചവട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ പൂർണ്ണതോതിൽ നൽകുന്നതിന് കഴിഞ്ഞിട്ടുമില്ല. വ്യാപാരവ്യവസായ സ്ഥാപനങ്ങൾ വില നൽകി ബക്കറ്റുകൾ എടുക്കുന്നതിന് താൽപ്പര്യം കാണിക്കാത്തതാണ് ആയതിനു കാരണം.ആയത് ബഹു.ചെയർമാന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയർമാൻ നിർദ്ദേശിച്ചത് അനുസരിച്ച് പ്രസ്തുത സമയത്ത് ബക്കറ്റുകൾ സൌജന്യമായി നൽകുകയും പിന്നീട് തുക ഈടാക്കുമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബക്കറ്റുകൾ വിതരണം നടത്തിയിട്ടുമുണ്ട്. മാലിന്യ സംസ്കരണത്തിനായുള്ള കൈവണ്ടികൾ,

			ഉത്തരവണ്ടികൾ എന്നിവ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ട്.
	3.1.14.4	പദ്ധതികളുടെ നടപ്പാക്കലിൽ ഉള്ള ന്യൂനതകൾ 2008 ആഗസ്റ്റിൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി പൂർത്തിയാക്കിയില്ല.	**ചാവക്കാട് നഗരസഭ** പരാമർശ ഖണ്ഡികയിൽ പറയുന്ന മാലിന്യ സംസ്കരണ പ്ലാൻറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ആയതിൽ ജൈവമാലിന്യം സംസ്കരിച്ചുവരുകയും ചെയ്തുവരുന്നു. നഗരസഭ ഉറവിട മാലിന്യ സംസ്കരണ ഉപകരണങ്ങൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്നതുമൂലം സംസ്കരണ പ്ലാൻറിലേക്ക് വരുന്ന ജൈവ മാലിന്യങ്ങളുടെ അളവിൽ കുറവ് വന്നിട്ടുള്ളതാണ്. നഗരസഭയുടെ സംസ്കരണ പ്ലാൻറ് പരിമിതമായ സൗകര്യത്തോടും കാര്യക്ഷമതയോടുകൂടിയും പ്രവർത്തിച്ചുവരുന്നു.
	3.1.14.5	പദ്ധതികളുടെ നടപ്പാക്കലിൽ ഉള്ള ന്യൂനതകൾ ഒരു മാലിന്യ സംസ്കരണപ്ലാൻറ് 3.77 കോടി അടങ്കൽ തുകയ്ക്ക് സ്ഥാപിക്കുവാൻ മുനിസിപ്പാലിറ്റി മെസ്സേഴ്സ്: ആന്ധ്രാപ്രദേശ് ടെക്നോളജി ഡെവലപ്മെൻറ് സെൻറുമായി ഒരു കരാറിൽ ഏർപ്പെട്ടു. (2006 ഫെബ്രുവരി) പ്ലാൻറ് 2007 മാർച്ചിൽ പൂർത്തിയാക്കണമെന്ന് ഉദ്ദേശിച്ചിരുന്നു. കരാർ പ്രകാരം പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം എ.പി.റ്റി.ഡി.സി പ്ലാൻറിൻറെ കാര്യക്ഷമത തെളിയിക്കുന്നതിനായി 12 മാസം ട്രയൽറൺ നടത്തേണ്ടതും അതിനുശേഷം അടുത്ത 12 മാസം സൗജന്യമായി പ്ലാൻറ് പ്രവർത്തിപ്പിക്കേണ്ടതുമാണ്. പ്ലാൻറ്	**ആലപ്പുഴ നഗരസഭ** സർവോദയപുരത്തെ ആധുനിക മാലിന്യ സംസ്കരണ പ്ലാൻറ പണി പൂർത്തിയാക്കി 2010 മെയ് മാസത്തിൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്.

		2010 മെയ്മാസം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. നിർമ്മാണത്തിൻറെ ആകെ ചെലവ് 3.04 കോടിയായിരുന്നു. എന്നാൽ തൊഴിൽതർക്കം കാരണം പ്ലാൻറ് കമ്മീഷൻ ചെയ്തിട്ടില്ല. പദ്ധതിയുടെ നിർവ്വഹണം മേൽനിരീക്ഷിക്കാൻ ഒരു സാങ്കേതിക കമ്മറ്റി രൂപീകരിക്കണമെന്നും പണം നൽകേണ്ടത്. മുനിസിപ്പൽ എൻജിനീയർ അളവു പരിശോധന നടത്തിയതിനുശേഷം സാങ്കേതിക കമ്മറ്റിയുടെ അംഗീകാരത്തോടെ മാത്രമായിരിക്കണമെന്നും കരട് പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുമ്പോൾ ശുചിത്വമിഷൻ മുനിസിപ്പാലിറ്റിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ അത്തരം ഒരു കമ്മറ്റിയും രൂപീകരിച്ചിരുന്നില്ല. പണം നൽകിയിരുന്നത് .എ.പി.റ്റി.ഡി.സി സമർപ്പിച്ച റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുടെ അടിസ്ഥാനത്തിൽ യാതൊരു അളവു പരിശോധനയും ഇല്ലാതെയായിരുന്നു. നടപ്പാക്കാത്ത പഴയമാലിന്യത്തിൻറെ ബയോറെമഡിയേഷൻ എന്ന ഇനം പണിയ്ക്കും മുനിസിപ്പാലിറ്റി 19 ലക്ഷം നൽകിയെന്ന് കണ്ടെത്തി.	
10	**3.1.15.1**	**ഫണ്ടുകളുടെ നിർവ്വഹണക്ഷമത**	**തളിപ്പറമ്പ് നഗരസഭ**

		ഖരമാലിന്യ പരിപാലനത്തിനുള്ള ചെലവിന്റെ വകയിരുത്തൽ	ഖരമാലിന്യപദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് ആവശ്യമായ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതും ആയത് സമയബന്ധിതമായി തന്നെ നടപ്പിലാക്കുന്നതുമാണ്. MCF,RRF ,WINDRO COMPOST എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. ഗാർഹിക റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. **പെരുമ്പാവൂർ നഗരസഭ** അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതു മൂലം മാലിന്യ സംസ്കരണപ്ലാന്റ് നിർമ്മിക്കുന്നതിന് സാധിച്ചില്ല. ടി കാരണത്താലാണ് വാർഷികപദ്ധതിയിൽ ഖരമാലിന്യപരിപാലനത്തിനായി നീക്കിവെച്ചിരുന്ന തുക വിനിയോഗിക്കുന്നതിന് സാധിക്കാതിരുന്നത്. നിലവിൽ ഓരോ വർഷവും വികസനഫണ്ടിന്റെ 15% ഖരമാലിന്യപരിപാലനത്തിനായി വകയിരുത്തി ചെലവഴിച്ചുവരുന്നുണ്ട്. **ചേർത്തല നഗരസഭ** പദ്ധതി വിഹിതത്തിൻറെ 15% തുക വകയിരുത്തിയിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി വകയിരുത്തിയ സ്ഥലത്ത് പ്രദേശവാസികളുടെ എതിർപ്പ് മൂലമാണ് ടി തുക വിനിയോഗിക്കാൻ സാധിക്കാത്തത്.സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുക വിനിയോഗിക്കുന്നതാണ്. **കാസർഗോഡ് നഗരസഭ** ഇപ്പോഴത്തെ പദ്ധതികൾ കാര്യക്ഷമമായും കൃത്യതയോടെയും നടത്തിവരുന്നു. **അട്ടർ നഗരസഭ** മാലിന്യ സംസ്കരണത്തിനായി നിലവില് വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക 100 % വും വിനിയോഗിക്കുന്നുണ്ട്. **പയ്യന്നൂർ നഗരസഭ** ഓഡിറ്റ് കാലയളവിൽ നഗരസഭയ്ക്ക് സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്

			വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയുടെ 38.15% മാത്രമേ ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. നഗരസഭ നിലവിൽ നടപ്പിലാക്കി വരുന്ന ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾക്ക് വേണ്ടി കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കുന്നതാണെന്ന് കരുതുന്നു. **തൃശ്ശൂർ കോർപ്പറേഷൻ** 2020-21 വർഷത്തിൽ 18,90,79,120/- രൂപ ശുചിത്വമാലിന്യ പരിപാലനത്തിനായി ചെലവഴിച്ചിട്ടുള്ളതാണ്. **ആറ്റിങ്ങൽ നഗരസഭ** ആറ്റിങ്ങൽ നഗരസഭയുടെ വാർഷിക പദ്ധതി, **UIDSSMT** എന്നീ പദ്ധതികൾ പ്രകാരം **676** ലക്ഷം രൂപയുടെ പ്രോജക്ടുകൾ നൽകി എങ്കിലും **305.75** ലക്ഷം രൂപയാണ് അനുവദിച്ചത്. എന്നാൽ ഇതിൻറെ അവസാന ഗഡു ലഭ്യമായിട്ടില്ല. **(UIDSSMT** പദ്ധതി സർക്കാർ നിറുത്തലാക്കിയത് കാരണം**)**. എന്നാൽ ലഭ്യമായ തുകയിൽ **40** ലക്ഷത്തോളം രൂപ സാനിട്ടറി ലാൻറ് ഫില്ലിന് വേണ്ടി നീക്കി വെയ്ക്കുകയും **(**സാനിട്ടറി ലാൻറ് ഫില്ലിൻറെ **SLTC** അംഗീകരിച്ച ആകെ തുക **99.30** ലക്ഷം രൂപയാണ്**),** ടി തുകയിൽ നിന്ന് സാനിട്ടറി ലാൻറ് ഫില്ലിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ച ബിൽ തുക ടി നീക്കിയിരുപ്പ് തുകയിൽ നിന്നും നൽകിയിട്ടുള്ളതാണ്. സാനിട്ടറി ലാൻറ് ഫില്ലിനുവേണ്ടി തുടർപ്രവർത്തനങ്ങൾക്ക് തുക നൽകുന്നതിലേയ്ക്കായി സ്വച്ഛ് ഭാരത് അർബൻ**,** പ്ലാൻഫണ്ട് എന്നിവയിൽ വകയിരുത്തിയിട്ടുള്ളതും പ്രവർത്തനം അന്തിമഘട്ടത്തിൽ എത്തി നിൽക്കുകയുമാണ്. ലഭ്യമായ **148** ലക്ഷം രൂപയിൽ ബാക്കി തുക **UIDSSMT** പ്രകാരം അംഗീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുള്ളതുമാകുന്നു.

			തിരൂർ നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന തുക പൂർണ്ണമായി ചിലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭ ഖരമാലിന്യ സംസ്കരണത്തിന് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഭൂമി വാങ്ങുന്നതിന് അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ ആയത് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്വന്തമായി സ്ഥാപിക്കുന്നതിന് കഴിയാത്തതിനാൽ തുക ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. **പെരിന്തൽമണ്ണ നഗരസഭ** വാർഷിക പദ്ധതിയിൽ ഖരമാലിന്യ പരിപാലനത്തിനായി നീക്കിവെച്ചിരുന്ന തുക ഫലപ്രദമായ രീതിയിൽ പരമാവധി വിനിയോഗിക്കുന്നതിന് ശ്രദ്ധ ചെലുത്തിയിട്ടുള്ളതാണ് **കോഴിക്കോട് കോർപ്പറേഷൻ** കോഴിക്കോട് നഗരസഭയിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സാധന സാമഗ്രികൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നുണ്ട്. **മലപ്പുറം നഗരസഭ** ഖരമാലിന്യ പരിപാലനത്തില്‍ർ വകയിരുത്തുന്ന തുക മുഴുവനും ചെലവഴിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.
	3.1.15.2	സേവനദാതാവിനുള്ള അനർഹമായ ആനുകൂല്യം - കാസർഗോഡ് സോഷ്യ സർവ്വീസ് സൊസൈറ്റി ഖരമാലിന്യ പരിപാലന മേഖലയിലെ ഒരു സേവനദാതാവാണ്.	**അങ്കമാലി നഗരസഭ** യാതൊരു അനർഹമായ ആനുകൂല്യവും നൽകിയിട്ടില്ല.

		സൊസൈറ്റി ഒരു ഏംഗീകൃത ഏജൻസി അല്ലാത്ത കരണം അവർ ഏതെങ്കിലും മുൻകൂറുകൾക്കോ നികുതികളിൽ നിന്നോ ഒഴിവാക്കലിന് അർഹത ഉള്ളവരായിരുന്നില്ല.	
	3.1.15.3	ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് വേണ്ടി ശുചിത്വ മിഷൻ നൽകിയ തുകകൾ	**<u>പെരുമ്പാവൂർ നഗരസഭ</u>** ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് വേണ്ടി ശുചിത്വമിഷൻ നല്കിയ തുകകൾ വിനിയോഗിക്കാതെ ശേഷിച്ചിരുന്നു. കേന്ദ്രീകൃത സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കി ശുചിത്വമിഷന്റെ അംഗീകാരം വാങ്ങിയിരുന്നെങ്കിലും പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ടി ആവശ്യത്തിനായി ശുചിത്വമിഷനിൽ നിന്നും അനുവദിച്ചിരുന്ന 30.26 ലക്ഷം രൂപ തടസ്സങ്ങൾ നീങ്ങി പ്രവർത്തി ആരംഭിക്കുന്ന സമയത്ത് വിനിയോഗിക്കുന്നതിനു വേണ്ടി വക മാറ്റാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതാണ്. എന്നാൽ, പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ശുചിത്വമിഷനിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് ടി തുകയും പലിശയും ഉൾപ്പെടെ 47,53,527 രൂപ 26.12.16 തീയതി ശുചിത്വമിഷനിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്. **<u>ചേർത്തല നഗരസഭ</u>** ചേർത്തല നഗരസഭ ഖരമാലിന്യസംസ്കരണ പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം പ്രദേശ വാസികളുടെ ശക്തമായ എതിർപ്പുമൂലം ഉപേക്ഷി ക്കേണ്ടി വന്നു. പുതിയ സ്ഥലം കണ്ടെത്തുന്നതിന് ആവശ്യമായനടപടി സ്വീകരിച്ചു എങ്കിലും നാളിതു വരെ അനുയോജ്യമായസ്ഥലം കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. ആയതുമൂലാണ് പദ്ധതി തുക പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നത്.

			അങ്കമാലി നഗരസഭ അങ്കമാലി നഗരസഭയ്ക്ക് മാർക്കറ്റിന് പുറകിൽ ലഭ്യമായ 50 സെൻറ് സ്ഥലത്ത് പ്രാദേശിക എതിർപ്പ് മൂലം സ്ലോട്ടർഹൗസ് പണിയുന്നതിന് സാധിച്ചിട്ടില്ല. പ്രാദേശിക എതിർപ്പുകൾ ഒഴിവാക്കി എത്രയുംവേഗം ടി സ്ഥലത്ത് സ്ലോട്ടർ ഹൗസ് പണിയുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഖരമാലിന്യ സംസ്കരണത്തിൻറെ ഭാഗമായി ജൈവ അജൈവ മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്ന പദ്ധതി നഗരസഭ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. 90% വീടുകളിലും ഗാർഹിക സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അജൈവ മാലിന്യം ഹരിത കർമ്മസേന വഴി 90 ശതമാനം സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് എം.സി.എഫ് സെൻറർ വഴി ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
	3.1.15.4	**മുന് കൂകള് തിരിച്ചു പിടിക്കാതിരിക്കൽ**	**അട്ടർ നഗരസഭ** ഖരമാലിന്യ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി (KAICO) നഗരസഭ 2005 -ൽ ഏർപ്പെട്ട കരാർ പ്രകാരം 2006 -ൽ പ്രോജക്ടിന്റെ 25% തുകയായ 10,00,000/-രൂപ ടി സ്ഥാപനത്തിന് നൽകുകയും പ്ലാന്റ് നിർമ്മാണത്തിനുള്ള സ്ഥലം കൈമാറുന്ന മുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുന്നതായിരിക്കുമെന്നും ടി സ്ഥാപനം ഉറപ്പ് നൽകിയിരുന്നു. എന്നാൽ നഗരസഭയിൽ നിന്നും പ്ലാന്റിനായി തെരഞ്ഞെടുത്ത സ്ഥലം നിശ്ചിത വിസ്തീർണ്ണത്തിൽ കുറവായതിനാൽ ടി സ്ഥലത്ത് പ്ലാന്റ് നിർമ്മാണം നടത്തിയിട്ടില്ലാത്തതും, ആയതിനെത്തുടർന്ന് കൗൺസിൽ തീരുമാനപ്രകാരം മുൻകൂർ, പലിശ സഹിതം തിരിച്ച് നൽകുന്നതിനായി സ്ഥാപനത്തിന് കത്ത് നൽകുകയും , എന്നാൽ സ്ഥാപനത്തിൽ നിന്നും

			അനുകൂല നടപടികൾ എടുക്കാതിരുന്നതിനെ ത്തുടർന്ന് തുക ഈടാക്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ സ്ഥാപനത്തിനെതിരെ പത്തനംതിട്ട സബ് കോടതിയിൽ OS-30/13-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയുായി. തുടർന്ന് 07/08/2014 ലേയും 13/08/2014 ലേയും മീഡിയേഷനി ൽ മുൻകൂറായി നൽകിയ 10,00,000/-രൂപ ഗഡുക്കളായി തിരികെ നൽകാമെന്ന് KAICO നഗരസഭയെ അറിയിച്ചു. എന്നാൽ ബഹു.കൗൺസിലിന്റെ 16/08/2014 ലെ I-ാം നമ്പർ തീരുമാനപ്രകാരം ടി സ്ഥാപനം ഗവൺമെന്റിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതാകയാ ൽ 7% പലിശയും മുൻകൂർ തുകയും കോടതി ചെലവ് ഉൾപ്പെടെ ഈടാക്കാൻ തീരുമാനിക്കുകയും, 21/08/2014 ൽ ടി വിഷയം സൂചിപ്പിച്ച് നഗരസഭ ഗവൺമെന്റിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ 13/11/2015 ലെ ബഹു.മുനിസിഫ് കോടതിയുടെ അന്തിമവിധി പ്രകാരം KAICO യുടെ വാദം പരിഗണിച്ച് നഗരസഭ ടി സ്ഥാപനവുമായി ഒപ്പു വെച്ച കരാർ ലംഘിച്ചതിനാ ൽ യാതൊരു തുകയ്ക്കും നഗരസഭയ്ക്ക് അർഹതയില്ലെന്നും വിധിച്ചിട്ടുള്ളതും, സർക്കാർ സ്ഥാപനങ്ങൾ ആയതിനാ ൽ പ്രാദേശിക കോടതികളി ൽ അപ്പീ ൽ ഫയ ൽ ചെയ്യാൻ പാടില്ലെന്നും വിധിപ്പകർപ്പിന് അറിയിച്ചിരുന്നു. തുടർന്ന് ബഹു.ഹൈക്കോടതിയിൽ RFA 173/16-ാം നമ്പരായി നഗരസഭ അപ്പീൽ ഫയ ൽ ചെയ്തിട്ടുള്ളതും, ബഹു.മുൻസിഫ് കോടതി വിധിക്കെതിരെ പലിശ സഹിതം 19,00,000/-രൂപ ക്ലെയിം ചെയ്തുള്ള അപ്പീ ൽ ആയതിനാ ൽ കോർട്ട് ഫീസ് ഇനത്തി ൽ ആകെ

			1,70,400/-രൂപ ഒടുക്കു വരുത്തേിയിരുന്നു. ആയതിന്റെ ആദ്യഗഡു 56,800/-രൂപ 02/2016 ലും ബാക്കിതുകയായ 1,13,600/-രൂപ 09/2016 ലും കോടതിയിൽ കെട്ടി വെച്ചിട്ടുള്ളതാണ്. നിലവിൽ കേസിൽ അന്തിമ വിധി ന്യായം എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.
	3.1.15.5	വിനിയോഗിക്കാതെ ശേഷിച്ചിരിക്കുന്ന.സർക്കാർ ഫണ്ടുകൾ KURDFC -യിൽ തടയപ്പെട്ട് കിടക്കുന്ന.	**<u>കെ.യു.ആർ.ഡി.എഫ്.സി</u>** കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം മുന്നിൽക്കണ്ട് 31.07.99-ൽ ജി.ഒ(ആർ.റ്റി)1241/99/തസ്വഭവ ഉത്തരവു പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യെ നോഡൽ ഏജൻസിയായി അംഗീകരിക്കുകയും 121.5 ലക്ഷം രൂപ അടിസ്ഥാന മൂലധനമായി നൽകുകയും ചെയ്തിരുന്നു. കെ.യു.ആർ.ഡി.എഫ്.സി യെ നോഡൽ ഏജൻസിയായി അംഗീകരിക്കുകയും 121.5 ലക്ഷം രൂപ അടിസ്ഥാന മൂലധനമായി നൽകുകയും ചെയ്തിരുന്നു. കെ.യു.ആർ.ഡി.എഫ്.സി യെ നോഡൽ ഏജൻസിയായി അംഗീകരിച്ചെങ്കിലും പദ്ധതി പ്ലാൻ ചെയ്ത് നടപ്പിലാക്കേണ്ടത് നഗരസഭകളാണ്. തുടക്കത്തിൽ 12 നഗരസഭകൾക്കായി 41.32 കോടി രൂപയുടെ പദ്ധതി സർക്കാരിൽ സമർപ്പിച്ചു. എന്നാൽ നഗരസഭകൾ വായ്പ വഴി പദ്ധതി നടപ്പാക്കാൻ വിമുഖത കാണിച്ചു. കെ.യു.ആർ.എഫ്.സിയ്ക്ക് നേരിട്ട് പദ്ധതി ആസൂത്രണം ചെയ്യാൻ തക്ക സാങ്കേതിക സംവിധാനവുമില്ല. അതുകൊണ്ടുതന്നെ പദ്ധതി പൂർണ്ണമായും നഗരസഭകളെ ആശ്രയിച്ചാണ് പുരോഗമിക്കേണ്ടിയിരുന്നത്. നഗരസഭകൾക്ക് അടിസ്ഥാന മൂലധനം നൽകാൻ കെ.യു.ആർ.ഡി.എഫ്.സിയ്ക്ക് കഴിയാതിരുന്നത് അവർ പദ്ധതി ആസൂത്രണം ചെയ്യുന്നതിന്റെ

			കാലതാമസംകൊണ്ട് മാത്രമാണ്. തുടക്കത്തിൽ കോഴിക്കോട് കോർപ്പറേഷൻ മാത്രമാണ് 10 ലക്ഷം രൂപ കൈപ്പറ്റിയത്. എന്നാൽ 2010-11 സാമ്പത്തിക വർഷം ഈ തുകയിൽ നിന്ന് 25 ലക്ഷം രൂപ വർക്കല നഗരസഭയ്ക്ക് നൽകി. മാത്രമല്ല തിരൂർ നഗരസഭയ്ക്ക് 23.31 ലക്ഷം രൂപയും നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭിക്കുകയും കരാറിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. നഗരസഭ ആവശ്യപ്പെടുന്നതിനനുസരിച്ച് 23.31 ലക്ഷം രൂപ നൽകേണ്ടതുണ്ട്. പാലാ നഗരസഭയ്ക്ക് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് ലഭിച്ച 121.15 ലക്ഷം രൂപയിൽ 78.31 ലക്ഷം രൂപ വിനിയോഗിക്കേണ്ടിവരികയും ശേഷിച്ച തുക മറ്റ് നഗരസഭകളുടെ ആവശ്യമനുസരിച്ച് നൽകേണ്ടതുമാണന്ന. മാത്രവുമല്ല ഈ തുക സർക്കാർ ട്രഷറിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. കെ.യു.ആർ.ഡി.എഫ്.സി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയില്ലെന്ന് മാത്രമല്ല കമ്പനിയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ശ്രമിച്ചിട്ടുണ്ട്.
11	**3.1.16**	**<u>മേൽ നിരീക്ഷണവും പ്രാബല്യത്തിലാക്കലും</u>**	**<u>തളിപ്പറമ്പ് നഗരസഭ</u>** • മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.ഇതിനായി ഹരിത കർമ്മസേന പ്രവർത്തിച്ചു വരുന്നു. • ഗാർഹികമാലിന്യ സംസ്കരണത്തിന് D to D അജൈവ മാലിന്യശേഖരണം നിലവിൽ ഉണ്ട്. എല്ലാ വീടുകളിലും റിംഗ് കമ്പോസ്റ്റ് സംവിധാനം ഏർപ്പെടുത്താൻ പദ്ധതി രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. • പൊതുസ്ഥലങ്ങളും റോഡ് അരികുകളും ശുചീകരണ തൊഴിലാളികള് ദിവസേന ശുചീകരിച്ചു വരുന്നുണ്ട്.

			• മാലിന്യ നീക്കത്തിന് മൂടിയുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. • ജൈവമാലിന്യ സംസ്കരണത്തിന് WINDRO COMPOST, BIOGAS PLANT എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. **ചേർത്തല നഗരസഭ** എം.എസ്.ഡബ്ലൂ.ചട്ടങ്ങൾപകാരം വാർഷിക റിപ്പോർട്ട് നൽകുന്നതാണ്. **പയ്യന്നൂർ നഗരസഭ** നഗരത്തിൽ എല്ലാ ദിവസവും രാവിലെ ശുചീകരണ തൊഴിലാളികൾ അടിച്ച് വൃത്തിയാക്കുകയും ജൈവ -അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വാഹനത്തിൽ ശേഖരിച്ച് മൂരിക്കൊവ്വൽ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ എത്തിച്ച് ഫലപ്രദമായ രീതിയിൽ സംസ്കരിക്കുകയും ചെയ്യുന്നു. 44 വാർഡുകളിലെയും മുഴുവൻ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന മുഖേന ഡിജിറ്റലൈസ് ആപ്പ് വഴി ശേഖരിക്കുകയും ചെയ്ത് വരുന്നുണ്ട് .മാലിന്യ സംസ്കരണം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് മലിനീകരണ നിയന്ത്രണ ബോർഡിന് എല്ലാ വർഷവും സമർപ്പിച്ച് വരുന്നുണ്ട് .മാലിന്യ സംസ്കരണ കേന്ദ്രത്തിൽ bailing & shredding മെഷീൻ സ്ഥാപിച്ചിട്ടുണ്ട് . ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്ക് റോഡ് ടാറിംഗിന് നൽകുന്നുണ്ട്. ഉപയോഗ ശൂന്യമായ മാലിന്യങ്ങൾ കിലോയ്ക്ക് 2.35 രൂപ തോതിൽ അംഗീകൃത ഏജൻസിയായ തിരുവോണം ഇക്കോ ഇൻഡസ്ട്രീസിന് നൽകി വരുന്നുണ്ട് . **തിരൂർ നഗരസഭ** അജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ തരം തിരിച്ച് ശേഖരിച്ച് വരുന്നു. ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വീടുകൾക്ക് നഗരസഭ 5000 ബയോബിന്നുകൾ നിലവിൽ നൽകിയിട്ടു. അജൈവമാലിന്യങ്ങൾ

			കടകളിലും വീടുകളിലും നേരിട്ട് ശേഖരിക്കുന്നതിന് കുടുംബശ്രീ- ഹരിത കർമ്മസേനയുടെ 18 അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. നഗരസഭയുടെ സംസ്ക്കരണ കേന്ദ്രത്തിൽ 45 യൂണിറ്റ് തുമ്പൂർ മൂഴി സംവിധാനം ശാസ്ത്രീയമായി പ്രവർത്തിച്ചു വരുന്നു. വീടുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ RRF കേന്ദ്രത്തിൽ വെച്ച് തരം തിരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നു. മാലിന്യം ശേഖരിക്കുന്നതിന് കവേർഡ് ആയ വാഹനങ്ങളാണ് ഉപയോഗിച്ചു വരുന്നത്. **<u>അങ്കമാലി നഗരസഭ</u>** അങ്കമാലി നഗരസഭ ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിനാണ് മുന്തിയ പരിഗണന നൽകുന്നത്. അതേസമയം പൊതുവായ ഖരമാലിന്യ പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഉറവിടത്തിൽ നിന്നുതന്നെ മാലിന്യം തരംതിരിച്ച് ശേഖരിച്ച് സംസ്കരണത്തിനായി എത്തിരിക്കുന്ന രീതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഹരിത കർമ്മസേന, എം.സി.എഫ്/ആർ.എഫ്.എഫ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ച് ആയത് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ മാർക്കറ്റിൽ നിന്നുള്ള ജൈവമാലിന്യം ബ്രഹ്മപുരം പ്ലാൻറിൽ സംസ്കരിച്ചുവരുന്നു. മാർക്കറ്റിൽ പുതിയതായി 500 കിലോ ശേഷിയുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ കൂടി സ്ഥാപിച്ച് മെച്ചപ്പെട്ട രീതിയിൽ ജൈവമാലിന്യ സംസ്കരണം നടത്തിവരുന്നു. **<u>പെരിന്തൽമണ്ണ നഗരസഭ</u>** മാലിന്യസംസ്കരണ പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് ശുചിത്വ മിഷന്റേയും ഹരിതകേരള മിഷന്റേയും സാങ്കേതിക സഹായ സഹകരണങ്ങളും സാങ്കേതിക നിർദ്ദേശങ്ങളും ലഭ്യമാക്കിയാണ് നിർവ്വഹിച്ചുവരുന്നത് **<u>കോഴിക്കോട് കോർപ്പറേഷൻ</u>** മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ ഹരിതകർമ്മസേനകൾ തരം തിരിച്ച

			ശേഖരിക്കുന്നു, ദിവസേന തെരുവുകൾ വൃത്തി യാക്കുന്നുണ്ട്. മൂടിയുള്ള വാഹന ത്തിലാണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ സംസ്കരിക്കുന്നു. തിരസ്കരണികൾ, കേപ്പിംഗ് ആൻറ് ബയോ മൈനിംഗ് പ്രോസസിലൂടെ സംസ്കരിക്കുന്നു. **മലപ്പുറം നഗരസഭ** മാലിന്യം തരംതിച്ച് സംസ്കരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഉറവിടസംസ്കരണ ഉപാധികൾ നല്കിയിട്ടുള്ളതാണ്. ഹരിത കർമ്മസേനയിൽ ഉൾപ്പെടുത്തി പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നു.
12	**3.1.17**	**നിഗമനം**	**തളിപ്പറമ്പ് നഗരസഭ** ഹരിതകർമ്മസേനയേയും, ശുചീകരണതൊഴിലാളികളെയും ഉപയോഗിച്ച് നഗരസഭയിലെ മുഴുവൻ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ പൂർണ്ണമായും ശേഖരിച്ച് സംസ്കരണ പ്ലാന്റിൽ എത്തിക്കുന്നുണ്ട്. ആയതിനാൽ തളിപ്പറമ്പ് നഗരസഭയിൽ പൊതുസ്ഥല ങ്ങളിൽ ഒന്നും തന്നെ നിക്ഷേപിച്ച് വരുന്നില്ല. അതുകൊണ്ടുതന്നെ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലോ മറ്റോ കൂട്ടിയിട്ട് പൊതുജനങ്ങൾക്കോ പരിസ്ഥിതിക്കോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല. കൂടാതെ MCF,RRF ,WINDRO COMPOST എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. **ചേർത്തല നഗരസഭ** ഉത്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൻറെ 90% വും നിർമ്മാർജ്ജനം ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. പൊതുനിരത്തുകളിൽ മാലിന്യം നിക്ഷേപിക്കുന്ന തുമൂലമുണ്ടാവുന്ന വിപത്തുകളെക്കുറിച്ച് പൊതു

			ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. **ചാവക്കാട് നഗരസഭ** മാലിന്യത്തിൻറെ അളവ് കുറക്കുന്നതിനായി ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ (ബയോഗ്യാസ് പ്ലാൻറ്, ബയോഡൈജസ്റ്റർ തുടങ്ങിയവ) നഗരസഭ നടപ്പിലാക്കി വരുന്നു. ഇതുമൂലം മാലിന്യത്തിന്റെ അളവിൽ വലിയ കുറവ് വരുന്നുണ്ട്. മാലിന്യം ഉൽപാദിപ്പിക്കുന്നവർക്ക് തന്നെയാണ് അവ സംസ്കരിക്കുന്നതിന്റെ പ്രാഥമികമായ ഉത്തരവാദിത്വം എന്നുള്ള സർക്കാർ നയം അനുസരിച്ചാണ് നഗരസഭ ചവർ വീപ്പകൾ സ്ഥാപിക്കാത്തത്. മാലിന്യങ്ങൾ പൊതുയിടങ്ങളിൽ വലിച്ചെറിയുന്നത് തടയുന്നതിനായി നഗരസഭ നിരീക്ഷണ ക്യാമറകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് അവബോധം നൽകുകയും ചെയ്തതിനാൽ പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവർത്തി ഗണ്യമായ രീതിയിൽ കുറവ് വന്നിട്ടുള്ളതാണ്. മാലിന്യം വലിച്ചെറിയുന്നവരെ നിരീക്ഷണ ക്യാമറയുടെ സഹായത്താൽ കണ്ടെത്തുകയും അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വെർമി കമ്പോസ്റ്റിംഗ് മുഖേനെ മാലിന്യങ്ങൾ വളമാക്കി മാറ്റുന്നതുമൂലം സംസ്കരണകേന്ദ്രത്തിൽ കുന്നുകൂടി കിടക്കുന്ന മാലിന്യത്തിന്റെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതാണ്. **കാസർഗോഡ് നഗരസഭ** 1) അജൈവമാലിന്യ ശേഖരണത്തിന് 30 അംഗ ഹരിത കർമ്മസേന രൂപീകരിച്ച് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. 2) ശേഖരിക്കപ്പെടുന്ന അജൈവമാലിന്യം തരം തിരിക്കുന്നതിന്

			എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ നിർമ്മിച്ചു. 3) എം.സി.എഫ്-ലെ മാലിന്യം പുനഃചംക്രമണം നടത്തുന്നതിന് അംഗീകൃത ഏജൻസിയുമായി കരാറിലേർപ്പെടട് പ്രവർത്തനം നടത്തുന്നു. 4) വാർഡ്തലത്തി ൽ മിനി എം.സി.എഫ്-കൾ സ്ഥാപിക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 5) ജൈവമാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് ഗാർഹിക മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ വിതരണം ചെയ്തു. 6) വ്യാപാര സ്ഥാപനങ്ങളി ൽ സ്വന്തം ഉത്തരവാദിത്വത്തിലുള്ള മാലിന്യ സംസ്ക്കരണം നിർബന്ധമാക്കി. 7) വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം ആരംഭിച്ചു. പൊതു സ്ഥലങ്ങളി ൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചു. പിഴ ഈടാക്കി. നൈറ്റ് സ്കാഡും എൻഫോഴ്സ്മെന്റ് സ്കാഡും രൂപീകരിച്ച് പ്രവർത്തിക്കുന്നു. **<u>അടൂർ നഗരസഭ</u>** അടൂർ നഗരസഭാ പരിധിയി ൽ ഉ ൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം പരിസ്ഥിതി സുരക്ഷാ മാർഗ്ഗത്തിർ നിർമ്മാർജ്ജനം ചെയ്യത്തക്കരീതിയിലുള്ള പ ദ്ധതികൾ നഗരസഭ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. നഗരസഭയുടെ മാലിന്യ സംസ്ക്കരണ പ്ലാന്റ് 2-ാം വാർഡ് കൈമലപ്പാറയിർ വിൻഡ്രോ കമ്പോസ്റ്റിംഗ് രീതി അവലംബിച്ച് പ്രവർത്തിച്ചു വരുന്നു. നിലവി ൽ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനോട് ചേർന്ന് കൂടുതർ സ്ഥലം മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് ഏറ്റെടുക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവി ൽ നഗരസഭയി ൽ പ്രതിദിനം ഉ ൽപ്പാദിപ്പിക്കപ്പെടുന്ന 8.47 ടൺ ജൈവമാലിന്യത്തിർ 5.16 ടൺ ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് നഗരസഭയിർ ഏർപ്പെടുത്തിയിരിക്കുന്ന മാലിന്യ

			സംസ്ക്കരണ പ്ലാന്റ്, തുമ്പൂർമൂഴി പദ്ധതികൾ വീടുകൾ തോറും നർകിയ ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ മുഖാന്തിരം സാധിക്കുന്നു. നഗരസഭാ മാലിന്യ സംസ്ക്കരണ പ്ലാന്റിന് പി.സി.ബി.യിർ നിന്നും അനുമതി ലഭിക്കുന്നതിലേയ്ക്ക് അപേക്ഷ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നഗരസഭ മാലിന്യ സംസ്ക്കരണ പ്ലാന്റ്, തുമ്പൂർമൂഴി എന്നിവിടങ്ങളിർ ലോഗ് ബുക്ക് സൂക്ഷിച്ചു വരുന്നു. നഗരസഭാ മാലിന്യ സംസ്ക്കരണ പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിലാണ് പ്രവർത്തിക്കുന്നത്. മാലിന്യങ്ങൾ ഒഴുകിയുള്ള പ്രശ്നങ്ങൾ ഇല്ലാത്തതാണ്. നഗരസഭ ശുചീകരണ തൊഴിലാളികൾക്ക് കയ്യുറകൾ, ബൂട്ടുകൾ, മാസ്ക്കുകൾ തുടങ്ങിയ പി.പി.ഇ. സാമഗ്രികൾ നഗരസഭ വിതരണം ചെയ്യുന്നു ണ്ട്. നഗരസഭ ശുചീകരണ തൊഴിലാളികൾക്ക് മെഡിക്കർ ക്യാമ്പ് നഗരസഭ സംഘടിപ്പിച്ചു വരുന്നു. ഉറവിടത്തി ൽ വേർതിരിക്കുന്ന ജൈവമാലിന്യങ്ങൾ നഗരസഭാ വാഹനത്തിർ മാലിന്യ സംസ്ക്കരണ പ്ലാ ന്റിൽ എത്തിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയി ൽ ജൈവവളമാക്കുന്ന പദ്ധതിയാണ് നഗരസഭ നടപ്പിലാക്കി വരുന്നത്. നഗരത്തിലെ വ്യാപാര സ്ഥാപനങ്ങളി ൽ ജൈവമാലിന്യങ്ങൾ ഉറവിടത്തി ൽ വേർതിരിച്ച് സംസ്ക്കരിക്കുന്നുവെന്ന് നഗരസഭ ഉറപ്പു വരുത്തുന്നു. വീടുകളിലുള്ള ജൈവമാലിന്യങ്ങൾ ഉറവിടമാലിന്യ സംസ്ക്കരണ ഉപാധികളായ ബയോ ഡൈജസ്റ്റർ പോട്ട്, ബയോ ബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് മുഖാന്തിരം വീടുകളി ൽ തന്നെ

			സംസ്ക്കരിക്കുന്നതിന് നഗരസഭ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ നഗരത്തിലെ 28 വാർഡുകളിലും ഹരിതകർമ്മസേന ശേഖരിച്ചു വരുന്നു. പ്ലാസ്റ്റിക് ക്ലീൻ കേരളാ കമ്പനിയ്ക്ക് കൈമാറുന്നു. നഗരത്തിൽ ഒരിടത്തും മാലിന്യ ശേഖരണത്തിന് വീപ്പകൾ സ്ഥാപിച്ചിട്ടില്ലാത്തതാണ്. ദിവസേന തെരുവുകൾ തൂത്തു വൃത്തിയാക്കുകയും മൂടിയുള്ള വാഹനത്തിൽ ഉറവിടത്തിൽ വേർതിരിച്ച ജൈവമാലിന്യങ്ങൾ നഗരസഭാ മാലിന്യസംസ്ക്കരണ പ്ലാന്റിൽ എത്തിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനത്തിൽ സംസ്ക്കരിച്ചു വരുന്നു. **തിരൂർ നഗരസഭ** മുനിസിപ്പാലിറ്റിയിൽ ഉത്പാദിപ്പിക്കുന്ന ഖരമാലിന്യത്തിന്റെ കൃത്യമായ അളവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് വെയിംഗ് മെഷീൻ സ്ഥാപിച്ചു. **അങ്കമാലി നഗരസഭ** അങ്കമാലി നഗരസഭാപരിധിയിൽ ദിനംപ്രതി ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം ഏകദേശം 10.6 ടണ്ണാണ്. നഗരസഭാ പ്രദേശത്ത് ജൈവ മാലിന്യം സംസ്കരിക്കുന്നതിനായി ഡമ്പിംഗ് യാർഡും മറ്റ് പ്ലാൻറുകളും നഗരസഭയുടെ അധീനതയിൽ ഇല്ലാത്തതിനാൽ വ്യാപാര സ്ഥാപനങ്ങൾ, വീടുകൾ, മാർക്കറ്റ് തുടങ്ങിയ സ്ഥലങ്ങളിലെ ജൈവമാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്നതിന് 90 ശതമാനം സ്ഥലങ്ങളിലും ഉറവിട

			മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി 7900 ത്തോളം വീടുകളിലും സ്ഥാപനങ്ങളിലും ഇതിനകം ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതാണ്. നഗരസഭാ പ്രദേശത്തെ മുഴുവൻ സ്ഥലങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മസേനയെ നിയോഗിച്ചിട്ടുള്ളതും, ആയത് ശാസ്ത്രീയമായി കൈയ്യൊഴിയുന്നതിലേക്ക് എം.സി.എഫ്/ആർ.ആർ.എഫ് സെൻറുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. അജൈവ മാലിന്യ സംസ്കരണം തൃപ്തികരമായി നടന്നുവരുന്നു. **<u>മലപ്പുറം നഗരസഭ</u>** പരിസ്ഥിതിക്കും, പൊതുജനാരോഗ്യത്തിനും ദോഷം ഇല്ലാത്ത രൂപത്തിലാണ് മലപ്പുറം നഗരസഭയില് ർ മാലിന്യം സംസ്കരിക്കുന്നത്.
13	**3.1.18**	**<u>ശുപാർശകൾ</u>** ● യു.എൽ.ബികൾ ഖരമാലിന്യ കൈകാര്യം ചെയ്യുന്നതിനുള്ള നിലവിലുള്ള ശേഷി തിട്ടപ്പെടുത്തേണ്ടതും, സുരക്ഷിതമായ	1. ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളും അനുബന്ധ പ്രവർത്തികളും മെച്ചപ്പെടുത്തുന്നതിനും പൊതുജനാരോഗ്യത്തിനും പരിസ്ഥിതിക്കും കോട്ടം വരാത്ത തരത്തിലുള്ള പ്രവർത്തനം നടത്തുന്നതിനും നഗരസഭ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ മാനദണ്ഡപ്രകാരം മാലിന്യത്തിന്റെ അളവ് കണക്കുകൂട്ടി വീടുകളിൽ സൗജന്യമായി ബോയോബിൻ നൽകുകയും അജൈവമാലിന്യം ഹരിത കർമ്മസേന സംഭരിച്ച് ക്ലീൻ

		നിർമ്മാർജ്ജനത്തിന് അധിക ശേഷിയുള്ള മാലിന്യ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ● ഉചിതമല്ലാത്ത മാലിന്യ നിർമ്മാർജ്ജനം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന ദോഷഫലങ്ങൾ പഠിക്കുന്നതിനായി യുഎൽബികളും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും മാലിന്യം സംബന്ധിച്ച മലിനീകരണ ആഘാത മേൽ നിരീക്ഷണം ക്രമാനുഗതമായി നടത്തേണ്ടതാണ്. കമ്പോസ്റ്റ് പ്ലാന്റുകൾ, ഇൻസിനറേറ്റർ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പതിവായി മേൽനിരീക്ഷണം	കേരള കമ്പനിയ്ക്ക് നൽകിവരുന്നു. 2. കാര്യക്ഷമമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടി നഗരസഭകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണം തേടിയിട്ടുള്ളതും ബോർഡ് നഗരസഭയുടെ പ്ലാന്റ് സന്ദർശിക്കുകയും അവർ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ വിവിധ നഗരസഭകൾ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. 3. ഉറവിടമാലിന്യ സംസ്കരണം എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനായി

		നടത്തേണ്ടതാണ്. ● ഉത് പ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം പതിവായി ശേഖരിക്കുവാനും പൂർണ്ണമായി സംസ്കരിക്കുവാനും യുഎൽബികൾ കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതാണ്. കോഴിക്കോട്ടും, തൃശ്ശൂരും യുഎൽബികൾ കൂടുതൽ ശ്രമങ്ങൾ നടത്തേണ്ടതാണ്. കോഴിക്കോട്ടും , തൃശ്ശൂരും യുഎൽബികൾ ചെയ്യുന പോലെ കുടുംബശ്രീ പ്രവർത്തകരുടെ സേവനങ്ങൾ യുഎൽബികൾക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ● റസിഡന്റ് അസോസിയേഷനുകളും സർക്കാർ ഇതര സംഘടനകളുമായി പ്രചരണവും	നഗരസഭകളിൽ ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നു. കൂടാതെ കുടുംബശ്രീ പ്രവർത്തകരുടെ സേവനവും ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. 4. റസിഡൻസ് അസ്സോസ്സിയേഷൻ, സർക്കാർ ഇതര സ്ഥാപനങ്ങൾ തുടങ്ങിയവർ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ഉചിത സന്ദേശം ആലേഖനം ചെയ്ത ചുമർചിത്രങ്ങൾ, നോട്ടീസ് എന്നിവ മുഖേന ബോധവൽക്കരണ

		• ബോധവൽക്കരണപരിപാടികളും മുഖാന്തരം തരംതിരിക്കലിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. • പരിസ്ഥിതി മലിനീകരണ എതിരെ യുഎൽബികൾ നിക്ഷേപ സ്ഥാപനങ്ങൾ നിശ്ചിത ഇടവേളകളിൽ മേൽനിരീക്ഷണം നടത്തണം എന്നത് നിർബന്ധമാക്കണം. • മുൻഗണനാടിസ്ഥാനത്തിൽ ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുവാൻ ഭൂമി കണ്ടെത്തുകയും ഓരോ യുഎൽബിയും ഒരു സമയബന്ധിതപരിപാടിയായി ലാൻഡ് ഫില്ലുകൾ വികസിപ്പിക്കേണ്ടതുമാണ്. • മാലിന്യ പരിപാലന പദ്ധതികൾക്കെതിരെയുള്ള പ്രാദേശിക തർക്കങ്ങളും പൊതുജന പ്രതിഷേധങ്ങളും	പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 5. പരസ്യ നിക്ഷേപ സ്ഥാപനങ്ങളിൽ തടയുന്നതിനായി വിവിധ ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും ഇതുമൂലം പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപം വലിയ തോതിൽ കുറവ് അനുഭവപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതരെ ശിക്ഷാ നടപടികൾ, പിഴ എന്നിവ സ്വീകരിച്ചു വരുന്നു. നൈറ്റ് സ്ക്വാഡ്, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ പ്രവർത്തിച്ചുവരുന്നു.

		പരിഹരിക്കുന്നതിനും ● തദ്ദേശവാസികളുടെ ആരോഗ്യവും ചുറ്റുപാടുകളും സംരക്ഷിക്കുന്നതിനും മുനിസിപ്പൽ കൗൺസിലുകൾ പ്രത്യേക താൽപ്പര്യം എടുക്കേണ്ടതാണ്. ● യുഎൽബികൾ മാലിന്യ നിർമ്മാർജ്ജനത്തെക്കാളുപരി മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, പുനചംക്രമണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണൺ മാലിന്യം കുറയ്ക്കുന്നതിനായി താഴ്ന്ന തലത്തിൽ ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ് . ഖരമാലിന്യ പരിപാലന പദ്ധതികളുടെ ഭാഗമായി	6. നഗരസഭകളിൽ ലാൻഡ് ഫില്ലിംങ്ങ് ചെയ്യുവരുന്നില്ല. 7.മാലിന്യ പരിപാലന പദ്ധതികൾക്കെതിരെയുള്ള പ്രാദേശിക തർക്കങ്ങൾ പരിഹരിക്കാൻ മുനിസിപ്പൽ കൗൺസിലുകൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

		പുനചംക്രമണ യൂണിറ്റുകൾ ഉൾപ്പെടുത്തുന്നതിന്റെ പ്രോയോഗികതയും പരിഗണിക്കാവുന്നതാണ്	8.സ്വച്ഛ് ഭാരത് മിഷൻ നഗരസഭയ്ക്ക് അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനായുള്ള ഉപകരണങ്ങൾ (ബയോഡൈജസ്റ്റർ , ബയോഗ്യാസ്) വിതരണം ചെയ്യുവരുന്നു.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250